
2019 JUNE \ VOL 18 \ ISSUE 6 \ PAGE 48 \ PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



# ആരാണ് തീവ്രവാദി ?

A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

Image courtesy: mariellajees.blogspot.com



# മറിയം ത്രേസ്യ

(1876–1926), ഫീസ്റ്റ് – ജൂൺ 8

കുടുംബങ്ങൾക്കിടയിൽ പ്രേഷിത പ്രവർത്തനം ചെയ്യുന്ന ഹോളി ഫാമിലി കോൺഗ്രിഗേഷൻ സ്ഥാപകയാണ് തൃശൂരിൽ നിന്നുള്ള മറിയം ത്രേസ്യ. മറിയം ത്ര്യേസ്യയുടെ പേരിലുള്ള അത്ഭുത പ്രവർത്തനം ഫ്രാൻസിസ് മാർപാപ്പ 2019–ൽ അംഗീകരിച്ചു. ആയതിനാൽ ഈ വർഷം തന്നെ മറിയം ത്രേസ്യയെ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തുവാനുള്ള നടപടികൾ നടത്തിവരുന്നു.

വസൂരിരോഗം ബാധിച്ച സാധാരണ ജനങ്ങളുടെ കുടുംബങ്ങളിൽ കയറിച്ചെന്ന് സ്നേഹത്തോടെ ശുശ്രൂഷചെയ്താണ് അവൾ ജീവിതം ചെലവഴിച്ചത്. അസുഖത്താൽ മരണക്കിടക്കയിലായ മറിയം ത്രേസ്യയുടെ അവസാന ആഗ്രഹം കട്ടിലിൽ നിന്നും നിലത്ത് പായയിൽ കിടത്തണമെന്നായിരുന്നു. അങ്ങനെ അവസാന നിമിഷംവരെ സ്വാർഥ സുഖങ്ങളെല്ലാം ത്യജിച്ച് ക്രൂശിതനായ മണവാളനോട് ഒട്ടിച്ചേർന്ന് നിന്നു. അപ്പന്റെ മദ്യപാനവും അമ്മയുടെ ചെറുപ്പത്തിലുള്ള വേർപാടും സഹോദരന്റെ ഭാര്യയിൽ നിന്നുള്ള തിക്താനുഭവങ്ങളും സങ്കുചിതമായ സാമൂഹിക വ്യവസ്ഥകളും സഹനത്തിന്റെ കൂട്ടാളിയാകുവാൻ മറിയം ത്രേസ്യയെ സഹായിച്ചു.

സ്വന്തം കുടുംബത്തിൽ നിന്നും ഒത്തിരി നൊമ്പരങ്ങൾ ലഭിച്ച മറിയം ത്രേസ്യ പിൽക്കാലത്ത് നൊമ്പരത്തിലാഴ്ന്ന ഒത്തിരി കുടുംബങ്ങൾക്ക് സാന്ത്വനമായി മാറി. അതിനായി സഹന നിമിഷങ്ങളിലൂടെ ദിവ്യമണവാളൻ അവളെ പാകപ്പെടുത്തിയെടുത്തു. തിരുക്കുടുംബത്തിന്റെ ദർശനങ്ങൾ അവളുടെ പ്രവർത്തനങ്ങൾക്ക് കരുത്തേകി. മാതാപിതാക്കളുടെ അസുഖത്താൽ അനാഥരായി തീർന്ന അനേകം കുഞ്ഞുങ്ങളെ മറിയം ത്രേസ്യയുടെ സന്യാസ സഭാംഗങ്ങൾ അവരുടെ കടുത്ത ദാരിദ്ര്യത്തിലും ഏറ്റെടുത്തു വളർത്തിയിരുന്നു. തൃശൂർ ജില്ലയിലും കേരളത്തിലും കുടുംബങ്ങളുടെ മധ്യസ്ഥയായി മറിയം ത്രേസ്യ ഇന്നും അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നു. മറിയം ത്രേസ്യയുടെ സന്യാസ സഭ നടത്തുന്ന കുഴിക്കാട്ടുശ്ശേരിയിലെ മറിയം ത്രേസ്യയുടെ നാമധേയത്തിലുള്ള ആശുപത്രി മക്കളില്ലാത്ത അനേകം ദമ്പതികൾക്ക് പ്രത്യാശയുടെ പുതു ജീവൻ നല്കുന്ന ആശാ കേന്ദ്രമായി ഇന്ന് നിലനിൽക്കുന്നു.

### മറിയ ത്രേസ്യയുടെ മൊഴികൾ:

*"നമ്മുടെ ശക്തിക്കതീതമായ സഹനങ്ങൾ ഏറ്റെടുക്കാൻ ദൈവം ആവശ്യപ്പെടുമെന്ന് ഞാൻ തീർച്ചയായും വിശ്വസിക്കുന്നില്ല."*

*"ദൈവത്തിന്റെ സജീവ സാന്നിധ്യത്തിലാണ് നിങ്ങളെന്ന ബോധ്യം നിങ്ങൾക്കുണ്ടായിരിക്കണം."*


*"എല്ലാ ബുദ്ധിമുട്ടുകളും മുറുമുറുപ്പുകൂടാതെ ക്ഷമയോടെ സഹിക്കുവിൻ."*

### 2019 ജൂൺ മാസത്തെ ഫ്രാൻസീസ് പാപ്പയുടെ നിയോഗം


വൈദികർ, തങ്ങളുടെ എളിമയും ലാളിത്യവുമുള്ള ജീവിതംവഴി ഏറ്റവും ദരിദ്രരായവരുമായുള്ള ഐക്യത്തിന് സജീവമായി തങ്ങളെ ത്തന്നെ സമർപ്പിക്കുക.



*തയ്യാറാക്കിയത്: അനിഷ വി.ജെ*




അഡ്വ. കെ.ജെ. ജോൺസൻ



# കിസ്തു ജീവിക്കുന്നു

"ചേട്ടാ വീടിന്റെ വാർക്കപ്പണിക്ക് പുതിയ ഒരാളെ കിട്ടി. മൂന്ന് ആഴ്ചയായി മുടങ്ങി കിടക്കുന്ന വീടിന്റെ പണി നാളെ പുനരാരംഭിക്കും. ഈശോ ജീവിച്ചിരിക്കുന്നുവെന്ന് ഒരിക്കൽ കൂടി എനിക്കു ബോധ്യമായി ചേട്ടാ." ജീവിതത്തിന്റെ പല പ്രതിസന്ധികളിലും ഇരിങ്ങാലക്കുടക്കാരൻ ബിനോയ് ആവർത്തിക്കുന്ന ഒന്നാണ് 'ഈശോ ജീവിച്ചിരിക്കുന്നു' എന്നത്. 3 ജോഡി ഡ്രസ്സുമായി നടന്നപ്പോഴും, കഠിനമായ ചൂടിൽ ഇലക്ട്രിസിറ്റി മീറ്റർ റീഡിംഗിനു പോയതിനു ശേഷംസമയം യുവജന പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും, വളരെക്കാലത്തെ സ്വപ്നമായ വീടിന്റെ പണികൾ പലപ്പോഴും നിലച്ചു പോകുമ്പോഴും, കിട്ടുന്ന വരുമാനത്തിൽ നിന്ന് ഒരു വിഹിതം കൂട്ടുകാരെ സഹായിക്കാൻ മാറ്റി വയ്ക്കുമ്പോഴും, ഏൽപിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങൾ കൃത്യതയോടെ ചെയ്തു തീർക്കുമ്പോഴും, വിവാഹ ജീവിതത്തിനു ഒരുങ്ങുമ്പോഴും ബിനോയ് പലപ്പോഴും ഉരുവിടുന്ന ഒന്നാണിത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഉത്ഥിതനായ ക്രിസ്തുവിന്റെ സമാധാനം അനുഭവിക്കാൻ ബിനോയ് ശ്രമിക്കുന്നത് ഞാൻ കാണുന്നതാണ്.




യുവജന സിനഡാനന്തരം ഫ്രാൻസിസ് പാപ്പ പുറത്തിറക്കിയ പുതിയ അപ്പസ്തോലിക പ്രബോധനം Christus Vivit (കിസ്തുജീവിതം) കണ്ടപ്പോൾ ബിനോയിയെയാണ് ഞാൻ ഓർത്തത്. സജീവനായ ക്രിസ്തു നിങ്ങളോടുകൂടെ ഉണ്ടെന്നും, അവിടന്നു നിങ്ങളെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നും മാർപാപ്പ യുവജനങ്ങളെ ഓർമിപ്പിക്കുന്നു. "നിങ്ങളുടെ സ്വപ്നങ്ങളും ഊർജസ്വലതയും പ്രതീക്ഷകളും ഉദാര മനസ്സും നശിച്ചുവെന്ന് നിങ്ങൾക്കു തോന്നിയാലും, നിങ്ങളുടെ അടുത്തു നിൽക്കുന്ന ഉത്ഥിതനായ ക്രിസ്തു നിങ്ങളോടു പറയും: യുവാവേ ഞാൻ നിന്നോടു പറയുന്നു, എഴുന്നേൽക്കുക" (ലൂക്കാ 7:14, CV:20). മാർപാപ്പ ആവർത്തിക്കുന്നു: "യുവാവായ ക്രിസ്തു നിങ്ങളെ പഠിപ്പിക്കുന്നില്ല, മറിച്ച് അവിടത്തെ യൗവനം നിങ്ങളുമായി പങ്കിടുകയാണ് ചെയ്യുന്നത്. നിങ്ങളിൽ ഒരാളായി നിൽക്കുകയും, നിങ്ങളുടെ ഹൃദയത്തിന്റെ വിവിധ ഭാവങ്ങളിൽ സംവദിക്കുകയും ചെയ്യുന്ന ക്രിസ്തുവിനെ സുവിശേഷം ധ്യാനിക്കുമ്പോൾ നിങ്ങൾക്കു കണ്ടുമുട്ടാനാകും" (CV:2:31).

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ; അവിടന്ന് നിങ്ങളോടും ചേർന്നു നിൽക്കും" (യാക്കോ 4:8).

എഡിറ്റർ-ഇൻ-ചീഫ്

കെയ്റോസ്

Kairos | June 2019 | Vol 18 | Issue 6

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

Patrons
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

Spiritual Director
Rev. Fr. Joseph Ezhumayil *(KJYC Animator)*

Printer and Publisher
RejiJ. Karot 9447394142

Executive Director
Ginees Francis 9562379515 *(KJYC Coordinator)*

Editor-in-Chief
Adv. K.J. Johnson 9447245745

Executive Editor
Sajan C.A 9895711718 (kairosmag@kairos.global)

Associate Editor
Sunny Kokkappillil 9446890744

Editorial Board
Dr.Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891

Circulation Manager
Aldrin Joseph +91 6238279115 circulations@kairos.global

Associate Circulation Managers
*Australia:* Mintu Vijoy, Melbourne +61 452538785
*Bahrain:* Roshan George, Manama + 973 36906995
*Cambodia:* Sophearong Ravy, Phnom Penh +855 964265472
*Canada:* Joby Joseph, Ontario +12899 686 074
*Germany:* Anna Paul, Berlin +49 176 83495451
*India:* Aldrin Joseph, Cochin +916238279115
Jackulin Sheela, Mumbai +91 9967329244
*Ireland:* Suresh V Joy, Dublin. +35 3879630904
*Israel:* Jaison K Thattil, Tel Aviv +972 559425308
*Kuwait:* Anish Thomas Kappil, Salmiya +965 90063685
*Malaysia:* Deepu James, KL Sentral +60 12649 4628
*Netherlands:* Jojo Varghese, Utrecht +31 684974552
*New Zealand:* Derick Daniel, Auckland +64 291270650
*Oman:* Jiju Paul, Muscat +968 99467516
*Papua New Guniea:* Abin Michael, Port Moresby +675 74794368
*Qatar:* Jomichan P George, Doha + 974 33688437
*Singapore:* Jilu Nobin, Sengkang +65 93294529
*Switzerland:* Joseph C Robert, Zurich +41 762499295
*Thailand:* Mary Harris, Bangkok +66 843138626
*UAE:* Thomas Komban, Dubai + 971 553009006
*Uganda:* Dominic Mathew, Kampala +256 757207200
*UK:* Mathachan Madukkakuzhy Stoke on Trent + 44 7969365686
*USA:* Denny Joseph, Houston +1 8326403106

Finance Manager
Rani George +91 9446563335 finance@kairos.global

Office
Smitha Jose: smitha.jose@kairos.global
John George +91 9497285562 john.george@kairos.global

Design
Shaji Joseph Arakkal +91 9895405631 arakkalshaji@gmail.com

Mailing Address
*INDIA*
Kairos Media, 8/174, Navodaya Studio Complex, Thengode P.O,
Kochi 682030, Kerala, India.
infoin@kairos.global +91 484 2984327

*USA*
Kairos International Inc., 3010 Mason Grove Ln
Pearland, TX 77584 USA
info@kairos.global +1 832 592 3675

www.kairos.global
Facebook.com/Readkairos

# താളുകളിൽ



## ആരാണ് തീവ്രവാദി ?

16 കവർ സ്റ്റോറി
ഫാ. അഭിലാഷ് പതിപ്പള്ളിൽ സി.എം.ഐ
& എൽസീന ജോസഫ്



## നീ വിശ്വസ്തനാണോ?

14 യൂത്ത്ക്ലാസ്സ്
നിഖിൽ തച്ചുപറമ്പിൽ CMI

കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

PRINT | APP | ONLINE (ENG) | ONLINE (MAL)

# മറുപടീസ്



## ഒരു യമണ്ടൻ കുടുംബകഥ

29 ഫാമിലി കഫേ

സാജൻ സി.എ

ഓരോ ലക്കവും നന്നാകുന്നുണ്ട്. ലേഖനങ്ങളോരോന്നും ഹൃദയത്തെ സ്പർശിക്കുന്ന തരത്തിലുള്ളതാണ്. മാസികയിലെ മൈസ്റ്റോറി വിഭാഗത്തിൽ അനുഭവങ്ങൾ പങ്കുവയ്ക്കുന്നത് ഏറെ ഹൃദ്യമാകുന്നുണ്ട്. ഇത്തരത്തിലുള്ളവ കൂടുതൽ പ്രതീക്ഷിക്കുന്നു. എഡ്വേർഡ് സാറിന്റെ ജീസസ് യൂത്ത് ശൈലികളെക്കുറിച്ചുള്ള ലേഖനവും വളരെ ഉപകാരപ്രദമാകുന്നുണ്ട്. ടീൻസ്, യൂത്ത്, ഫാമിലി, മിഷൻ എന്നിങ്ങനെ തരംതിരിച്ചുള്ള അനുഭവങ്ങളുടെ അവതരണവും വളരെ നന്നായിട്ടുണ്ട്. ഞാൻ വളരെ ആത്മാർഥമായി പറഞ്ഞുകൊള്ളട്ടെ, പ്രാർഥനാ ജീവിതത്തിൽ വ്യക്തിപരമായി ആഴപ്പെടാനും ചില സമയത്തൊക്കെ തീരുമാനങ്ങളെടുക്കുവാനും കെയ്റോസ് മാസിക എന്നെ സഹായിക്കുന്നുണ്ട്.

***ജെയ്സൻ തട്ടിൽ, ഇസ്രയേൽ***

കെയ്റോസ് മാസിക വായിക്കാറുണ്ട്. നന്മയായിട്ടുള്ള ഒത്തിരി കാര്യങ്ങളുടെ നിറകുടമാണ് ഈ മാസിക. ദൈവത്തിന്റെ ഹിതമെന്തെന്നു തിരിച്ചറിയാൻ കെയ്റോസ് സഹായിക്കുന്നു.

ആത്മീയ വളർച്ചയ്ക്കുതകുന്ന കൂടുതൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നു. ആത്മീയ ഉണർവിനായി സഹായിക്കുമെന്നതിനാൽ മാസിക കിട്ടുന്നതിനായി കാത്തിരിക്കുകയാണ്.

***ജോർജീന ജെയിംസ്, പത്തനംതിട്ട***




വ്യത്യസ്തങ്ങളായ കവർ സ്റ്റോറികളുമായി കെയ്റോസ് മാസിക വേറിട്ടുനിൽക്കുന്നു. ഓരോ ലക്കവും ഏറെ പുതുമകൾകൊണ്ട് സമ്പുഷ്ടവുമാണ്. അടുത്ത ലക്കം കവർ സ്റ്റോറി എന്തായിരിക്കുമെന്ന് ഒരു ആകാംഷ എനിക്കെപ്പോഴുമുണ്ട്. ടീൻസ്, യൂത്ത്, ഫാമിലി എന്നിങ്ങനെ പ്രത്യേകം സെക്ഷനുകൾ ഉള്ളതും പ്രയോജനകരമാണ്. പ്രധാന വിഷയത്തെ കേന്ദ്രീകരിച്ചുള്ള കവർ ചിത്രങ്ങൾ ശ്രദ്ധേയവും വേറിട്ടു നിൽക്കുന്നതുമാണ്. അച്ചടിയും വളരെ മികച്ചതും ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ഉള്ളതുമാണ്.

***വിൻസി സന്തോഷ്, ആലപ്പുഴ***

സ്ഥിരം പംക്തികൾ

06 ദൈവത്തിന്റെ മൗനം
ശശി ഇമ്മാനുവൽ

08 എഡ്സ്റ്റിസ്പീക്കിങ്
ഡോ. എഡ്വേർഡ് എടേഴത്ത്


38 മിഷൻ
ഷാർലറ്റ് ആൻസ് ടോം

40 സിനിടോക്സ്
ജോസഫ് അന്ത്രപ്പേർ

41 ബുക്ക്ഷെൽഫ്
അനിതാ ബാബു

42 വാർത്താവിചാരം
സണ്ണി കോക്കാപ്പിള്ളിൽ

ശശി ഇമ്മാനുവൽ



*തിരക്കുപിടിച്ച ഓട്ടങ്ങൾക്കിടയിൽ നമ്മെ അൽപമൊന്ന് ശാന്തമാക്കി ചെറിയൊരു ധ്യാനത്തിലേക്ക് കൈ പിടിച്ചു നടത്തുകയാണ് ഈ പംക്തി. വിദേശത്തെ ഉയർന്ന ജീവിത സൗകര്യങ്ങൾ ഉപക്ഷിച്ച് നാട്ടിൽ ലളിതമായ ജീവിതം നയിക്കുകയാണ് അധ്യാപകനും, പ്രഭാഷകനും, പരന്ന വായനക്കാരനുമായ ലേഖകൻ.* sasiimmanuel@gmail.com

# അത്യുന്നതങ്ങളിൽ നിന്നും അഗ്നിനാളങ്ങളായ് വരണേ!

**പരിശുദ്ധാത്മാവില്ലാത്ത സഭ എത്ര മാത്രം ദുർബലയാണെന്ന തിരിച്ചറിവിൽ അത്യുന്നതങ്ങളിൽ നിന്നുള്ള അഗ്നിനാളത്തിനായി സഭയുടെ വാതിലുകൾ മലർക്കെ തുറന്നിടാൻ ഈ പെന്തക്കുസ്താ തിരുനാൾ നമ്മെ ക്ഷണിക്കുകയാണ്.**

വർഷങ്ങൾക്കു മുമ്പ് കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന്റെ മുഖപത്രമായ ജീവജ്വാലയിൽ വിദേശിയായ ഒരു കത്തോലിക്കാ എഴുത്തുകാരന്റെ ലേഖനമുണ്ടായിരുന്നു (വിവർത്തനം). അതിലെ പ്രസ്താവന വളരെ ചിന്തോദ്ദീപകമായി ഇന്നും ഉള്ളിൽ തെളിഞ്ഞു കിടക്കുന്നുണ്ട്. "ആദിമ ക്രൈസ്തവരുടെ ഇടയിൽ നിന്ന് ദൈവം പരിശുദ്ധാത്മാവിനെ പിൻവലിച്ചിരുന്നെങ്കിൽ അന്ന് അവർ ചെയ്തിരുന്ന 99% കാര്യങ്ങളും നിലച്ചു പോകും; എന്നാൽ, ഇന്ന് സഭയിൽ നിന്ന് പരിശുദ്ധാത്മാവിനെ പിൻവലിച്ചാൽ നാം ചെയ്യുന്ന 99% കാര്യങ്ങളും തുടരും, ഒരു ശതമാനം കാര്യങ്ങൾ നിലച്ചേക്കും"

ഇന്ന് തിരുസഭ സാമൂഹ്യ മാധ്യമങ്ങളിലും, പൊതു സ്ഥലങ്ങളിലും വിമർശിക്കപ്പെടുമ്പോൾ, സഭയെ മറ്റൊരു തട്ടിപ്പു പ്രസ്ഥാനമെന്ന മട്ടിലൊക്കെ 'ബുദ്ധിജീവികൾ' പൊതു സമൂഹത്തിനു മുമ്പിൽ അവതരിപ്പിച്ച് അപഹസിക്കുമ്പോൾ മുകളിലെ ആ നിരീക്ഷണത്തിന്റെ ഒരു പുനർവായന നല്ലതായിരിക്കും. പുറത്തുള്ളതിലേറെ ശത്രുക്കൾ കേവലം അജ്ഞത കൊണ്ടാണെങ്കിൽ പോലും അകത്ത് പെരുകുമ്പോൾ, പരിശുദ്ധാത്മാവില്ലാത്ത സഭ എത്ര മാത്രം ദുർബലയാണെന്ന തിരിച്ചറിവിൽ അത്യുന്നതങ്ങളിൽ നിന്നുള്ള അഗ്നിനാളത്തിനായി സഭയുടെ വാതിലുകൾ മലർക്കെ തുറന്നിടാൻ ഈ പെന്തക്കുസ്താ തിരുനാൾ നമ്മെ ക്ഷണിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ– എന്ന അപരനാമമുള്ള അപ്പസ്തോല പ്രവൃത്തികളുടെ പുസ്തകത്തിൽ ഒരു നിർണായക പ്രതിസന്ധിയിൽ ആദിമസഭ അതിനെ കൈകാര്യം ചെയ്തത് എങ്ങനെയാണെന്ന് നമുക്ക് കാണാൻ കഴിയും. യേശുവിന്റെ നാമത്തിൽ യാതൊന്നും സംസാരിക്കുകയോ പഠിപ്പിക്കു

കയോ ചെയ്യരുതെന്ന കൽപന പുറപ്പെടുവിച്ച് ശിഷ്യപ്രമുഖരായ പത്രോസിനെയും യോഹന്നാനെയും കാരാഗൃഹത്തിലടയ്ക്കുകയും പിന്നീട് താക്കീത് ചെയ്യുകയുമൊക്കെ ചെയ്യുന്ന സന്ദർഭത്തിൽ ആദിമസഭ മാനുഷികമായ പരിഹാരം തിരയാതെ ദൈവസന്നിധിയിൽ മുട്ടുകുത്തി തീക്ഷ്ണമായി പ്രാർഥിക്കുകയാണ്. അവരുടെ പ്രാർഥന ശ്രദ്ധിക്കാം: "അതിനാൽ, കർത്താവേ, അവരുടെ ഭീഷണികളെ അവിടന്നു ശ്രദ്ധിക്കണമെ.

അവിടത്തെ പരിശുദ്ധ ദാസനായ യേശുവിന്റെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടത്തെ കൈകൾ നീട്ടണമേ. അവിടത്തെ വചനം പൂർണ ധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ.

പ്രാർഥന കഴിഞ്ഞപ്പോൾ അവർ സമ്മേളിച്ചിരിക്കുന്ന സ്ഥലം കുലുങ്ങി. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി ദൈവവചനം ധൈര്യപൂർവം പ്രസംഗിച്ചു (അപ്പ 4:29–31). അവർ സമ്മേളിച്ചിരുന്ന ഇടം കുലുങ്ങുമാറ്, പരിശുദ്ധാത്മാവ് ഇറങ്ങി വന്നു. ഭീതിയിൽ സ്ഥൈര്യം നൽകി അവരെ പൂർവാധികം ശക്തരാക്കി മാറ്റി. ധൈര്യപൂർവം അവർ സത്യവചനം ലോകത്തോടു പ്രസംഗിച്ചു. YOU CAT–ൽ 119–ലെ പരിശുദ്ധാത്മാവ് സഭയിൽ എന്തു ചെയ്യുന്നു എന്ന ചോദ്യത്തിനുത്തരമായി പറയുന്നത് "സഭ അവളുടെ സുദീർഘമായ ചരിത്രത്തിൽ പലപ്പോഴും "നല്ല ചൈതന്യങ്ങളാലെല്ലാം പരിത്യജിക്കപ്പെട്ടവളായി" തോന്നിപ്പിച്ചിട്ടുണ്ട്. എന്നാലും മാനുഷിക പരാജയങ്ങളും അപര്യാപ്തതകളുമുണ്ടെങ്കിലും പരിശുദ്ധാത്മാവ് സഭയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു; രണ്ടായിരം വർഷം അവൾ നിലനിന്നു. കനത്ത കൊടുങ്കാറ്റുകളെ അതിജീവിച്ച് കഴിഞ്ഞ രണ്ടായിരം വർഷമായി സകല സൗഭാഗ്യങ്ങളും, നന്മകളും നിറഞ്ഞ് മുടി ചൂടി നിൽക്കുന്ന സഭ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ വി. യൂദാസ് ശ്ലീഹാ അവസാന നാളുകളിൽ കാണപ്പെടാൻ പോകുന്ന പരിശുദ്ധാത്മാവില്ലാത്ത മനുഷ്യന്റെ ലക്ഷണങ്ങൾ പറയുന്നത് ഇപ്രകാരമാണ്: "തങ്ങളുടെ ദുഷ്ടമായ അധമവികാരങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുന്ന പരദൂഷകർ അവസാനനാളുകളിൽ വരും. പരിശുദ്ധാത്മാവില്ലാത്തവരും കേവലം ലൗകികരുമായ ഇവരാണു ഭിന്നിപ്പുണ്ടാക്കുന്നത് (യൂദാ 1:18–19) ദുഷ്ടമായ അധമ വികാരങ്ങൾക്കടിമപ്പെട്ട്, എല്ലാറ്റിനെയുംകുറിച്ച് പരദൂഷണവും പറഞ്ഞ്, അതിലൗകികതയിൽ മുങ്ങി, ഭിന്നിപ്പുകൾ സൃഷ്ടിക്കുന്ന മനുഷ്യർ അവസാന നാളുകളിൽ സഭയ്ക്കകത്തും പുറത്തും പ്രബലപ്പെടുന്നത് കാലത്തിന്റെ സൂചനയാണ്. നാം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ശക്തമായ ഒരു വീണ്ടും പെന്തക്കുസ്താനുഭവത്തിനായി നാം ദാഹിക്കണം.

'ദൈവാത്മാവിനാൽ ജ്വലിക്കപ്പെട്ടവർ' എന്ന കരിസ്മാറ്റിക് നവീകരണത്തിന്റെ ദേശീയ ചെയർമാനായിരുന്ന ശ്രീ. സിറിൾ ജോൺ സാറിന്റെ പുസ്തകത്തിൽ (വിവർത്തനം ശ്രീ. ടി.ദേവപ്രസാദ്) ഒരു സംഭവം വിവരിക്കുന്നുണ്ട്.

"1900 ഒക്ടോബറിൽ കാൻസാസിലെ ടൊപ്പെക്കയിൽ ഒരു ബൈബിൾ കോളേജിന്റെ ഉദ്ഘാടനത്തിനു മുന്നോടിയായി യുവമെത്തഡിസ്റ്റ് പാസ്റ്ററായിരുന്ന ചാൾസ് ഫാർഹവും ഏതാനും യുവാക്കളും ഒന്നിച്ചിരുന്ന് പ്രാർഥിക്കുകയായിരുന്നു. ആദിമ ക്രൈസ്തവ സമൂഹങ്ങളുടെ ആത്മാഭിഷേകത്തേയും അപ്പസ്തോലിക തീക്ഷ്ണതയേയും കുറിച്ചായിരുന്നു അവർ ധ്യാനിച്ചിരുന്നത്. അത് പരിശുദ്ധാത്മാവിന്റെ ശക്തിയും ഫലവുമാണെന്ന് അവർ കണ്ടു. 1901–ന്റെ നവവത്സരദിന തലേന്ന് അവർ ഒരു പുത്തൻ അഭിഷേകത്തിനുവേണ്ടി തീക്ഷ്ണമായി പ്രാർഥിച്ചു. പിറ്റേന്ന് ജനുവരി ഒന്നിനും പ്രാർഥന തുടർന്നു. ബെഥേൽ ബൈബിൾ കോളേജിലായിരുന്നു പ്രാർഥന, പ്രാർഥനക്കിടയിൽ ഒരു വിദ്യാർഥിനി എഴുന്നേറ്റു.

പ്രാർഥനക്കിടയിൽ ഒരു വിദ്യാർഥിനി എഴുന്നേറ്റു. ആഗ്നസ് ഒസാനം എന്നായിരുന്നു അവളുടെ പേര്. അവൾ പാസ്റ്റർ ചാൾസിന്റെ മുന്നിൽ ശിരസ്സു നമിച്ചു നിന്നു. അപ്പസ്തോലിക സഭയിലേതു പോലെ തനിക്കും പരിശുദ്ധാത്മാവിന്റെ പുത്തൻ അഭിഷേകമുണ്ടാകുവാൻ പുതിയ നിയമത്തിൽ കാണുന്നതുപോലെ തന്റെ ശിരസ്സിൽ കൈകൾ വച്ചു പ്രാർഥിക്കുവാൻ അവൾ അഭ്യർത്ഥിച്ചു.

ആഗ്നസ് ഒസാനം എന്നായിരുന്നു അവളുടെ പേര്. അവൾ പാസ്റ്റർ ചാൾസിന്റെ മുന്നിൽ ശിരസ്സു നമിച്ചു നിന്നു. അപ്പസ്തോലിക സഭയിലേതു പോലെ തനിക്കും പരിശുദ്ധാത്മാവിന്റെ പുത്തൻ അഭിഷേകമുണ്ടാകുവാൻ പുതിയ നിയമത്തിൽ കാണുന്നതുപോലെ തന്റെ ശിരസ്സിൽ കൈകൾ വച്ചു പ്രാർഥിക്കുവാൻ അവൾ അഭ്യർത്ഥിച്ചു. ഫാർഹം അവൾക്കായി പ്രാർഥിച്ചു.

അന്നത്തെ അനുഭവം വിവരിച്ചുകൊണ്ട് അവൾ പറഞ്ഞതിങ്ങനെയാണ്: എന്റെ സത്തയുടെ ആഴത്തിൽ നിന്നും ജീവജലം പ്രവഹിക്കുന്നതായി ഞാൻ അനുഭവിച്ചു. ആത്മാവിൽ സ്നാനപ്പെട്ട അവൾ തീക്ഷ്ണമായി സ്തുതിക്കാനും ഭാഷാവരത്തിൽ പ്രാർഥിക്കാനും തുടങ്ങി. ഏതാനും ദിവസങ്ങൾക്കുള്ളിൽ ബൈബിൾ കോളേജിലെ മറ്റു ചിലർക്കും ഈ അനുഭവം ലഭിച്ചു. ഈ പ്രതിഭാസം സഭാ ചരിത്രത്തിലെ അനിഷേധ്യ യാഥാർഥ്യമായി രേഖപ്പെടുത്തപ്പെട്ടു. ആഗ്നസ് ഒസാനം എന്ന പെൺകുട്ടിയിൽ നിറഞ്ഞു നിന്ന ആത്മാവിനുള്ള ദാഹം ഇന്ന് നമുക്കില്ലാതെ പോയതാണ് ദുരന്തം. മുരടിച്ചും, മരവിച്ചും നമ്മളും നമ്മുടെ കൂട്ടായ്മകളും മാറുകയും, കേവലം ലൗകികരായ മനുഷ്യരേക്കാൾ അധികാരത്തിന്റെയും അഹങ്കാരത്തിന്റെയും മനുഷ്യരായി നമ്മൾ തരം താഴുകയും ചെയ്തിട്ടുണ്ടെങ്കിൽ നമ്മൾ മട്ടുപ്പാവിലേയ്ക്കു കയറണം. മറിയത്തോടൊപ്പം, നമ്മുടെ അപ്പസ്തോലരോടൊപ്പം നിശ്ശബ്ദമായി ദൈവാത്മാവിനായി ദാഹിക്കണം. നമ്മൾ ഒരുപാട് ആലപിച്ചിരുന്ന ആ പഴയ ഗാനം ഓർക്കുന്നത് നല്ലതാണ്.

*"ദൈവാത്മാവാൽ അഭിഷേചിതരാം*
*കർത്താവിൽ ജനമല്ലോ നാം,*

*സകലയിടത്തും സാക്ഷ്യം നൽകാൻ*
*നിയുക്തരായവരല്ലോ നാം.*

*പ്രാർഥനയിൽ പുലരാം അഖിലം*
*പങ്കുവച്ചീടാം,*

*സ്നേഹത്തിൻ വചനം നമ്മുടെ*
*പ്രമാണമാക്കീടാം.*

ഇതായിരുന്നു നമ്മൾ, ഇനിയും ആഴത്തിലേയ്ക്ക് നാം നീങ്ങേണ്ടിയിരിക്കുന്നു. പെന്തക്കുസ്താ ദിനാശംസകൾ!✦

ഡോ. എഡ്വേർഡ് എടേഴത്ത്



*ജീസസ് യൂത്തിന്റെ നാൾവഴികൾ, ആശയങ്ങൾ, വീക്ഷണങ്ങൾ, ലക്ഷ്യങ്ങൾ, ഗുണനിരൂപണങ്ങൾ, വിമർശനങ്ങൾ എന്നിവയുടെ തുറന്നെഴുത്താണ് ഈ പംക്തി. ജീസസ് യൂത്ത് രൂപപ്പെടുന്ന ആദ്യ നാളുകൾ മുതലേ സജീവമായി മുൻനിരയിലുള്ള പ്രധാനിയാണ് ഇതിന്റെ ലേഖകൻ ഡോ. എഡ്വേർഡ് എടേഴത്ത്. വായനക്കാരുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമായി ബന്ധപ്പെടാൻ:*
edward.edezhath@gmail.com

# ജീസസ് യൂത്ത് കൂട്ടായ്മകളിൽ തീരുമാനങ്ങൾ എടുക്കുന്നത് എങ്ങനെ ? [ 2 ]

"പുതിയ സർക്കാർ തീരുമാനം കേട്ടോ? പ്രീഡിഗ്രി കോളേജിൽ നിന്ന് മാറുന്നു. പകരം സ്കൂളിൽ 11, 12 ക്ലാസ്സുകൾ വരുന്നു. ഇത് മിക്കവാറും ജീസസ് യൂത്ത് മുന്നേറ്റത്തെ മാറ്റിമറിക്കും".

1997-ൽ ആയിരുന്നു അത്. സർക്കാരിന്റെ ഈ പുതിയ നടപടി മുന്നേറ്റത്തെ എങ്ങനെ ബാധിക്കുമെന്ന് ആ ജീസസ് യൂത്ത് നേതാവ് എന്നെ പറഞ്ഞു മനസ്സിലാക്കി. മുന്നേറ്റത്തിന്റെ പ്രധാന ഭാഗമാണ് കാമ്പസ് മിനിസ്ട്രി. പ്രീഡിഗ്രി അന്ന് കോളേജിലെ ആദ്യ രണ്ടുവർഷങ്ങൾ. ആ കുട്ടികൾ അധികാരികൾക്ക് മിക്കവാറും വലിയ തലവേദനയാണ്. പക്ഷേ, ഒരു ദൈവസ്പർശനം കിട്ടി ജീസസ് യൂത്ത് ഗ്രൂപ്പിൽ വന്നു കഴിയുമ്പോൾ വലിയ പ്രതിബദ്ധതയും പ്രസരിപ്പും കാണിക്കുന്നത് അവരാണ്. പിന്നീട് അവർ നേതൃത്വത്തിൽ തുടരുകയും ചെയ്യും. ആ പ്രായത്തിലുള്ളവർ ഇനിമുതൽ സ്കൂളിൽ എത്തി അധ്യാപകരുടെ കൃത്യമായ നിയന്ത്രണത്തിലാകുമ്പോൾ കാര്യങ്ങൾ പാടേ മാറും. കോളേജുകളിലെ രീതികളും ഒപ്പം മുന്നേറ്റത്തിന്റെ ശൈലികളും വ്യത്യസ്തമാകും.

ആ സ്നേഹിതൻ ഒരു നിർദേശവും മുന്നോട്ടുവച്ചു, "മുന്നേറ്റത്തിൽ ഒരു പുതിയ മിനിസ്ട്രി ആരംഭിക്കണം എന്നാണ് എനിക്കുതോന്നുന്നത്." അനേക ചർച്ചകൾക്കും ടീമുകൾ ഒന്നിച്ചു വന്ന് കൈക്കൊണ്ട പല തീരുമാനങ്ങൾക്കും ഇത് തുടക്കമായി. പല പടികൾ കടന്ന് ജീസസ് യൂത്തിൽ അങ്ങനെ ടീൻസ് മിനിസ്ട്രി ആരംഭിച്ചു.

ഈ ഒരു പ്രശ്നം ഉന്നയിച്ചതും തുടർന്നുള്ള ചർച്ചകളും തത്ഫലമുണ്ടായ തീരുമാനങ്ങളും മുന്നേറ്റത്തിൽ വലിയൊരു കുതിപ്പിനു കാരണമായി. ഒന്നു ചിന്തിച്ചാൽ മുന്നേറ്റത്തിന്റെ മുന്നോട്ടുള്ള പ്രയാണം ജീസസ് യൂത്ത് ഗ്രൂപ്പുകളിലും ടീമുകളിലും എടുക്കുന്ന ഇത്തരം തീരുമാനങ്ങളുടെ പരമ്പരയാണ്. അതുകൊണ്ടുതന്നെ 'എങ്ങനെ' തീരുമാനങ്ങൾ കൈക്കൊള്ളണം എന്ന് ഗ്രൂപ്പുകൾ അറിയേണ്ടത് അതിപ്രധാനമാണ്.

## തീരുമാന രീതി വളർത്തും അല്ലെങ്കിൽ തളർത്തും

മുമ്പ് സൂചിപ്പിച്ചപോലെ, ഏതൊരു ഗ്രൂപ്പിലും പല തീരുമാനങ്ങൾക്ക് അവസരമുണ്ടാകും. എന്ത് തീരുമാനിക്കുന്നു എന്നത് പ്രധാനമാണ്, എന്നാൽ എങ്ങനെ തീരുമാനിക്കുന്നു എന്നത് അതിലും പ്രധാനപ്പെട്ടതാണ്. നന്നായി തീരുമാനങ്ങളിലെ

ത്താൻ ഒരു സമൂഹത്തിനുണ്ടാകേണ്ട മനോഭാവവും നാം കണ്ടു. യേശുവിന്റെ വാക്കുകളിൽ, "ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ച് ചോദിക്കുന്ന ഏതു കാര്യവും... (മത്താ 18:19).

എളുപ്പത്തിൽ തീരുമാനങ്ങൾ ഉണ്ടാകാൻ പല വഴികളുമുണ്ട്. കൂട്ടത്തിലെ മുതിർന്ന അല്ലെങ്കിൽ നല്ല കാര്യക്ഷമതയുള്ള ഒരാളുടെ തീരുമാനത്തിനു വിടുകയോ, വരങ്ങളുള്ള ഒരാളോടു പ്രാർഥിച്ചു നിർദേശം നൽകാൻ പറയുകയോ, ഉന്നത ടീം പറയുന്നതെല്ലാം ചെയ്യുകയോ ഒക്കെ ചെയ്താൽ എല്ലാം സുഗമമാകും. എന്നാൽ, ഒരു കൂട്ടായ്മ ക്രിസ്തീയ പക്വതയിൽ വളരാനും, ഉത്തരവാദിത്വം കൈയേൽക്കാനും, ക്രിസ്തുഗാത്രമായി പടിപടിയായി മുന്നേറാനും ഇപ്പറഞ്ഞ രീതി പോര. കൂട്ടായ്മയിലെ ഓരോ വ്യക്തിയും ഏറെ പ്രത്യേകതകളുള്ള ഒരു ദൈവപൈതലാണെന്നു മനസ്സിലാക്കി, അവനും അവളും പ്രത്യേക ദാനങ്ങൾ കയ്യാളുന്നുവെന്നു തിരിച്ചറിഞ്ഞ് കർത്താവിന്റെ പാതയിൽ ഉത്തരവാദിത്വത്തോടെ മുന്നേറിയെങ്കിലേ ഒരു ഗ്രൂപ്പ് വളരുകയുള്ളൂ. അങ്ങനെയെങ്കിൽ ഓരോ ഗ്രൂപ്പും പക്വമായി തീരുമാനങ്ങളിലെത്താൻ പഠിക്കണം. എങ്ങനെയാണ് അവർ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത്?

## കൂട്ടായ തീരുമാനത്തിന്റെ പടികൾ

ഒരു ജീസസ് യൂത്ത് ഗ്രൂപ്പ് എന്നും സ്നേഹക്കൂട്ടായ്മയാകാനുള്ള വളർച്ചാ പാതയിലാണ്. തീരുമാനങ്ങൾ കൈക്കൊള്ളാൻ അങ്ങനെ ഒരു രൂപീകരണ പ്രക്രിയയും ആയിത്തീരുന്നു. കൂട്ടായ്മയിലുള്ള തീരുമാനങ്ങൾ ഒരു യാന്ത്രിക പ്രക്രിയ അല്ലല്ലോ. മറിച്ച്, അത് സ്നേഹം പ്രവൃത്തി പഥത്തിൽ ആകുന്നത് തന്നെയാണ്. എന്നാൽ, പല ക്രിസ്തീയ തീരുമാനങ്ങളും കൈക്കൊള്ളുന്ന വഴിയിൽ ചില പടികളുണ്ട്. ഉദാഹരണത്തിന്, അപ്പസ്തോല പ്രവർത്തനങ്ങളിൽ ഒരു സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ആദിമസഭ ഒരുമിച്ചുകൂടുന്നു (15:6). പ്രശ്നം അവതരിപ്പിക്കപ്പെടുന്നു, തുടർന്ന് വിശദമായ ചർച്ച, പരസ്പരവും പിന്നെ കർത്താവിനെയും അവർ ശ്രവിക്കുന്നു, അവസാനം ഒരു തീരുമാനത്തിലെത്തുന്നു. തീർന്നില്ല, അത് പ്രവൃത്തിപഥത്തിലെത്തിക്കാൻ ചില പ്ലാനുകളും തയ്യാറാക്കുന്നു. അപ്രകാരംതന്നെ ജീസസ് യൂത്ത് ഗ്രൂപ്പുകളിലെ തീരുമാനങ്ങളുടെ പാതയിലെ ചില ചൂണ്ടുപലകകൾ നമുക്കും കണ്ടെത്താവുന്നതാണ്.

## അപ്പോൾ എങ്ങനെയാണ് ഒരു കൂട്ടായ തീരുമാന പ്രക്രിയ മുന്നേറുന്നത്?

**1. ഒരു വിഷയം അവതരിപ്പിക്കുന്നു:**
ഒരു പ്രശ്നമോ നിർദേശമോ ഒരു ആവശ്യമോ ഒക്കെ ആരെങ്കിലും ഗ്രൂപ്പിൽ പറയുന്നതാണ് ആദ്യപടി.

**2. വിശദാംശങ്ങൾ കേൾക്കുക:**
ആ വിഷയത്തെ സംബന്ധിക്കുന്ന വിവിധ കാര്യങ്ങൾ കൂട്ടായ്മയിൽ പങ്കുവയ്ക്കുന്നു.

**3. ഗ്രൂപ്പ് ചർച്ച ചെയ്യുന്നു:**
പലരുടെയും അഭിപ്രായങ്ങൾ കേൾക്കേണ്ട സമയമാണിത്. ഇതിനിടെ തർക്കങ്ങളുംഏറ്റുമുട്ടലുകളും ഒക്കെ പ്രതീക്ഷിക്കാം. പൗലോ ശ്ലീഹാ പറയുന്നതുപോലെ, "സ്നേഹത്തിൽ സത്യം പറഞ്ഞ്..." നാം വളരേണ്ടിയിരിക്കുന്നു (എഫേ 4:15).

**4. തിരുമുമ്പിൽ സമർപ്പിക്കുന്നു:**
ഇത് വിവിധ രീതികളിലാകാം. വിഷയത്തിന്റെ പ്രത്യേകത അനുസരിച്ച് ചിലപ്പോൾ കുറച്ചു നിമിഷങ്ങളിലെ മൗനമോ അല്ലെങ്കിൽ കൂട്ടായ പ്രാർഥനയോ ആയിരിക്കും. ചില കാര്യങ്ങൾ നാം കുറച്ചു ദിവസമെടുത്തു പ്രാർഥിച്ചെന്നുമിരിക്കും.

**5. സന്ദേശങ്ങൾക്കും ഉൾക്കാഴ്ചകൾക്കുമായി ചെവിയോർക്കാം:**
ഇത് ആഴത്തിലുള്ള പങ്കുവയ്ക്കലിന്റെ സമയമാണ്. ഗ്രൂപ്പിലുള്ളവർ തങ്ങൾക്കു ലഭിച്ച സന്ദേശങ്ങൾ പങ്കുവയ്ക്കുന്നു. പലപ്പോഴും ഈ സമയത്ത് അപ്രതീക്ഷിതമായ ചില വഴിത്തിരിവുകൾ ഉണ്ടായെന്നിരിക്കാം. പലരുടെയും ചുവടുമാറ്റത്തിന്റെ സമയവുമാകാം ഇത്.

**6. ഒരു തീരുമാനത്തിലെത്തുന്നു:**
അവസാനമായി, നേതൃത്വം വഹിക്കുന്നയാൾ ഓരോരുത്തരോടും ഇക്കാര്യത്തെക്കുറിച്ച് ഉള്ളുതുറക്കാൻ പറയുന്നു. എല്ലാവർക്കും ഒരേ അഭിപ്രായമെങ്കിൽ അത് കൃത്യമായ സൂചനയാണ്. ഈ ഘട്ടത്തിലും വലിയ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിൽ ചിലപ്പോൾ മുൻതൂക്കം ഏതിനെന്നു നോക്കാം അല്ലെങ്കിൽ തീരുമാനം മാറ്റിവയ്ക്കാം. അപ്പോൾ അവസാന തീരുമാനം, 'ശരി,' 'വേണ്ട', 'കുറച്ചുകൂടെ സമയം വേണം' എന്നിങ്ങനെ ഏതെങ്കിലും ഒന്നായിരിക്കും.

**7. തുടർ പദ്ധതി ഒരുക്കുക:**
തീരുമാനം നടപ്പിലാക്കാനുള്ള വഴികളുംകൂടെ ചിന്തിക്കണം. പ്ലാനിംഗ് എന്നാൽ എന്ത്, ആര്, എപ്പോൾ, എങ്ങനെ എന്നുതുടങ്ങിയ വിശദാംശങ്ങൾ ഒരുക്കുക എന്നതാണ്. ഈ ഘട്ടത്തിൽ ചിലപ്പോഴെങ്കിലും ഒരു അനുരഞ്ജന നടപടിയും കൂടെ വേണ്ടിവന്നേക്കാം. കാരണം ചർച്ചകളിലോ തീരുമാനങ്ങളിലോ പലരും മുറിപ്പെട്ടിരിക്കും.

കൂട്ടായ്മയിൽ തീരുമാനമെടുക്കുക എന്നത് വ്യക്തിവളർച്ചയുടെയും കൂട്ടായ്മ കെട്ടിപ്പടുക്കുന്നതിന്റെയും സുന്ദര പാതയാണ്. വി. ഇഗ്നേഷ്യസിന്റെ വാക്കുകൾ ഓർക്കുന്നത് നല്ലതാണ്. 'ആധ്യാത്മിക കാര്യങ്ങളിൽ സ്വന്തം രീതികൾ പിൻചെല്ലാൻ മറ്റുള്ളവരെ നിർബന്ധിക്കുന്നതിനെക്കാൾ വലിയ അബദ്ധമില്ല'. വിശുദ്ധിയിലും നിസ്വാർഥതയിലുമുള്ള നമ്മുടെ മുന്നേറ്റത്തിൽ 'കോപവും' 'ഭയവും' ഒഴിവാക്കി ഹൃദയത്തിന്റെ അഗാധതയിൽ നിന്ന് "അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3:30) എന്നു പറയാൻ പഠിക്കുന്ന സമയങ്ങളാണ് പലപ്പോഴും സംഘാത തീരുമാനങ്ങൾ.




യു
ഹോട്ട്സ്

# മറന്നു മറന്നു മറന്ന്

## എന്റെ പ്രവൃത്തികളും പാകപ്പെടേണ്ടിയിരിക്കുന്നു. അടുത്തിരിക്കുന്നവന് മുറിപ്പെടാത്തവിധം, എന്റെ ഓരോ ചുവടും സ്നേഹത്തിലൂന്നിയാവട്ടെ.

മറക്കുന്നവൻ മണ്ടനാണ്. അങ്ങനെയാണ് ചെറുപ്പം മുതലേ കണ്ടറിഞ്ഞത്. ഉത്തരം മറന്നു വട്ടപ്പൂജ്യമായവനെ മണ്ടനെന്ന് ടീച്ചറും വിളിച്ചു. പറയാൻ ഏറെയുണ്ടായിട്ടും മറന്നു കളഞ്ഞവനാണ് പിന്നീട് മണ്ടനായത്. സ്വയം വട്ടപ്പൂജ്യമായവനെ ദൈവവും വെറുതെ വിട്ടില്ല; പൊട്ടക്കിണറിന്റെ ആഴങ്ങളിൽ നിന്ന് സിംഹാസനം വരെ ഉയർത്തി.

മറക്കണം, മറക്കേണ്ടത് എന്റെ മുറിവുകളാണ്. മറക്കണം, മറവിയും പൊറുതിയും തമ്മിൽ ഭേദമില്ലാതാകുന്നതുവരെ. ഉണങ്ങിയ മുറിവുകളുടെ പാടുകൾ സ്നേഹത്തിന്റെ ഓർമപ്പെടുത്തലുകളാകട്ടെ, ഇനിയും വീഴാതിരിക്കാൻ.

കണ്ണീരിനാൽ കഴുകി, തപംചെയ്ത് ഉണക്കേണ്ട ചിലമുറിവുകളുണ്ട്. എനിക്ക് ഞാൻ ക്ഷമ നൽകേണ്ടണ്ടവ. കുറ്റബോധത്തിന്റെ ഇരുളറകളിൽ അവയൊക്കെ മറുന്നുവയ്ക്കണം. പിന്നെ സഹോദരനോട് രമ്യപ്പെടണം. വീഴ്ച പറ്റിയത് അവനാണെങ്കിൽകൂടി ഞാനതു മറക്കണം. അപരന്റെ ഇടർച്ചകളെല്ലാം കാണുന്നുണ്ടെങ്കിലും കണ്ടില്ലെന്നുവയ്ക്കാം. അവനും മറക്കും. അവന്റെ കണ്ണിലും നനവ് പടരും.

എനിക്കേറ്റ മുറിവുകളിലൊക്കെയും ഒരു പങ്ക് എന്റെ ഈഗോയ്ക്കുമുണ്ടായിരുന്നു. എന്നേയും എന്റെ ഈഗോയേത്തന്നെയും മറക്കാതെ, എന്നോട് ചെയ്തത് എനിക്ക് മറക്കാനാവില്ല. മറക്കേണ്ടതൊക്കെ മറക്കുവാനായി നമുക്കു നന്മകളെയോർക്കാം. നന്മയില്ലാത്തവരായി ആരുമുണ്ടാവില്ലല്ലോ. നന്മകൾ കാണാനും ഒരഭിനന്ദനം നൽകാനുമായാൽ അതുലഭിക്കുന്നവനു വീണ്ടും ജീവിക്കാനുള്ള ഊർജവുമാകും എനിക്കും നിനക്കും ഹൃദയ വിശാലതയിലേക്കുള്ള തുറന്ന വാതിലുമാകുമത്. അപരന്റെ കുറവുകൾ മറക്കുവാനും എന്നെത്തന്നെ മറക്കുവാനും അങ്ങനെ മറക്കലിന്റെയും വിട്ടുകൊടുക്കലിന്റെയും സുന്ദരമായ അനുഭവങ്ങൾ സ്വന്തമാക്കുവാനും നമുക്കാവും. “എന്താടോ ഞാൻ മറക്കണ്ടത്..!!” എന്ന അഞ്ഞൂറാന്റെ ചോദ്യത്തിന് ‘മനാസ്സെ’ എന്ന് മകന് പേരിട്ട ജോസഫല്ലേ ക്രിസ്ത്യാനിയുടെ ഉത്തരം. ആ മറവിയില്ലാതെ എനിക്ക് സൗഖ്യവുമില്ല.

എന്റെ പ്രവൃത്തികളും പാകപ്പെടേണ്ടിയിരിക്കുന്നു. അടുത്തിരിക്കുന്നവന് മുറിപ്പെടാത്തവിധം. എന്റെ ഓരോ ചുവടും സ്നേഹത്തിലൂന്നിയാവട്ടെ. വീഴ്ചവന്നാൽ ഒന്ന് ചെറുതാവാം, ഒരു സോറി പറയാൻ. ആലിംഗനങ്ങളിൽ അലിയാത്ത ഭാരങ്ങളൊന്നുമില്ലല്ലോ.

ഒടുവിലായി, മനസ്സാക്ഷിയെപ്പോലും ധിക്കരിക്കാൻ തോന്നുന്ന നിമിഷങ്ങളിൽ രണ്ട് കാര്യങ്ങൾ മറക്കാതിരിക്കുക. ഒന്ന്, രക്തം അമ്മിഞ്ഞപ്പാലാക്കി തന്ന അമ്മയുടെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കുമെന്ന്. പിന്നെ, വിയർപ്പിനെ അരിമണികളാക്കിയ അപ്പന്റെ കണ്ണ് നിറയുമെന്ന്. അതിന് ഒരു മറവിയുടെ വിലയും മതിയായെന്നുവരില്ല✦



ജെയിംസ് സെബാസ്റ്റ്യൻ



മൈ സ്റ്റോറി

# വിശുദ്ധമായ അസംതൃപ്തി


**കംഫർട്ട് സോണുകൾ ഉപേക്ഷിച്ച് അപരന്റെ വേദനയിലേക്കിറങ്ങി ചെല്ലാനുള്ള തുറവി നാം സ്വീകരിക്കണം**

തിരുസഭ യുവജനവർഷമായി ആചരിച്ച 2018–ൽ ജീസസ് യൂത്ത് സംഘടിപ്പിച്ച കേരള കോൺഫറൻസിലെ ഒരു സെഷനിലാണ് ആ വാക്ക് ആദ്യമായ് കേൾക്കുന്നത് 'Holy Discontent അഥവാ 'വിശുദ്ധമായ അസംതൃപ്തി'. ഓസ്ട്രേലിയയിൽ നിന്നുമെത്തിയ മലയാളിയായ യുവ വൈദികൻ നയിച്ച സെഷൻ. വ്യക്തിപരമായ മിഷനെക്കുറിച്ചാണ് (Personal Mission) അച്ചൻ സംസാരിച്ചത്. അതിനിടയിൽ വിശുദ്ധമായ അസംതൃപ്തി എന്ന ആശയം അച്ചൻ വിശദീകരിച്ചു. സോഷ്യൽ സയൻസ് അധ്യാപികയായിരുന്ന ഒരു കന്യാസ്ത്രീ തന്റെ കോൺവെന്റിൽ നിന്നും സ്കൂളിലേയ്ക്ക് പോകുന്ന മാർഗമധ്യേ തെരുവിൽ ഉപേക്ഷിക്കപ്പെട്ട ജീവിതങ്ങളുടെ യാതനകൾ കാണുമായിരുന്നു. ആ കാഴ്ച അവരിൽ ഒരു അസംതൃപ്തി ഉളവാക്കി. ആ അസംതൃപ്തി വിശുദ്ധമായ അസംതൃപ്തിയായിരുന്നു. പിന്നീട് അവർ ലൊറെറ്റോ കോൺവെന്റിന്റെ നാല് ചുവരുകൾ നൽകുന്ന സുരക്ഷിതത്വം ഉപേക്ഷിച്ച് തെരുവിലേക്കിറങ്ങി. മിഷണറീസ് ഓഫ് ചാരിറ്റി രൂപം കൊണ്ടത് വി.മദർതെരേസായ്ക്കുണ്ടായ ഒരു വിശുദ്ധമായ അസംതൃപ്തിയിൽ നിന്നുമാണ്.

ജീസസ് യൂത്ത് ജീവിതശൈലിയിൽ നാം മുന്നോട്ട് പോകുമ്പോൾ, നമ്മുടെ ചുറ്റുമുള്ള നിരവധി കാര്യങ്ങൾ നമ്മിൽ അസംതൃപ്തി ഉണ്ടാക്കിയേക്കാം. അത് വിശുദ്ധമായ അസംതൃപ്തിയാണെങ്കിൽ, തീർച്ചയായും അത് നമ്മെ ഒരു വ്യക്തിപരമായ മിഷനിലേയ്ക്ക് നയിക്കും. അതിനാദ്യം നമ്മിൽ വിശുദ്ധമായ അസംതൃപ്തി ഉളവാക്കിയ വിഷയം ദൈവതിരുമുമ്പിൽ ഉയർത്തേണ്ടിയിരിക്കുന്നു.

കർത്താവിന്റെ മുന്തിരിത്തോപ്പിൽ ധാരാളം കർഷകരെ ആവശ്യമുണ്ട്. വ്യക്തിപരമായ മിഷൻ പ്രാർഥനാപൂർവം കണ്ടെത്തുവാനും കംഫർട്ട് സോണുകൾ ഉപേക്ഷിച്ച് അപരന്റെ വേദനയിലേക്കിറങ്ങി ചെല്ലാനുള്ള തുറവി നാം സ്വീകരിക്കേണ്ടതുണ്ട് എന്ന വലിയ ഉൾക്കാഴ്ചയാണ് രണ്ട് മണിക്കൂറോളം നീണ്ട ആ ചിന്തോദ്ദീപകമായ സെഷനിലൂടെ ലഭിച്ചത്.

നമ്മിൽ നിരവധി പേർക്ക് ലഭിക്കുന്നുണ്ട് ഈ വിശുദ്ധമായ അസംതൃപ്തി. ഒരുപക്ഷേ ശ്രദ്ധിക്കാതെ പോകുന്നതാകാം. ഈ അസംതൃപ്തി നമ്മിൽ നിലനിൽക്കട്ടെ. പറ്റുമെങ്കിൽ ഈ അസംതൃപ്തി നമ്മുടെ ഉറക്കം കെടുത്തുകയും ചെയ്യട്ടെ. വി.മദർതെരേസ, വി.ഫ്രാൻസിസ് അസ്സീസി, വി.അഗസ്റ്റിൻ തുടങ്ങിയവരുടെ വിശുദ്ധമായ അസംതൃപ്തിയാണ് ഇന്നനേകർക്ക് തൃപ്തിയുള്ള മാതൃകകളായി മുന്നിലുള്ളത് ✦



*ജിനി ജിമ്മി*

റെജിൻ ജോസ് . കെ



മൈ സ്റ്റോറി

# റിറ്റിനൈറ്റിസ് പിഗ്മന്റോസ എന്ന സമ്മാനം

**കുറവുള്ളവരെ താഴ്ത്തി കെട്ടരുത്. സ്വന്തം കുറവുകളിൽ നിരാശപ്പെടേണ്ട കാര്യവുമില്ല. നമുക്ക് കുറവിലും കഴിവിലുമല്ല, കൃപയിൽ ആശ്രയിച്ച് ജീവിക്കാം.**

തലക്കെട്ട് വായിക്കുമ്പോൾ ആലോചിക്കുന്നുണ്ടാവും എനിക്കാരോ സമ്മാനം തന്നപ്പോൾ അതിൽ നിന്നും എന്തോ ഉൾക്കൊണ്ട് എഴുതുന്നതാണെന്ന്. ഞാൻ ഉദ്ദേശിച്ചത് എന്നെ സൃഷ്ടിച്ചവൻ തന്ന ഒരു ചെറിയ ബോധ്യത്തെക്കുറിച്ചാണ്. കുറവുകളെ എന്നും ദു:ഖത്തോടെ നോക്കി കാണുന്നവരാണ് മിക്കവരും. എനിക്കും ഒരു ചെറിയ കുറവ് സ്നേഹത്തോടെ ദൈവം തന്നിട്ടുണ്ട്. അതിന് ശാസ്ത്രം തന്നിട്ടുള്ള പേര് റിറ്റിനൈറ്റിസ് പിഗ്മന്റോസ എന്നാണ്. അതൊരു റെയർ ജെനറ്റിക് ഡിസോർഡർ ആണ്. കണ്ണിന്റെ ഉള്ളിൽ പ്രകാശത്തിൽ നിന്നുലഭിക്കുന്ന സിഗ്നൽസ് തലച്ചോറിലേയ്ക്ക് എത്തിക്കുന്ന കോശങ്ങൾ നശിച്ചു പോകുന്നു. അപ്പോൾ പതിയെ നിലവിലുള്ള കാഴ്ച കുറഞ്ഞുവരും. ചിലപ്പോൾ പൂർണമായി നഷ്ടപ്പെടാം.!

ഇതൊരു തമാശ പോലെ ഇപ്പോൾ പറയാൻ കാരണമാകുന്നതാണ് ആ തലക്കെട്ട്. ആദ്യം നിരാശയായിരുന്നു. പ്ലസ്ടു വരെ തനിയെ ചെയ്തിരുന്ന കാര്യങ്ങൾ പിന്നീട് ചെയ്യാൻ പറ്റാതെയായി. എഞ്ചിനീയറിംഗ് പഠിക്കുമ്പോഴാണ് ഈ അസുഖമാണെന്ന് കണ്ടുപിടിക്കുന്നത്. എഞ്ചിനീയറിംഗ് പഠനകാലത്ത് പുസ്തകങ്ങൾ വായിക്കാനും ചിത്രങ്ങൾ കാണാനും വരയ്ക്കാനും തടസ്സങ്ങൾ വന്നു തുടങ്ങിയപ്പോൾ ആശുപത്രിയിൽ പോകേണ്ടി വന്നു. അവിടെവച്ച് ആ അസുഖത്തിന്റെ പേര് അവർ പറഞ്ഞുതന്നു. എന്റെ ചേട്ടനും ഇതേ അസുഖം ആണെന്നുള്ളത് മറ്റൊരു യാഥാർഥ്യം.

അങ്ങനെ എഞ്ചിനീയറിംഗ് പഠനം എങ്ങും എത്താതെ പോകുന്ന സമയത്ത് അപ്പന്റെയും അമ്മയുടേയും 25-ാം വിവാഹ വാർഷികം എത്തി. അതിനുവേണ്ടി തമിഴ്നാട്ടിൽ എഞ്ചിനീയറിംഗ് പഠിച്ചിരുന്ന ഞാൻ തനിയെ നാട്ടിലേയ്ക്ക് ട്രെയിൻ യാത്ര തിരിച്ചു. ട്രെയിൻ ഇറങ്ങി അങ്കമാലി NH ക്രോസ് ചെയ്യുന്ന സമയത്ത് ഒരു ആക്സിഡന്റ്. അങ്ങനെ മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങ വീണ സ്ഥിതിയായി. കാൽപാദത്തിലൂടെ കാർ കയറിയിറങ്ങിയതുകൊണ്ട് ആറുമാസം റെസ്റ്റ്. അതിനിടയിൽ എഞ്ചിനീയറിംഗ് അവിടെ തീർന്നു. അവർ എനിക്ക് ടി.സി. തന്നുവിട്ടു. അങ്ങനെ ഇനി എന്തു ചെയ്യണം എന്ന ചിന്തയായി. അപ്പനേയും അമ്മയേയും ആശ്വസിപ്പിക്കാനാവാത്ത സങ്കടം.

അതിനിടയിൽ കാഴ്ചവൈകല്യം ഉള്ളവർ എങ്ങനെ കമ്പ്യൂട്ടർ ഉപയോഗിക്കും എന്ന് പഠിക്കാനായി ചേട്ടൻ കുറേ ഓഡിയോ ട്യൂട്ടോറിയൽസ് തന്നു. അത് അല്പാല്പം കേട്ടു തുടങ്ങിയപ്പോൾ എന്തെങ്കിലുമൊക്കെ ചെയ്യാമെന്ന് തോന്നിതുടങ്ങി. അങ്ങനെയിരിക്കെ കിട്ടിയ ഒരു ബോധ്യമാണ് പുറപ്പാടിന്റെ പുസ്തകം 4-ാം അധ്യായത്തിൽ ഞാൻ കേട്ട ഒരു കാര്യം. ചേട്ടൻ അതിന്റെ കൂടെ ഓഡിയോ ബൈബിളും തന്നിരുന്നു. ആ ഭാഗത്ത്, മോശയെ ദൈവം വിളിക്കുമ്പോൾ മോശ പറയുന്നുണ്ട്: "ഞാൻ വിക്കനാ, വാക്ചാതുര്യം ഇല്ലാത്തവനാ". ദൈവം മറുപടി പറയുന്നു: ഈ ലോകത്ത് സംസാരിക്കുന്നവനെയും ബധിരനെയും കുരുടനെയും കാഴ്ചയുള്ളവനെയും സൃഷ്ടിക്കുന്നത് ഞാനാണെന്ന്. അപ്പോ ഒരു കാര്യം മനസ്സിലായി. എന്റെ കാര്യത്തിൽ ദൈവത്തിന് അബദ്ധം പറ്റിയതല്ലെന്ന്. അതിനുശേഷം മോശയെതന്നെ ദൈവം അയയ്ക്കുകയും ഇസ്രയേലിനെ രക്ഷിക്കുകയും ചെയ്യുന്നുണ്ട്. അപ്പോൾ ഒരു കാര്യം കൂടി മനസ്സിലായി. ഒരു കുറവ് ദൈവം സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനും ദൈവത്തിന് അറിയാം. ഈ ഒരു ബോധ്യമാണ് എന്റെ ജീവിതത്തെ പ്രത്യാശയിലേക്ക് നയിച്ചത്.

അങ്ങനെ ദൈവാശ്രയബോധം ദൈവം എനിക്ക് സമ്മാനമായിതന്നു. അതിനുശേഷം കൊടുംതോൽവിയായിരുന്ന എന്നെ, ദൈവം നയിച്ച വഴികൾ ഇന്നും എനിക്ക് അത്ഭുതമാണ്. ഒരു വർഷത്തിനുശേഷം ഡിഗ്രി അഡ്മിഷൻ കിട്ടി B.SC. കമ്പ്യൂട്ടർ സയൻസ് പഠിക്കാൻ പോയതും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ MCA പഠിച്ചതുമെല്ലാം ദൈവം നടത്തിയ വളരെ വ്യത്യസ്തമായ വഴികൾ. കേരളത്തിന് അകത്തുള്ള യൂണിവേഴ്സിറ്റിയിൽ നിന്ന് സയൻസ് സബ്ജക്ട് ഡിഗ്രി ആദ്യമായി പഠിച്ച വിദ്യാർഥി, കൊച്ചിൻ യൂണിവേഴ്സിറ്റി 4-ാം റാങ്ക്, പിന്നെ ഞാനിതെഴുതുമ്പോൾ അടുത്തമാസം 15-ന് IQ via ഡേറ്റ സയന്റിസ്റ്റ് ആയി പുതിയ ജോലിക്ക് ജോയിൻ ചെയ്യും. എനിക്ക് മനസ്സിലായ ചെറിയ ബോധ്യം എന്താണെന്നവച്ചാൽ, ദൈവത്തിൽ ആത്മാർഥമായി ആശ്രയിച്ച് ചെയ്യാനുള്ള കാര്യങ്ങൾ അവനവന്റെ 100% ചെയ്താൽ ഏത് കൊടുംതോൽവിയിലും ജയം ഉറപ്പ്. അതുകൊണ്ട് കുറവുള്ളവരെ താഴ്ത്തികെട്ടരുത്. പിന്നെ സ്വന്തം കുറവുകളിൽ നിരാശപ്പെടേണ്ട യാതൊരു കാര്യവുമില്ല. നമുക്ക് കുറവിലും കഴിവിലുമല്ല കൃപയിൽ ആശ്രയിച്ച് ജീവിക്കാം ✦

# Q&A

ടിന്റു സോണി



കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്
കുടുംബത്തോടൊപ്പം എറണാകുളത്ത് താമസം.
tintusony@gmail.com

**Q** 33 വയസ്സുള്ള ചെറുപ്പക്കാരനാണ് ഞാൻ. ജോലിചെയ്യുന്നു. സംസാരത്തിനിടയിൽ ചെറിയ ചെറിയ നുണകൾ പറയുന്ന ശീലമുണ്ട്. കുഴപ്പമൊന്നുമില്ലെന്നായിരുന്നുവിചാരം. പക്ഷേ, ഇപ്പോൾ ചിലരതു മനസ്സിലാക്കി എന്നറിഞ്ഞപ്പോൾ ജാള്യത. ഈ ശീലം മാറ്റണമെന്നുണ്ട്. എന്താ ചെയ്യേണ്ടത്?

**A** ഒരു നുണ പറയുന്നവന് നൂറു നുണകൾ പറയേണ്ടിവരും എന്ന് കേട്ടിട്ടില്ലേ. നുണ പറയുന്നത് ശീലമാകും മുമ്പേ അതിനു കടിഞ്ഞാണിടുകയാണ് നല്ലത്. പിന്നീട് സത്യം പറയാൻ ബുദ്ധിമുട്ടുണ്ടാകും. ബൈബിൾ പറയുന്നു നുണ വികൃതമായ കറയാണെന്ന്. അതിന് അടിമപ്പെടുന്നത് താങ്കളുടെ ജീവിതവിജയത്തിന് തടസ്സം സൃഷ്ടിക്കും. നുണ പറയുന്ന സ്വഭാവം താങ്കൾക്ക് ഉണ്ടെന്നും അതിനു മാറ്റം വേണം എന്നും അംഗീകരിച്ചത് വളരെ നല്ലൊരു തുടക്കമാണ്. കുറച്ചു ടിപ്സ് താഴെ ചേർക്കുന്നു:

1. നുണ പറയുന്ന ശീലം അവസാനിപ്പിക്കുന്നു എന്ന് ഉറച്ച തീരുമാനം എടുക്കുക

2. നിങ്ങളുടെ നുണ പറച്ചിലിന്റെ മൂലകാരണം കണ്ടെത്തുക

a. കുഞ്ഞുനാളിലെ തുടങ്ങി ഉള്ള സ്വഭാവം ആയിരുന്നോ?

b. ഏതെങ്കിലും വ്യക്തികൾ, സാഹചര്യങ്ങൾ ഇവയോടുള്ള ഭയം മൂലമാണോ?

c. സ്ഥാനം മോഹിച്ചാണോ?

d. ആരെയെങ്കിലും ആകർഷിക്കാനാണോ? തുടങ്ങിയവ പരിശോധിക്കുക

3. സത്യം പറഞ്ഞു ശീലിക്കുക

4. നല്ല ബന്ധങ്ങൾ ഉണ്ടാക്കുക. ആരോടെങ്കിലും സംസാരിക്കുമ്പോൾ കള്ളം പറയാൻ പ്രേരണ ഉണ്ടായാൽ മൗനം പാലിക്കുകയോ പൊതുവായ കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകളോ (രാഷ്ട്രീയം, സിനിമ, ആനുകാലിക സംഭവങ്ങൾ) നടത്താം.

5. എല്ലാ ദിവസവും ആത്മപരിശോധന നടത്തുക

a. എത്രമാത്രം സത്യം പറയാൻ സാധിച്ചു?

b. കള്ളം പറയുന്നതിന്റെ എണ്ണം കുറഞ്ഞോ?

6. എന്തിന് വേണ്ടിയാണ് ഞാൻ സത്യം പറഞ്ഞു ശീലിക്കുന്നതെന്ന് എഴുതുക

a. മറ്റുള്ളവർക്ക് എന്നിൽ കൂടുതൽ വിശ്വാസം ഉണ്ടാകാൻ

b. നല്ല ബന്ധങ്ങൾക്ക്

c. മെച്ചപ്പെട്ട വ്യക്തിത്വത്തിന് ഒരു തുടക്കം. ആദ്യം കുറച്ചു പ്രയാസം ഉണ്ടാകുമെങ്കിലും പരാജയപ്പെട്ടാലും തളരാതെ വീണ്ടും വീണ്ടും പരിശ്രമിക്കുക.

പുലി വരുന്നേ, പുലി വരുന്നേ... എന്ന് കള്ളം പറഞ്ഞ ബാലന്റെ കഥ കുഞ്ഞിലെ നമ്മൾ പഠിച്ചിട്ടില്ലേ. ശരിക്കും പുലി വന്നപ്പോൾ ആരേലും അവനെ സഹായിച്ചോ? അതുപോലെ പുലിപോലെ നിന്ന് സത്യം പറഞ്ഞാലും ആരും വിശ്വസിക്കാത്ത ഗതികേട് വരും മുമ്പേ സത്യം പറഞ്ഞു ശീലിക്കുക.

**Q** ഇതെനിക്കു വേണ്ടി മാത്രമല്ല. ഞങ്ങൾ കുറേ പേരുടെ ആവശ്യമാണ്. അപ്പനും അമ്മയും കുറേ കാര്യങ്ങൾ പറയും. ടീച്ചേഴ്സും പറയും പല കാര്യങ്ങൾ. എല്ലാം ഉപദേശങ്ങളാണ്. കേട്ടുമടുത്തു. ഇവരെയൊക്കെ സ്നേഹിക്കാനും ഉൾക്കൊള്ളാനും പറ്റുന്നില്ല. ഞങ്ങളെ ഒന്നു സഹായിക്കാൻ പറ്റുമോ?

**A** ഉപദേശം കേട്ട് മടുത്തവരും ഉപദേശം ഇഷ്ടമില്ലാത്തവരും ആണ് മിക്കവരും. ഉപദേശിക്കുന്നവർ നിങ്ങളുടെ മാതാപിതാക്കളും അധ്യാപകരും ഒക്കെയാണ്. എന്തുചെയ്യാം അവരെ നമുക്ക് മാറ്റാൻ കഴിയില്ലല്ലോ. സ്മാർട്ട് ആയിട്ട് ഉപദേശിക്കാൻ അവർ പരിശീലിച്ചിട്ടുണ്ടാവില്ല. നിങ്ങൾക്ക് തെറ്റു പറ്റാതിരിക്കാനും അപകടത്തിൽ പെടാതിരിക്കാനും ഉള്ള അവരുടെ ആശങ്ക അല്ലെങ്കിൽ അമിതാശങ്ക ആണ് ഉപദേശമായി പുറത്തുവരുന്നത്. ക്ലാസ്സിലിരുന്ന് ഒരു കൂട്ടം കുട്ടികളോട് അധ്യാപകർ ഉപദേശിക്കുമ്പോൾ നിങ്ങൾക്ക് എന്തു ചെയ്യാൻ പറ്റും? വീട്ടുകാർ ഉപദേശിക്കുമെന്ന് പറഞ്ഞ് അവരോടെത്ര നാൾ നീരസം കാട്ടും?

ദേ, പിന്നേം ഉപദേശം എന്നുവേണമെങ്കിൽ തെറ്റിദ്ധരിക്കുന്നതിൽ തെറ്റില്ല.

ഭാഗം: 2 നിങ്ങളുടെ ജീവിതം തന്നെ മാറ്റിമറിക്കും.

1. ആരുതന്നെ ഉപദേശിച്ചാലും അത് അപ്പാടെ വിഴുങ്ങേണ്ട യാതൊരു ആവശ്യവുമില്ല. നിങ്ങളെ സംബന്ധിച്ച് എത്രമാത്രം പ്രസക്തി ഉണ്ട് എന്ന് അപഗ്രഥിക്കുക. അല്ലാത്തത് തള്ളിക്കളയുക. നിങ്ങളെ സംബന്ധിച്ച ദൈവഹിതം ഇവരിലൂടെയാണ് നിങ്ങൾക്ക് കിട്ടുന്നെങ്കിൽ അത് നിസ്സാര കാര്യമാണോ?

2. കേൾവിക്കാരനാകാൻ ഏറ്റവും ഫലപ്രദമായ വഴിയാണിത്. അതുകൊണ്ട് ഉപദേശം കിട്ടുമ്പോൾ നിഷ്ക്രിയനാകരുത്. ഉത്സാഹപൂർവം തന്നെ കേൾക്കുക. നല്ലൊരു കേൾവിക്കാരനായി മാറിയാൽ നിങ്ങൾക്ക് വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും ശോഭിക്കാൻ കഴിയും. കേൾക്കാൻ ആരുമില്ലാത്തത് ഇന്നിന്റെ വലിയ പ്രശ്നവുമാണ്.

3. ഓരോരുത്തരുടെ നിലപാടുകൾ, അവരുടെ സാഹചര്യത്തിൽ നിന്നു കേൾക്കുമ്പോൾ, വിശകലനം ചെയ്യുമ്പോൾ, നമ്മുടെ ജീവിതത്തിന് ആവശ്യമുള്ളത് സ്വീകരിക്കുമ്പോൾ, വേണ്ടാത്തത് തിരസ്കരിക്കുമ്പോൾ പ്രശ്നപരിഹാരത്തിനുള്ള നമ്മുടെ കഴിവും വർധിക്കും.

അതുകൊണ്ട് ആരും നമ്മെ സ്മാർട്ട് ആയിട്ട് ഉപദേശിക്കുന്നില്ലെങ്കിലും നമുക്ക് സ്മാർട്ടായി ഇങ്ങനെ ഉപദേശം സ്വീകരിക്കാമല്ലോ. ആരെങ്കിലും ഉപദേശിക്കുന്നതുകൊണ്ടുള്ള ഭയവും വേണ്ട, ഉപദേശം കേട്ടതുകൊണ്ടുള്ള ഭാരവും വേണ്ട. Be positive.

നിഖിൽ തച്ചുപറമ്പിൽ CMI



തൃശൂർ സ്വദേശി. ജീസസ് യൂത്തിൽ സജീവ പ്രവർത്തകനായിരുന്നു. ഇപ്പോൾ CMI സന്യാസസമൂഹത്തിൽ വൈദീക പരിശീലനം നടത്തുന്നു. nikhiljoh@gmail.com

യൂത്ത് ക്ലാസ്സ്

# നീ വിശ്വസ്തനാണോ?

**പരിമിതികളിൽ ജീവിക്കുന്ന മനുഷ്യന് ദൈവത്തെ ജീവിതംകൊണ്ട് സന്തോഷിപ്പിക്കാനുള്ള ഏക ഉത്തരം - സ്വന്തം ജീവിത സാഹചര്യങ്ങളിൽ വിശ്വസ്തനാകുക എന്നതാണ്.**

വീട് പണിയുന്നവനോട് കല്ലും മണ്ണും ചോദിക്കുന്നു: നീ വിശ്വസ്തനാണോ..? കുർബാന അർപ്പിക്കുന്ന വൈദികനോട് കാസയും പീലാസയും ചോദിക്കുന്നു: നീ വിശ്വസ്തനാണോ? യുവത്വം ഫെയ്സ് ബുക്കിലും വാട്സ് ആപ്പിലും സ്ട്രീറ്റ്ലൈറ്റ് പോലെ കുമ്പിട്ട് ആസ്വദിക്കുന്ന യുവതിയുവാക്കളോട് മൊബൈൽ ഫോൺ ചോദിക്കുന്നു: നിങ്ങൾ വിശ്വസ്തനാണോ? വിവാഹ ആഘോഷത്തിന്റെ മധുവിധുവെല്ലാം കടന്ന് ജീവിതത്തിന്റെ പരുപരുത്ത യാഥാർഥ്യ ഘട്ടങ്ങളിൽ ജീവിക്കുന്ന ഭാര്യയോട് കഴുത്തിലണിഞ്ഞ താലി ചോദിക്കുന്നു നീ വിശ്വസ്തയാണോ? സ്വർണത്തിൽ കൊത്തിയെടുത്ത പേരെഴുതിയ മോതിരമണിഞ്ഞ ഭർത്താവിനോടും ഇതേ ചോദ്യം നീ വിശ്വസ്തനാണോ?

ഈ ചോദ്യമെല്ലാം ഒന്നു കേൾക്കാനായെങ്കിൽ തിരക്കു പിടിച്ച ഈ ജീവിതമെന്ന യാത്രയ്ക്ക് ഒരുപാട് ശോഭ വന്നേനെ! ഉള്ളുപൊള്ളിക്കുന്ന ഈ ചോദ്യങ്ങൾ കേട്ടിരുന്നെങ്കിൽ മനുഷ്യ ജീവിതങ്ങളിൽ ഒരുപാട് അത്ഭുതങ്ങൾ നടന്നേനെ. അതേ എല്ലാവരും ഓട്ടത്തിലാണ്, ജീവിതത്തോട് വിശ്വസ്തത പുലർത്താനുള്ള ഓട്ടത്തിൽ. ഓടുന്നവർ അറിയേണ്ട ഒരു യാഥാർഥ്യമുണ്ട് - വിശ്വസ്തനാകണമെങ്കിൽ വിശ്വാസം വേണം! എന്താണ് വിശ്വാസം? "പ്രത്യാശിക്കുന്നവ ലഭിക്കും എന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധവുമാണ്" (ഹെബ്രാ 11:1). പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന വിശ്വാസവും വിശ്വസ്തതയും സ്വന്തമാക്കാനായുള്ള ഈ ശ്രമത്തിൽ നാം മനസ്സിലാക്കേണ്ട ഒരു സത്യമുണ്ട്. വിശ്വാസമെന്നത് എന്റെ കഴിവോ മേന്മയോ കൊണ്ട് നേടിയെടുക്കാവുന്ന ഒന്നല്ലെന്നും അത് ദൈവിക ദാനമെന്നും ഉള്ള സത്യം (റോമ 9:16). പിന്നെയങ്ങനെ വിശ്വസ്തനാകാൻ വിശ്വാസത്തിൽ ആഴപ്പെടാനാകും? ഉത്തരം ഒന്നു മാത്രം. ദൈവം നല്കിയിരിക്കുന്ന ജീവിത സാഹചര്യങ്ങളിൽ വിശ്വസ്തത പുലർത്തിക്കൊണ്ട് പരിമിതികളിൽ ജീവിക്കുന്ന മനുഷ്യന് ദൈവത്തെ ജീവിതംകൊണ്ട് സന്തോഷിപ്പിക്കാനുള്ള ഏക ഉത്തരം - സ്വന്തം ജീവിതസാഹചര്യങ്ങളിൽ വിശ്വസ്തനാകുക. പൂർവ പിതാവായ അബ്രഹാത്തെപ്പോലെ. ആ വിശ്വസ്തതയ്ക്കല്ലേ ദൈവം സമ്മാനം നല്കി വിശ്വാസികളുടെ പിതാവായി അദ്ദേഹത്തെ ഉയർത്തിയത്. അബ്രഹാമിന്റെ വിശ്വസ്തതയുടെ തലങ്ങളിലൂടെ നാമും നടന്നാലേ നമ്മുടെ വിശ്വസ്തതയ്ക്കും പൂർണത കൈവരൂ.

## അബ്രഹാമിന്റെ വിശ്വസ്തതയുടെ പ്രത്യേകത എന്തായിരുന്നു?

1) ദൈവത്തോട് വിശ്വസ്തനായിരുന്നു
2) സഹോദരങ്ങളോട് വിശ്വസ്തനായിരുന്നു
3) തന്നോടുതന്നെ വിശ്വസ്തനായിരുന്നു

ഈ 3 മേഖലകളുടെയും വളർച്ചയാണ് വിശ്വസ്തനാകാനുള്ള നമ്മുടെ പരിശ്രമമായി മാറുക, എങ്കിലേ വിശ്വാസ ജീവിതത്തിൽ നമുക്ക് ആഴപ്പെടാനാകൂ. ഈ പറഞ്ഞ 3 മേഖലകളിൽ എവിടെ എന്റെ വീഴ്ചയെന്ന് ആത്മപരിശോധന നടത്തുന്നവനാകും ആദ്യം ജീവന്റെ കിരീടം അണിയിക്കപ്പെടുക.

1) ചിലരുണ്ട് ദൈവത്തോട് വിശ്വസ്തരാകും, സഹോദരങ്ങളോട് വിശ്വസ്തരാകും, തന്നോടുതന്നെ അവർക്ക് വിശ്വസ്തരാകാനാവില്ല. 2 സാമുവൽ 11 അധ്യായത്തിൽ വിശ്വസ്തത



യുടെ ഗിരിശൃംഗങ്ങളിൽ നിന്നും വീണ ഒരു രാജാവ് നമ്മെ ഇത് ഓർമിപ്പിക്കുന്നു, മറ്റാരുമല്ല ദാവീദ് രാജാവ് തന്നെ. അവൻ ദൈവത്തോട് വിശ്വസ്തനായിരുന്നു, സഹോദരങ്ങൾക്കും അവൻ പ്രിയപ്പെട്ടവനായിരുന്നു. പക്ഷേ, തന്നോട് തന്നെ ചെയ്ത ആ കോമ്പ്രമൈസ് അവനെ പാപിയെന്ന മുദ്രകുത്തി. തകർച്ചയുടെ മട്ടുപ്പാവിൽ കയറ്റി ബത്ഷെബായുമായി പാപം ചെയ്യാൻ തോന്നിപ്പിച്ചു. ഇതൊരു ഓർമപ്പെടുത്തലാണ്, ചുമരുകളുടെ മറയിൽ നടത്തപ്പെടുന്ന ലൈംഗിക പാപങ്ങൾക്കും, തന്നോട് തന്നെ വിശ്വസ്തത പുലർത്താതെ ജീവിതം ആഘോഷിക്കുന്ന ആർക്കും. മട്ടുപ്പാവിൽ ഉലാത്തുന്ന ദാവീദിനോട് അവിടം വീശികടന്നുപോയ മന്ദമാരുതൻ പറഞ്ഞിരിക്കും ദാവീദ് രാജാവിനോട് വിശ്വസ്തനാകാൻ. ദാവീദ് രാജാവ് കേൾക്കാതെ പോയതുപോലെയാണോ നമ്മുടെ ജീവിതവും.

2) ചിലരുണ്ട് ദൈവത്തോട് വിശ്വസ്തരാകും, തന്നോടുതന്നെയും വിശ്വസ്തരാകും എന്നാൽ സഹോദരങ്ങളെ അവഗണിച്ചു കളയുന്നു.

വി. ലൂക്കായുടെ സുവിശേഷം 16–ാം അധ്യായത്തിൽ 19 മുതൽ നാം വായിക്കുന്ന ധനവാന്റെയും ലാസറിന്റെയും ഉപമ നല്കുന്ന സന്ദേശം ഇതുതന്നെ. ധനവാൻ പള്ളിക്കും വീടിനും വേണ്ടപ്പെട്ടവനായിരുന്നു. പക്ഷേ, വീട്ടുപടിക്കലുള്ള ലാസറിനെ ഗൗനിച്ചില്ല. അത് ധനവാനെ നരകത്തിന്റെയും ലാസറിനെ സ്വർഗത്തിന്റെയും അവകാശിയാക്കിയ കാഴ്ച നമുക്കും ഒരു തിരിച്ചറിവാകേണ്ടിയിരിക്കുന്നു. മുന്നിൽ കാണുന്ന സഹോദരങ്ങളോട് ജീവിതംവഴി വിശ്വസ്തരായില്ലെങ്കിൽ ധനവാന്റെ അവസ്ഥ എനിക്കും വിദൂരമല്ലെന്ന് നാമും ധ്യാനിക്കണം.

3) ചിലർ ദൈവത്തെ മാറ്റി നിറുത്തി സഹോദരങ്ങളോടും തന്നോടുതന്നെയും വിശ്വസ്തരാകുന്നു. ഏറ്റവും അപകടകരമായി നീങ്ങുന്ന ഈ കൂട്ടരുടെ ജീവിതം വിശ്വസ്താകാൻ ശ്രമിക്കുന്നവർക്ക് ഒരു പാഠമാണ്.

ഓർക്കുകയാണ് ഒരു സുഹൃത്തിന്റെ ജീവിതം, ജീവിതത്തിൽ ദൈവത്തിനു നല്കേണ്ട പ്രാധാന്യംപോലും ജോലിക്കും ബന്ധുമിത്രാദികൾക്കും നല്കി കടന്നുപോയ സുഹൃത്ത്. അധ്വാനിച്ചത് 4 സഹോദരിമാരെയും വിവാഹം കഴിച്ചയക്കാനും പുതിയ ഭവനം നിർമിക്കാനും സാമ്പത്തിക പുരോഗതിക്കുമായി. ഇതിനായി 18 വയസ്സിൽ ഗൾഫിലേക്ക് വിമാനം കയറി. ഇന്നിതാ 45 വയസ്സ്, എല്ലാം നേടി പക്ഷേ, വിവാഹം കഴിക്കാനും മറ്റും അവൻ മറന്നു. ഓടിയതു മുഴുവൻ ഉറ്റവർക്കായി. പക്ഷേ, ഉറ്റവർ തള്ളിപ്പറഞ്ഞതിന്റെ വേദന മറികടക്കാൻ ആത്മഹത്യക്കൊരുങ്ങി അവൻ ഹോട്ടലിൽ മുറിയെടുത്തു. ആത്മഹത്യയുടെ മിനിറ്റും സെക്കന്റും തീരുമാനിച്ച് വിഷക്കുപ്പി ബാഗിൽ പരതുന്നതിന്റെ ഇടയിൽ ആദ്യത്തെ ഗൾഫ് യാത്രയ്ക്ക് അമ്മ സമ്മാനിച്ച ബൈബിൾ കണ്ണുകളിൽപെട്ടു. നിരാശയ്ക്കൊത്തവണ്ണം ആ പഴയ ബൈബിൾ ഹോട്ടൽ മുറിയിലേയ്ക്ക് വലിച്ചെറിഞ്ഞു. തുന്നലുകൾ അകന്ന ആ പഴയ ബൈബിളിന്റെ പേജുകൾ ഹോട്ടൽ മുറിയാകെ നിറഞ്ഞു കിടക്കുന്നു. കുറ്റബോധംകൊണ്ട് ആ ബൈബിൾ പേജുകൾ ക്രമപ്പെടുത്താൻ തുനിഞ്ഞപ്പോൾ ഒരു സങ്കീർത്തനഭാഗം 27/10 അവന്റെ കണ്ണുകളിൽ ഉടക്കി.

## “അപ്പനും അമ്മയും ഉപേക്ഷിച്ചാലും കർത്താവ് നിന്നെ കൈക്കൊള്ളും”

ഉൾപ്പെട്ടിരിക്കുന്ന അവസ്ഥകൊണ്ടാകണം പലയാവർത്തി അവൻ അതു വായിച്ചു. ഒടുവിൽ വാവിട്ടു കരഞ്ഞു കുറേനേരം. തുടർന്ന് ഹോട്ടൽമുറിയുടെ വാതിൽ തുറന്ന് പുറത്തേക്കോടി. അടുത്തുള്ള ഇടവകപള്ളിയിൽ മുട്ടുകുത്തി കരച്ചിൽ തുടർന്നു. ഏകദേശം 8 മണിക്കൂർ അവിടെ ചെലവഴിച്ചു. തുടർന്ന് കുമ്പസാരിച്ചു. ഇന്നവൻ ആയിരങ്ങൾക്കും പതിനായിരങ്ങൾക്കും ക്രിസ്തുസാന്നിധ്യം പകർന്നു നല്കുന്ന ദൈവത്തിന്റെ ഉപകരണം.

അതേ, ദൈവത്തെ മാത്രം മാറ്റിനിറുത്തി സമ്പത്തിന്റെയും ഉറ്റവരുടെയും പുറകെ ഓടിയ ഓട്ടം സമ്മാനിച്ചത് ദുരിതങ്ങളും സംതൃപ്തി ഇല്ലാത്ത ജീവിതവുമെന്ന് തിരിച്ചറിയുന്നിടത്ത്, ദൈവത്തോട് ഉണ്ടായ വിശ്വസ്തതയുടെ കേടുപോക്കുവാൻ അവൻ ദൈവത്തെ അള്ളിപ്പിടിച്ചു. ദൈവത്തോട് വിശ്വസ്തനാകാൻ ആരംഭിച്ചു. അവിടം മുതൽ ജീവിതം അത്ഭുത കലവറയായി മാറുന്നു.

അനുഗ്രഹമായി തന്ന ജീവിതത്തിൽ സ്രഷ്ടാവ് തേടുന്ന ഉത്തരത്തിനുള്ള ചോദ്യം “നീ വിശ്വസ്തനാണോ?”– എന്നതുതന്നെ. നമ്മുടെയൊക്കെ മനഃസാക്ഷി ജീവിതസാഹചര്യങ്ങളിൽ കല്ലായി മാറുമ്പോൾ ഒരു സ്പർശനം കൊണ്ട് എന്തിനും ജീവൻ നല്കുന്ന ദൈവത്തിന് കല്ലിനോടും മണ്ണിനോടും മൊബൈൽ ഫോണിനോടും താലിയോടും വിവാഹ മോതിരത്തോടും സംസാരിക്കേണ്ടി വരുന്നത് എന്റെയും നിങ്ങളുടെയും പരാജയമെന്ന് ഗ്രഹിച്ചാൽ വിശ്വസ്തതയുടെ തലങ്ങളിലേയ്ക്ക് എത്രദൂരം നാം പിന്നിലാണെന്ന് ബോധ്യമാകും. ഈയൊരു അവബോധത്തോടെ ദൈവത്തോടും സഹോദരങ്ങളോടും തന്നോടുതന്നെയും വിശ്വസ്തരാകാൻ പരിശ്രമിക്കാം✦

ഫാ. അഭിലാഷ് പതിപ്പള്ളിൽ സി.എം.ഐ



*ഡയറക്ടർ, ജ്യോതിദർശന കൗൺസിലിംങ് സെന്റർ, പുല്ലുവഴി, പെരുമ്പാവൂർ*

# ആരാണ് തീവ്രവാദി



## ചിന്തകളും ചെയ്തികളും ഭീകരമാകുന്നതിന്റെ പിന്നിൽ



സ്വസ്ഥത ഇല്ലായ്മയാണ് എല്ലാ അസ്വസ്ഥതകളുടെയും കാരണം. ഒരു കണക്കിന് നോക്കിയാൽ ശരിയാണ്. ഒരു കാര്യവും സമാധാനമായി തുടങ്ങാനോ അവസാനിപ്പിക്കാനോ കഴിയാറില്ല. പല കാരണങ്ങൾ കൊണ്ടും പലവഴിക്കും കാര്യത്തിന്റെ ഗതിമാറും. ഒടുവിൽ എല്ലാം തൈവെ. ഇതിനൊക്കെയും പിന്നിലെ കാരണങ്ങൾ പലതാണ്, പലരുമാണ്. ഇന്നത്തെ മുഴുവൻ ആളുകളുടെയും പ്രശ്നം സംഘർഷം നിറഞ്ഞ ജീവിത ചുറ്റുപാടാണ്. ഹിരോഷിമയിലെ പ്രശ്നം പറഞ്ഞു തീർക്കും മുന്നേ പലസ്തീനിലും ഇറാഖിലും കാശ്മീരിലും ബോംബുകൾ പലതു പൊട്ടി. അവിടേയ്ക്കൊന്നു ചെവി കൊടുത്തപ്പോൾ കൂത്തുപറമ്പും മാറാടും പാനൂരും ചോരക്കളമായി. വിശദമായി വാർത്ത കേൾക്കാൻ ഒന്നിരുന്നപ്പോഴാണ് സ്കൂൾ കുട്ടി അധ്യാപകനും കൂട്ടുകാർക്കും നേരെ നിറയൊഴിക്കുന്ന വാർത്ത ബ്രേയ്ക്കിങ്ങ് ന്യൂസായി കേറിവന്നത്. ഈ കുട്ടിക്ക് ഇതെന്തു പറ്റി എന്ന് ചിന്തിച്ചു തീരുംമുന്നേ അമേരിക്കയിലേതിന് സമാനമായ സംഭവം ഇന്ത്യയുടെ പലഭാഗത്തു നിന്നും പൊങ്ങി വന്നു. നാട്ടിൻപുറത്തെ വീടുകളിൽ കൂട്ട വിവാഹമോചനങ്ങൾ കോടതിയിലേക്കെത്തിയതും ഉച്ചഭക്ഷണത്തിൽ അമ്മ കലർത്തിയ വിഷം ഉള്ളിൽ ചെന്ന് കുട്ടി മരിച്ചതും പഴയ കാമുകി പുതിയ നമ്പറുമായി വന്നപ്പോൾ ഭാര്യയ്ക്ക് പരലോക വിസ നൽകി നല്ലകാമുകന്മാർ വിശ്വരൂപം പുറത്തെടുത്തതും കണ്ണടച്ച് തുറക്കും മുന്നേ സംഭവിച്ചു. വെറും അരനൂറ്റാണ്ടു കൊണ്ടാണ് ഇത്രയും ഭീകരമായ അവസ്ഥയിലേക്ക് ലോകം കൂപ്പുകുത്തിയത്. അതിഭീകരമായ അന്തരീക്ഷത്തിൽ ഇവിടെ ശുദ്ധവായുവിനു കഷ്ടപ്പെടുന്നു ആളുകൾ.

വിരട്ടുക എന്ന് അർഥം വരുന്ന റ്റെറയോ (terreo) എന്ന ലത്തീൻ ക്രിയാപദത്തിൽ നിന്നുമാണ് റ്റെററിസം (terrorism) ഫ്രഞ്ച് മൂലപദമായി മാറിയതും റ്റെററിസം എന്ന

ഇംഗ്ലീഷ് പദം രൂപപ്പെടുന്നതും. ചുമ്മാ ഒന്ന് വിരട്ടുന്നതല്ല യഥാർഥത്തിൽ ഇത്. മനുഷ്യന്റെ ഉള്ളിൽ തീവ്രമാകുന്ന ചിന്തകൾക്ക് മേൽ അവൻ വഴങ്ങുന്നതിന്റേയോ ആധിപത്യം നേടുന്നതിന്റേയോ ഭാഗമായി ഉപയോഗിക്കുന്ന തന്ത്രമാണ് ഈ 'വിരട്ടൽ' പ്രയോഗം. തീവ്രവാദം അല്ലെങ്കിൽ ഭീകരവാദം എന്നത് രാജ്യങ്ങൾ തമ്മിലോ പ്രത്യയശാസ്ത്രങ്ങൾ തമ്മിലോ ഉള്ള പൊരുത്തക്കേടിനെയും അതിലൂടെ ഉണ്ടാകുന്ന ഭീകര അന്തരീക്ഷത്തെയുമാണ് വിശാല അർഥത്തിൽ പറയുന്നത്. അങ്ങനെ നോക്കുമ്പോൾ കാര്യങ്ങൾ ഇത്രമാത്രം കലുഷിതമാക്കാൻ എന്തായിരിക്കും കാരണം? ഒന്നുറപ്പാണ് ആരും ഈ ലോകത്തു ഭീകരവാദിയാകണം, ആൾക്കാരെ ഉന്മൂലനം ചെയ്യണം എന്ന പ്രതിജ്ഞയുമായി ജനിച്ചു വീഴുന്നില്ല. സാഹചര്യങ്ങളുടെ ഗതി തീർച്ചയായും ആളുകളുടെ മനോഗതിയെ വലിയൊരളവിൽ സ്വാധീനിക്കുന്നു എന്നുള്ളതാണ് വാസ്തവം.

കഴിഞ്ഞ ദിവസത്തെ പത്രത്തിലെ വാർത്ത ചേച്ചിയെ അനുജത്തി കൊലപ്പെടുത്തിയതാണ്. ആ മാതാപിതാക്കൾ നേരിട്ട ഏറ്റവും വലിയ ഭീകരപ്രവർത്തനം സ്വന്തം വീട്ടിൽ ഉണ്ടായതാണ്. പഠിച്ച കോഴ്സിന് അനുസരിച്ചു ജോലികിട്ടാതെ പോയ യുവാക്കുടെ സംഘമാണ് നാട്ടിലെ കുപ്രസിദ്ധ ഗുണ്ടാസംഘത്തിലും മയക്കുമരുന്നു മാഫിയകളുടെ കണ്ണിയായി പ്രവർത്തിക്കുന്നത്. പരിചയമുള്ള രണ്ടു ഉദാഹരണങ്ങൾ ഇവിടെ കുറിച്ചെന്നേ ഉള്ളൂ. ആളുകളുടെ മനോഗതി രൂപപ്പെടുന്നതും അതിലൂടെ ഉണ്ടാകുന്ന പ്രത്യാഘാതം അളക്കാൻ കഴിയുന്നതിനും അപ്പുറമാണെന്നു ഊന്നിപ്പറയാൻ മാത്രമാണിത്.

2004–ൽ ഐക്യരാഷ്ട്ര സഭയുടെ സെക്രട്ടറി ജനറൽ ഇറക്കിയ റിപ്പോർട്ടിൽ ഭീകരവാദത്തെ നിർവചിച്ചിരിക്കുന്നത് ഇങ്ങനെയാണ്: **"ഒരു രാജ്യത്തിന്റെയോ അന്താരാഷ്ട്ര നേതൃസംഘടനകളുടെയോ പ്രവർത്തനത്തെ മുരടിപ്പിക്കുന്നതിനായി നിരായുധരും നിരപരാധികളുമായ വ്യക്തിയെയോ ഒരു പറ്റം ആളുകളുടെയോ ജീവനും, സുരക്ഷ നിറഞ്ഞ ജീവിതാന്തരീക്ഷത്തിനും ബാധിക്കുന്ന തരത്തിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന പ്രവർത്തനമാണിത്"**.

**മിണ്ടാനും പറയാനും നേരമില്ലാതെ പണിയെടുക്കുന്ന മാതാപിതാക്കൾ വീട്ടിലിരുന്നു പണി പഠിച്ചു ഹാക്കർമാരായ മക്കളുടെ ഫോട്ടോ ടിവിയിൽ കണ്ടു ഞെട്ടുന്നു. എന്റെ കുട്ടി അങ്ങനെ ചെയ്യില്ല എന്ന് ഉദ്യോഗസ്ഥരോട് തർക്കിക്കും മുമ്പെങ്കിലും കുട്ടിയോടൊന്നു ഇതിനെപ്പറ്റി ചോദിക്കുകപോലും ഇല്ല.**

ഇത്തരം ചിന്തകൾ ഒരു മനുഷ്യനിൽ രൂപപ്പെടുന്നതിനു ചില കാരണങ്ങൾ ഉണ്ട്. ആത്മസംഘർഷം, ചുറ്റുപാടുകളുടെ സമ്മർദം, ആത്മവിശ്വാസം തകർക്കുന്ന വിധം നിരന്തരമുയരുന്ന ചോദ്യങ്ങൾ, തുറന്നു പറയാനും പ്രശ്ന പരിഹാരത്തിനുമുള്ള നല്ല ചേർത്തു നിറുത്തലുകളുടെ അഭാവം. ഓരോ പ്രായത്തിനും ജീവിത അവസ്ഥയ്ക്കും അനുസരിച്ചു ആളുകൾ അത് പ്രകടിപ്പിക്കുന്നതിൽ വ്യത്യാസം വരുന്നു.

## കുട്ടികളിൽ

കുട്ടികളെക്കുറിച്ച് സ്വപ്നങ്ങൾ മാതാപിതാക്കളിൽ ഉള്ളത് ഒരു നല്ല കാര്യമാണ്. അതിലേയ്ക്ക് അവരെ നയിക്കുമ്പോൾ മാതാപിതാക്കൾ കാണിക്കേണ്ട വിവേകം വളരെ പ്രധാനപ്പെട്ടതാണ്. കുട്ടിയും സ്വപ്നം കാണും, അപ്പനുമമ്മയും സ്വപ്നം കാണും. കുഞ്ഞിന്റെ കൗതുകവും താത്പര്യവും കേൾക്കാനും അതിലെ സത്ത തിരിച്ചറിയാനും മാതാപിതാക്കൾക്ക് കഴിയണം. ഓരോ ജീവനും ഓരോ ലക്ഷ്യത്തിനായാണ് ഭൂമിയിൽ പിറക്കുന്നതെന്നു ഉൾക്കൊള്ളുന്നിടത്താണ് പക്വതയുള്ള പേരന്റിംഗ് തുടങ്ങുന്നത്. ചില കുട്ടികളോട് 'ആരാകാനാണ് ആഗ്രഹം' എന്ന് ചോദിച്ചാൽ ഉത്തരം പറയുന്നതിന് അപ്പന്റെയും അമ്മയുടെയും മുഖത്ത് നോക്കുന്നത് കണ്ടിട്ടുണ്ട്. അമ്മയാണ് കുഞ്ഞിന് പകരം ആഗ്രഹം പറയുന്നത്. സ്വന്തം ആഗ്രഹങ്ങൾ കുഞ്ഞിൽ അടിച്ചേൽപിക്കുന്ന മാതാപിതാക്കൾ സ്വയം പ്രാപ്തിയും കാര്യശേഷിയുമുള്ള തലമുറയ്ക്ക് രൂപപ്പെടാനുള്ള സാധ്യത ഇല്ലാതാക്കുന്നു. സമ്മർദം താങ്ങാൻ ആകാതെ സ്വയം പൊട്ടിത്തെറിക്കുന്ന പ്രഷർ കുക്കറുകളായി മാറുന്ന മക്കളെ നോക്കി സഹതപിക്കാനായിരിക്കും വാർധക്യത്തിൽ ഇനി ഇവരുടെ യോഗം. താരതമ്യം ചെയ്തു സംസാരിക്കുന്നതും അർഹമായ പ്രോത്സാഹനം അർഹിക്കുന്ന സമയത്തും സ്ഥലത്തും വച്ച് നൽകാത്തതും കുട്ടികളിൽ സങ്കടത്തിനും ഉൾവലിയലിനും കാരണമാകുന്നു. ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന കുഞ്ഞു വേദനകൾ പ്രതികാര ചിന്തയ്ക്ക് തിരികൊളുത്തുന്നത് അത്രവേഗം മനസ്സിലാക്കാൻ കഴിയണമെന്നില്ല. മാതാപിതാക്കൾ തമ്മിലുള്ള അനാരോഗ്യകരമായ വഴക്കുകളും കുട്ടികളിൽ സംഘർഷ സ്വഭാവത്തിന് വഴിതെളിക്കുന്നുണ്ട്.

## കൗമാരക്കാരിൽ

കൗമാരക്കാരെ കൈകാര്യം ചെയ്യുന്നതിന് അധ്യാപകരും മാതാപിതാക്കളും ഒരുപോലെ വെള്ളം കുടിക്കുന്നത് കാണാം. കുട്ടിയല്ല ഞാൻ എന്ന് കുട്ടി പറഞ്ഞാൽ അതിനെ തിരുത്തി അവരുടെമേൽ ആധിപത്യം നേടാനാണ് ആദ്യം മുതിർന്നവർ ശ്രമിക്കുന്നത്. അവർ പറയുന്നതെന്തും കുട്ടിക്കളിവാക്കായി കാണുന്ന പ്രവണത മാറ്റം വരേണ്ടതാണ്. സാധനം മേടിക്കുമ്പോഴും അവരുടെ അഭിപ്രായം കൂടി കേൾക്കാൻ നമുക്ക് കഴിയാറുണ്ടോ..? വേണ്ടെന്നു പറയുന്നതിലെ കാരണം കുഞ്ഞു മനസ്സിൽ ഗ്രഹിക്കാൻ പാകത്തിന് പറഞ്ഞു കൊടുക്കാൻ മുതിർന്നവർക്ക് സാധിക്കട്ടെ. ക്ലാസ്സിലെ

വികൃതിത്തരത്തിനു ശിക്ഷണം ആകാം. എന്നാൽ, ശിക്ഷ കൊടുക്കരുതേ. അത് ഭാവിയിലേക്കൊരു വടി ഇപ്പോഴേ നമ്മൾ വെട്ടി സൂക്ഷിക്കുന്നത് പോലെയാണ്. അഭിമാനബോധം തലയുയർത്തുന്ന പ്രായത്തിൽ അവരുടെ കാഴ്ചപ്പാടുകളെ കൊട്ടിയടയ്ക്കാതെ അതിൽ നിന്നൊരു നന്മയുടെ സാധ്യത കണ്ടെത്താൻ കഴിഞ്ഞാൽ കുട്ടി ഗുണ്ടകൾ ഉണ്ടാകില്ലെന്നത് തീർച്ചയാണ്.

## യുവജനങ്ങളിൽ

കൂട്ടുകാരെ പോലെയാകാൻ ആഗ്രഹിക്കുന്ന സമയം. കൂട്ടുകാർ ദൈവങ്ങളാകുന്ന സമയം. ദൈവങ്ങൾ കൂട്ടുകൂടാൻ പറ്റാത്തവരെന്നും ഈ പ്രായത്തിൽ ചിന്തിക്കുന്നവർ ചുരുക്കമല്ല. യൗവനത്തിൽവച്ച് മോശമായ ആരുമില്ല. വളർച്ചയിലെവിടെയോ അടിതെറ്റിയതിന്റെ പ്രതിഫലനമാണ് യൗവനത്തിലുള്ള പ്രകടനങ്ങൾ. ചരിത്രത്തിൽ ഹിറ്റ്ലർ, ലാദൻ ഒക്കെ ഭീകര അന്തരീക്ഷം സൃഷ്ടിക്കാൻ പ്രാപ്തി നേടിയത് കുട്ടിക്കാലത്തിന്റെ പിന്തുണയിൽ നിന്നുമാണ്. പ്രകടിപ്പിച്ചത് യൗവനത്തിലെന്നു മാത്രം. വിയോജിപ്പുകൾ തുറന്നു പറയാൻ സാഹചര്യം ഇല്ലാതെ പോയതും പറഞ്ഞപ്പോൾ ഒക്കെ നേരിട്ട കർശന താക്കീതുകളും അതിനോട് പൊരുത്തപ്പെടാൻ കഴിയാതെ പോയതുമാണ് തിരിച്ചടികൾക്ക് അവരെ പ്രേരിപ്പിച്ചത്. എതിർക്കുന്നവരെ ഒതുക്കുന്ന പ്രതിഭാസം യൗവനത്തിന്റെ കൂടപ്പിറപ്പായി മാറ്റിയത് സമൂഹത്തിന്റെ പിടിപ്പുകേടുകൊണ്ടു തന്നെയാണ്.

കരകവിയുന്ന വെള്ളത്തിന് കൃത്യമായ ഒഴുക്ക് നല്കാൻ നല്ല ചാലുകൾക്ക് കഴിയുന്നതുപോലെ യുവജനങ്ങളിൽ ശക്തമാകുന്ന ചിന്തകൾക്കും സംശയങ്ങൾക്കും ആശയങ്ങൾക്കും നല്ല ചാലുകീറി വഴികൊടുക്കാൻ മുതിർന്നവർക്ക് കഴിയണം. പഠനം, ജോലി, വരുമാനം, ജോലി സ്ഥലത്തെ സമ്മർദങ്ങൾ ഒക്കെ അവരുടെ ക്രിയാത്മകതയെ തകർക്കാതെ നോക്കാൻ ഒരു കണ്ണ് അവരുടെമേൽ ഉള്ളത് നല്ലതാണ്. മക്കൾക്കുവേണ്ടി സമ്പാദിക്കുന്നതിനിടയിൽ അവരുടെ മനസ്സു വായിക്കാൻ നേരം കിട്ടാതെ പോകുന്ന മാതാപിതാക്കളോടൊരു വാക്ക്: മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സ്നേഹമാണ് ഏറ്റവും വലിയ പിന്തുണയെന്നു അവരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ കുറ്റവാളികളുടെ കൂട്ടത്തിൽ ഇടം നേടുന്ന നമ്മുടെ യുവജനങ്ങളുടെ എണ്ണവും ഫോട്ടോയും ഇല്ലാതാക്കാം. സാക്ഷരതയിൽ നിന്നു മാറി ആത്മഹത്യയിലും ഉറക്ക ഗുളിക ഉപയോഗിക്കുന്ന യുവജനങ്ങളുടെ എണ്ണത്തിലും നമ്മുടെ നാട് മുൻപന്തിയിലേക്ക് കുതിക്കുന്നത് നല്ലൊരു മേൽവിലാസമാണോയെന്ന് ചിന്തിക്കാം.

## എല്ലാം കൊടുക്കുന്നതും ഒന്നും കൊടുക്കാത്തതും കൊള്ളില്ല

കഷ്ടപ്പെട്ടു ജീവിച്ച മുൻതലമുറ പുതുതലമുറയെ ഒന്നും അറിയിക്കാതെ വളർത്തുന്നു. പറയുന്നതെന്തും ആ നിമിഷം എത്തിച്ചു കൊടുക്കുന്നു. ഒരു പണിയും ചെയ്യിക്കാതെ വളർത്തുന്നു. പണിയില്ലാത്തവൻ ഇന്റർനെറ്റിൽ തിരയുന്നത് എന്തെന്ന് അറിയാൻ മാതാപിതാക്കൾക്ക് നേരമില്ല. മിണ്ടാനും പറയാനും നേരമില്ലാതെ പണിയെടുക്കുന്ന മാതാപിതാക്കൾ വീട്ടിലിരുന്നു പണി പഠിച്ചു ഹാക്കർമാരായ മക്കളുടെ ഫോട്ടോ ടിവിയിൽ കണ്ടു ഞെട്ടുന്നു. എന്റെ കുട്ടി അങ്ങനെ ചെയ്യില്ല എന്ന് ഉദ്യോഗസ്ഥരോട് തർക്കിക്കും മുമ്പെങ്കിലും കുട്ടിയോടൊന്നു ഇതിനെപ്പറ്റി ചോദിക്കുകപോലും ഇല്ല. അന്ധവിശ്വാസം അല്ല ശുദ്ധവിശ്വാസം ആണ് രക്ഷയ്ക്ക് തുണയെന്നു ഇനിയും തിരിച്ചറിയാത്തവർ!!! വേണ്ടത് വ്യക്തിത്വത്തിലൂന്നി വളർത്താനുള്ള കഴിവാണ്. കൂട്ടത്തിൽകൂട്ടി കാര്യങ്ങൾ ചെയ്തും ചെയ്യിപ്പിച്ചും ചോദിച്ചും പറഞ്ഞും കൊടുത്തും ഇല്ലായ്മയെക്കുറിച്ച് ബോധ്യപ്പെടുത്തിയും നന്മയിലേക്കുള്ള വഴി കാണിച്ചു കൊടുത്തും നടന്നും നടത്തിയുമാണ് സമൂഹം വളരേണ്ടത്.

ഒറ്റയ്ക്ക് നേടാവുന്ന ഒന്നല്ല സമാധാനം, സ്വയം നന്നായി മാതൃക കാണിച്ചു അതിലേയ്ക്ക് ആൾക്കാരെ ചേർത്ത് ഒരു കൂട്ടമായി വളരുന്നിടത്തു പുലരുന്നതാണ് സമാധാനം. അവിടെ ഇല്ലാതാകുന്നത് തോക്കേന്തുന്ന രാഷ്ട്രീയവും ചോര വീണ മണ്ണുമാണ്. “തീ പടർത്താനുപയോഗിച്ച കമ്പോ കൊള്ളിയോ കത്തിത്തീർന്നാലും തീ പിന്നെയും പടർന്നുകൊണ്ടിരിക്കും. അഗ്നിപ്രഭയിൽ ഒരുപക്ഷേ, ചിന്തയുടെ അഗ്നിപ്രഭയിൽ ആത്മനാശത്തിന്റെ അംശമുണ്ട്. അതിനർഥം നിങ്ങൾ മറ്റുള്ളവരിൽ പടരുന്നു എന്നോ സ്വയം ഇല്ലാതായിത്തീർന്നിട്ട് മറ്റുള്ളവരിൽ ജീവിക്കുന്നു എന്നോ ആണ്. അതൊരു സാഫല്യമാണ്”. എം.എൻ. വിജയൻ പറഞ്ഞുവയ്ക്കുന്നതിൽ അല്പം കാര്യമുണ്ട്. ആത്മനാശത്തിനു നിദാനമാകുന്ന ചിന്തയ്ക്ക് തീയായി മാറേണ്ടത് സമാധാനത്തോടുള്ള തീക്ഷ്ണമായ ദാഹവും സ്വയം വിലയിരുത്തി തിരുത്താനുള്ള വിവേകവുമാകട്ടെ ✦



എൽസീന ജോസഫ്

*ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ എം.ഫിൽ വിദ്യാർഥിനിയായ ലേഖിക കെ.സി.വൈ.എം.-ന്റെ മുൻ സംസ്ഥാന സെക്രട്ടറിയും, ജീസസ് യൂത്ത് കേരളാ കൗൺസിൽ അംഗവും, ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിലെ ജേർണലിസം അസി. പ്രൊഫസറുമായിരുന്നു.*
elseenajoseph0@gmail.com

# എല്ലാ ഭീകരർക്കും തോക്കില്ല

അല്പം സീരിയസായി ചോദിക്കട്ടെ, ഭീകരരെ നേരിട്ട് കണ്ടിട്ടുണ്ടോ? ബിൻ ലാദനെയോ, അജ്മൽ അമീർ കസബിനെയോ പോലുള്ള ഭീകരരെ? ഇവരൊക്കെ ഇന്ന് ജീവിച്ചിരിപ്പില്ല എന്ന് അറിയാം. പക്ഷേ, ന്യൂ ജനറേഷൻ ഭീകരരെ എങ്കിലും? ബ്ലൂവെയിൽ കണ്ടെത്തിയ ആളാണെങ്കിലും മതി. ഉണ്ടോ? ഏയ്, ഞങ്ങളൊന്നും ഇവരെ ആരെയും കണ്ടിട്ടില്ല. അതിനെങ്ങനെ കാണും ഈ വകുപ്പിൽ പെടുന്നവന്മാരൊക്കെ അങ്ങ് കെട്ടുറപ്പുള്ള താവളത്തിൽ ഒളിച്ചിരിക്കുവല്ലേ. ശരി, സമ്മതിച്ചു. ചോദ്യം ഒന്ന് മാറ്റിത്തരാം, നിങ്ങളുടെതന്നെ ഏതെങ്കിലും നേരത്തെ ഭാവം കണ്ടിട്ട് നിങ്ങൾക്ക് പേടി തോന്നിയിട്ടുണ്ടോ..? നല്ല അടിപൊളി ചോദ്യം.

'കിലുക്കം' മലയാളിക്ക് മറക്കാൻ പറ്റാത്ത സിനിമയാണ്. കാണാത്തവർ വിരളമായിരിക്കും. രേവതിയുടെ അഭിനയം അത്രയ്ക്ക് കിടുക്കൻ അല്ലേ. മോഹൻലാൽ, ജഗതി ശ്രീകുമാർ ഒക്കെ സൂപ്പർ. ഓർക്കുമ്പോൾ സഹിക്കാൻ പറ്റാത്ത പെരുമാറ്റമാണ് ജസ്റ്റിസ് പിള്ളയെന്ന തിലകൻ അവതരിപ്പിച്ചിരിക്കുന്ന കഥാപാത്രത്തിന്റേത്. ടിവിക്കു മുന്നിലിരുന്നു തിലകനെതിരെ പല്ലിറുമ്മാത്തവർ നന്നേ വിരളം. ആ കഥാപാത്രത്തോട് തോന്നുന്ന അരിശത്തിന്റെ മുഴുൻ ക്രെഡിറ്റും അഭിനയപ്രതിഭയ്ക്കും കഥാപാത്രത്തിന് ജീവൻ നൽകിയ എഴുത്തുകാരനും സ്വന്തം. "ചിട്ടയില്ലാത്തവനെ ചെറ്റയെന്നും ചിട്ടയുള്ളവനെ ശ്രേഷ്ഠനെന്നും" വിളിച്ച യശ്ശശരീരനായ കുഞ്ഞുണ്ണിമാഷോടൊരു ചോദ്യം ഇത്തരം കടും ചിട്ടക്കാരെ വിളിക്കാൻ പറ്റിയ പേര് വല്ലതും ഉണ്ടെങ്കിൽ കൊള്ളാമായിരുന്നു. ചുറ്റുപാടിന്റെ ക്രമസമാധാനം ഇല്ലാതാക്കുന്ന ഇത്തരക്കാരെ 'ഭീകരനാണവൻ കൊടുംഭീകരൻ' എന്ന പഞ്ച് ഡയലോഗ് ഗൗരവത്തോടെ വിളിക്കുന്നതാവും നല്ലത്.

ചില മനുഷ്യർ ഇങ്ങനെയാ, ചുറ്റുപാടും ജീവിക്കുന്ന സകല മനുഷ്യരുടെയും സ്വസ്ഥത ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇല്ലാതാക്കാൻ ബഹുകേമന്മാരാണ്. വാക്കിലെ മൂർച്ചയും നിലപാടിലെ കണിശതയും നിസ്സാരകാര്യത്തിനുപോലും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാത്തവരും

തിങ്ങി നിറഞ്ഞ ഒരു ലോകം. ഇതിനിടയിൽ വാളെടുത്തവനെയും ബോംബെറിഞ്ഞവനെയും മാത്രമായി തീവ്രവാദിയായി ചാപ്പക്കുത്തുന്നതിൽ അല്പം ശരികേടില്ലേ എന്നാണ് ഒരു സംശയം.

'ഇപ്പോൾ ഞാൻ പറയുന്നത് അനുസരിച്ചാൽ മതി'യെന്ന് പറയുന്ന രക്ഷിതാവ് കുട്ടിയുടെ പറയാനുള്ള അവകാശത്തിന്മേൽ കത്തിവയ്ക്കുമ്പോൾ അതുവരെയും മക്കൾക്ക് പരിചയം ഉള്ള അപ്പന് മറ്റൊരു മുഖം ഉണ്ടെന്നു തിരിച്ചറിയുന്ന നിമിഷത്തെ ഭീതി ഭീകരമാണ്. പരീക്ഷയിൽ തോറ്റ കാര്യമെങ്ങാനും വീട്ടിൽ പറഞ്ഞാൽ കൊല്ലും നിന്നെ ഞാൻ എന്ന് ഭീഷണി മുഴക്കുന്ന സഹോദരങ്ങൾ, പ്രണയം നിരസിച്ചാൽ ആസിഡ് മുഖത്തൊഴിക്കും, അതുകൊണ്ടു നിവൃത്തിയില്ലാതെ സ്നേഹത്തിനു സമ്മതം നൽകുന്ന കപട പ്രണയങ്ങൾ, ഫുൾ എ പ്ലസ് കിട്ടിയില്ലേൽ മൺവെട്ടി തയ്യാറാക്കി വച്ചിരിക്കുന്ന ഗുണ്ടാ മാതാപിതാക്കൾ, അമ്മയ്ക്കും പെങ്ങൾക്കും ക്യാമറ ഭയക്കാതെ കുളിക്കാൻ പറ്റാത്ത അവസ്ഥ. ഇവരൊക്കെയാണ് ഇന്നത്തെ വൈറൽ താരങ്ങൾ. ഞങ്ങളെ നോക്കി പഠിക്ക് എന്ന് പറയാൻ കെൽപില്ലാത്തതു കൊണ്ടാണോ എന്നറിയില്ല മാതാപിതാക്കൾ മക്കൾക്കുള്ള റോൾ മോഡലുകളെ കാണിച്ചു കൊടുക്കുന്നത് അടുത്തുള്ള വീട്ടിലെ ആൾക്കാരെയാണ്. ഭാര്യ പറയും അപ്പുറത്തെ വീട്ടിലെ ചേട്ടനെ കണ്ടോ എന്ന്. എന്നാലും സ്വന്തം അപ്പൻ അമ്മയുടെ അടുത്ത് പെരുമാറുന്ന രീതിയിൽ നല്ലതു കാണാത്തതുകൊണ്ടോ പറയാൻ പറ്റുന്ന കാര്യങ്ങൾ ഇല്ലാത്തതുകൊണ്ടോ അറിയില്ല ഉദാഹരണങ്ങൾ വരുന്നത് മതിലിനപ്പുറത്തു നിന്നുമാണ്.

പെരുമാറ്റത്തിലെ വൈകൃതങ്ങൾ മനുഷ്യ ബോംബുകളെ സൃഷ്ടിക്കുകയും നന്മയ്ക്ക് വംശനാശം വരുകയും ചെയ്യുന്നത് അത്ര നല്ല സൂചനയല്ല.

എനിക്കൊരു കൂട്ടുകാരി ഉണ്ട്. പഠിക്കാൻ മിടുക്കി. രാത്രി മുഴുവൻ ഉറക്കമില്ലാതെ പഠിക്കും, നല്ല അച്ചടക്കം, കൃത്യനിഷ്ഠ, ആത്മീയ ജീവിതം മാതൃകാപരം. പെർഫെക്റ്റ് ലേഡി എന്ന ടാഗിന് അനുയോജ്യ. രാവിലെ അവൾ എഴുന്നേൽക്കുമ്പോൾ ബാത്റൂം ഒഴിവായി കാണണം ഇല്ലെങ്കിൽ അതിനുള്ളിൽ ഉള്ള ആളെ അവൾ വിളിച്ചിറക്കും. കാരണം അവൾക്ക് കൃത്യസമയത്തു വ്യായാമം ചെയ്തു തുടങ്ങണം. ഭക്ഷണ മേശയിൽ സമയത്തു സാധനം ഇല്ലെങ്കിൽ മെസ്സിലുള്ള ചേച്ചിമാരുടെ സ്വസ്ഥത പോകും. അല്പം താമസിച്ചാൽ ഇവൾക്ക് എന്നും പോകുന്ന ബസ് മിസ്സാകും. ക്ലാസ്സിൽ വച്ചുതന്നെ അവൾക്കുള്ള മുഴുവൻ സംശയങ്ങളും ചോദിച്ചു തീരുമാനത്തിലെത്തും. ബാക്കിയുള്ള കുട്ടികളുടെ സമയം പോയാലും അവളുടെ കാര്യങ്ങൾ കൃത്യമായി നടന്നിരിക്കണം. പരീക്ഷ കഴിഞ്ഞാൽ പിറ്റേന്നുതന്നെ ഉത്തരക്കടലാസ് നിർബന്ധം. തെറ്റിപ്പോയ ചോദ്യോത്തരങ്ങൾ പഠിക്കാൻ അവൾക്കുള്ള സമയം വീണ്ടും ടീച്ചർ കാരണം നഷ്ടപ്പെടുകയാണ്. പഠന മുറിയിലെ വെട്ടം രാത്രി പതിനൊന്നായാൽ ഓഫാക്കുന്നതുകൊണ്ട് ബാക്കി പഠനം ബെഡ് റൂമിലാണ്. ബാക്കിയുള്ളവരുടെ ഉറക്കം കളഞ്ഞും അവൾ പഠിച്ചു മാർക്ക് മേടിക്കും. നേരിട്ടും അല്ലാതെയും ഇവളെ ഞാൻ പലതവണ വിളിച്ചിട്ടുണ്ട് ദുസ്വഭാവക്കാരി എന്ന്. കൂട്ടുകാർക്കു ശരിക്കൊരു പേടിസ്വപ്നമാണ് അവൾ.

ചുറ്റുമുള്ള വീട്ടിലൊക്കെ വൈദ്യുതിയെത്തിയിട്ടും അവർക്ക് മാത്രം മണ്ണെണ്ണ വെട്ടം. ഇത്തവണയും നക്ഷത്രത്തിൽ ഇരുട്ടാണ്. പുൽക്കൂട്ടിൽ ഉണ്ണിക്കും റാന്തൽ വെട്ടം. അയൽപക്കത്തെ ചേട്ടൻ ഒന്ന് സമ്മതിച്ചാൽ ഒരു പോസ്റ്റ് അവരുടെ സ്ഥലത്തു നാട്ടാൻ പറ്റും. അങ്ങനെ ചെയ്താൽ ഈ വീട്ടിലും കിട്ടും കറന്റ്. എന്ത് ചെയ്യാൻ, പോസ്റ്റ് നാട്ടാൻ സ്ഥലമുടമ സമ്മതിച്ചിട്ടു വേണ്ടേ. അയൽപക്കത്തെ കുട്ടികളെ സംബന്ധിച്ച് ഈ വീട്ടുകാർ താജ് ഹോട്ടലിൽ ബോംബിട്ടവനെക്കാൾ ഭീകരന്മാരാണ്.

നേരം എത്ര വൈകി വന്നാലും വേണ്ടില്ല അന്നേരത്തെ ഭക്ഷണം ചൂടോടെ വീട്ടിലെ അടുക്കളയിൽ തന്നെ പാകം ചെയ്തത് വേണമെന്ന് ശഠിക്കുന്ന കാർന്നോന്മാരെ സഹിക്കുന്ന മരുമക്കൾ അവരെ ഏതു പേരായിരിക്കും മനസ്സുകൊണ്ട് വിളിക്കുന്നത്? എന്ത് വന്നാലും വേണ്ടില്ല ഇത്തവണ സീറ്റ് കിട്ടിയിരിക്കണം എന്ന് പറയുന്ന നേതാക്കന്മാരുടെ മുഖത്ത് നോക്കി പറ്റില്ലെന്ന് പറയാനുള്ള ധൈര്യക്കുറവല്ലേ പാവം അണികളെക്കൊണ്ട് കള്ളവോട്ട് ചെയ്യിക്കുന്നത്? ആദർശം വിട്ടൊരു പ്രസ്ഥാനമില്ല. അങ്ങനെ വന്നാൽ പിന്നെ ജീവിച്ചിരിക്കില്ലെന്നു പ്രഖ്യാപിക്കാൻ മാത്രം ശക്തമായ ഏതു ആദർശമാണ് ഇന്ന് ഇവിടെയുള്ളത്?

മുകളിലെ ചോദ്യങ്ങളിൽ എവിടെയെങ്കിലും നിങ്ങളെയോ നിങ്ങൾക്ക് പരിചയമുള്ളവരെയോ കണ്ടെങ്കിൽ ഉത്തരവാദി ഇത് എഴുതിയ ആളല്ല. ചുരുക്കത്തിൽ, പെരുമാറ്റത്തിലെ തീവ്രത മറ്റുള്ളവരുടെ സ്വസ്ഥത കളയുന്നിടത്തല്ലേ തീവ്രവാദികളെ നമ്മൾ പരിചയപ്പെടുന്നത്. കറുത്ത ജാക്കറ്റും ബുള്ളറ്റും ഉള്ളിൽ ഒളിപ്പിച്ചിരുന്ന മനുഷ്യ ബോംബുകൾ അപരിചിതമല്ല ആർക്കും. ഇത്തരം ബോംബാക്രമണം നേരിടാത്തവരായും ആരുമില്ല. ഭീകരരെ കാണാൻ ഒരു യാത്ര പ്രത്യേകം നടത്തണം എന്നാണ് ഒരു അഭിപ്രായം. കാരണം ശരിക്കൊന്ന് ആത്മശോധന നടത്തി കണ്ണാടിയിൽ നോക്കിയാൽ ആളെ കിട്ടും. അതിനെ പിന്നെ നല്ലൊരു പഞ്ച് പേരിട്ട് വിളിച്ചാൽ മതി.

ഒന്നുകൂടി പറയട്ടെ, സമാധാനമായിട്ട് ജീവിക്കാവുന്ന ചുറ്റുപാട് ഇന്ന് ഇല്ലെന്നത് സത്യമാണ്. കാരണം ഇത്രയും കാലം കാരണക്കാരായി കണ്ടെത്തിയതും കുറ്റപ്പെടുത്തിയതും മറ്റുള്ളവരെയാണ്. രക്തച്ചൊരിച്ചിൽ മാത്രമായിരുന്നു ഭീകരമെന്നും തീവ്രവാദമെന്നും മനസ്സിലാക്കാൻ ഇഷ്ടപ്പെട്ടിരുന്നത്. മറിച്ച് കൂടെയുള്ളവരുടെ സ്വസ്ഥത കളയുന്ന ഏതു കാര്യമാണോ നമ്മൾ പിടിവിടാതെ കൊണ്ടു നടക്കുന്നത് അതുതന്നെയാണ് നമ്മൾ നടത്തുന്ന തീവ്രവാദവും.

മതസ്ഥാപകരൊക്കെ 'തീവ്രവാദികൾ' ആയിരുന്നു. സ്നേഹം, സഹാനുഭൂതി, കരുണ, സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങൾ ലോകത്തിൽ കൊണ്ടുവരാൻ തീവ്രമായി യത്നിച്ചവർ. അവരിലേക്കു പാദമൂന്നുന്നതു വരെ നമ്മളെയും ചുറ്റുമുള്ളവർ വിളിക്കുക തീവ്രവാദിയെന്നാണ്. പേടിസ്വപ്നം വിതയ്ക്കുന്ന തീവ്രവാദികളെന്ന്. തനിക്കു നേരെ സ്വയം വിരൽ ചൂണ്ടി മാറ്റത്തിലേക്ക് നടക്കാം. ഇല്ലെങ്കിൽ "മാറ്റമില്ലാത്തത് മാറ്റത്തിനു മാത്രമെന്നും മാറ്റമില്ലെന്നാകിൽ നാറ്റമുണ്ടാകുമെന്നും" പഴമക്കാർ പറയുന്ന വസ്തുത മൂക്കുപൊത്തി ശ്വാസംപിടിച്ചും സ്വയം വിമർശിച്ചും സഹിക്കേണ്ടി വരുന്നത് മോശമല്ലേ? ഇരുപത്തൊന്നാം നൂറ്റാണ്ടായില്ലേ ഇനിയെങ്കിലും നന്നായില്ലെങ്കിൽ പിന്നെ ഇനി എപ്പോഴാ ഇതൊക്കെ?✦

ഓർമ

രശ്മി ജോയി പുറക്കാടൻ



*എറണാകുളം സ്വദേശിനിയായ ലേഖിക സെന്റ് തെരേസാസ് കേളേജിലും മഞ്ഞുമ്മൽ ഗാർഡിയൻ എയ്ഞ്ചൽസ് പബ്ലിക്ക് സ്കൂളിലും സ്റ്റുഡന്റ്സ് കൗൺസിലർ ആയി ജോലി ചെയ്യുന്നു.*
resmijpurakkadan@gmail.com

# "ഡാഡി വരാനുണ്ട്; എന്നിട്ടേ എനിക്ക് പോകാനാവൂ"

**ഇന്നുകളുടെ പ്രവർത്തന ശൈലിയും നാളെകളുടെ രൂപവത്കരണവും ഇന്നലകളെ ആശ്രയിച്ചിരിക്കുമെന്നുകൂടി ഓർത്തിരിക്കണം.**

1976 ജൂലൈ 27, ചൊവ്വാഴ്ച അമേരിക്കയിലെ ബ്രോങ്ക്സ് സിറ്റിയിലെ സെന്റ് മൈക്കിൾസ് ദേവാലയത്തിൽ നടന്ന കരിസ്മാറ്റിക് പ്രാർഥനാ സമ്മേളനത്തിൽ, വികാരിയച്ചന്റെ ക്ഷണം നിരസിക്കാനാകാതെ ഒരു കാഴ്ചക്കാരനായി ഞാനും പങ്കെടുത്തു. ഞങ്ങൾ അവിടെ എത്തുമ്പോൾ ഒരു യുവാവാണ് അവിടെ ഉണ്ടായിരുന്നത്, കുറച്ചു സമയത്തിനകം ഓരോരുത്തരായി മൊത്തം 13 പേർ. വന്നവർ വൃത്താകൃതിയിൽ ഇട്ട കസേരയിൽ ഇരുന്നും ചിലർ നിന്നും കുശലപ്രശ്നങ്ങൾ, വെക്കേഷൻ വിശേഷങ്ങൾ എന്നിവ പങ്കുവച്ചു. അതിനിടയിൽ ആരോ ഒരാൾ ഒരു പാട്ടു നിർദേശിച്ചു, പറഞ്ഞ മാത്രയിൽ ആദ്യം വന്ന ചെറുപ്പക്കാരൻ ഗിറ്റാർ എടുത്തു പാടാൻ തുടങ്ങി. എല്ലാവരും ചേർന്നുപാടി. എല്ലാം കഴിഞ്ഞ് പരസ്പരം ആലിംഗനം ചെയ്ത് അവർ പിരിഞ്ഞപ്പോൾ സന്തോഷവും ചാരിതാർഥ്യവും ഓരോ മുഖത്തെയും പ്രകാശിപ്പിച്ചു. തികച്ചും വ്യത്യസ്തമായ ഒരനുഭവവും ചൈതന്യവും എനിക്കും അനുഭവപ്പെട്ടു. സമ്മേളനഹാളിന്റെ വാതിലടച്ച്, പോകാൻ പറഞ്ഞ് വികാരിയച്ചൻ പോയപ്പോഴാണ് ആദ്യം വന്നയാൾ പോകാതിരുന്നത് ഞാൻ ശ്രദ്ധിച്ചത്. "എന്തേയ്, തനിച്ചായിപോയി, പോകണ്ടേ?" എന്ന ചോദ്യത്തിനു മുന്നിൽ എങ്ങോട്ടെന്നില്ലാത്തമാതിരി ഒരു നോട്ടം! ഒപ്പം കൈ നീട്ടി എന്റെ കൈയിൽ സ്പർശിച്ചുകൊണ്ടു പറഞ്ഞു "ഡാഡി വരാനുണ്ട്, എന്നിട്ടേ എനിക്കു പോകാനാവൂ", എന്നിട്ടു തുടർന്നു, "ഫാദർ ഞാൻ ജന്മനാ അന്ധനാണ് എന്റെ പേര് മൈക്കിൾ". ഞാനയാളെ നോക്കിയിട്ട് ബാഹ്യമായ കുഴപ്പമൊന്നുമില്ല, ഞാൻ ചോദിച്ചു. കാഴ്ചയില്ലാത്തതിൽ പരിഭവമില്ലേ? ഇല്ല ഫാദർ; എനിക്ക് കാണാൻ കഴിയില്ലെങ്കിലും കേൾക്കാൻ സാധിക്കുമല്ലോ? ഫാദറിന്റെ കൈക്ക് പിടിക്കുമ്പോൾ കൈയുടെ ചൂട് അറിയാമല്ലോ എനിക്ക്. എല്ലാ ചികിത്സകളും ചെയ്തിട്ടും ഫലമില്ലാത്ത നിരാശയിൽ വളർന്നപ്പോൾ കൊന്നുകളയാമായിരുന്നില്ലേ എന്നുവരെ ഞാൻ മാതാപിതാക്കളോട് ചോദിച്ചിട്ടുണ്ട്. കടുത്ത നിരാശയിൽ വളർന്ന ഞാൻ ചില സുഹൃത്തുക്കൾ നിമിത്തമാണ് ഇവിടെ എത്തിയത്. ആദ്യമാദ്യം വിരസമായി തോന്നിയെങ്കിലും ക്രമേണ എനിക്കിവിടെ വരുന്നത് ഇഷ്ടമായി. എനിക്ക് ഗിറ്റാർ ഉപയോഗിക്കാൻ സാധിക്കുന്നു, ഇന്നിപ്പോൾ എന്റെ അന്ധതയെപ്രതിയും കർത്താവിനെ സ്തുതിക്കുന്നു. ദൈവപിതാവിന്റെ പരിപാലനത്തിൽ ഞാൻ വിശ്വസിക്കുന്നു.

ദൈവത്തിന്റെ കൃപയുടെ കീഴിലായപ്പോൾ മൈക്കിളിനു വന്ന മാറ്റം എന്റെ ജീവിതത്തിലും ആഴത്തിൽ സ്പർശിച്ചു. ആ രാത്രി മുതൽ ഞാൻ കരിസ്മാറ്റിക് ആധ്യാത്മികതയെക്കുറിച്ച് പഠിക്കാനും വായിക്കാനും കൂടുതൽ അറിയാനും ശ്രമിച്ചു. പിന്നീട് കേരളത്തിൽ തിരിച്ചെത്തി, കരിസ്മാറ്റിക് ശൈലി എന്റെ പ്രാർഥനകളിൽ ഉൾപ്പെടുത്താനും ഈ ജീവിതശൈലി പിന്തുടരുന്നവരെ കണ്ടെത്തുകയും അവരുടെ കൂടെയൊക്കെ പ്രവർത്തിക്കുകയും ധ്യാനങ്ങൾക്കു കരിസ്മാറ്റിക് രീതി ഉപയോഗിക്കുകയും ചെയ്തുവന്നു. അങ്ങനെ തുടർന്ന കരിസ്മാറ്റിക് യാത്രയിൽ 85-ൽ യുവാക്കൾക്കായി നടത്തുന്ന പ്രോഗ്രാമിന്റെ പേരിനായി അബ്രഹാം പള്ളിവാതുക്കൽ അച്ചന്റെ നേതൃത്വത്തിൽ ഞങ്ങൾ കുറച്ചുപേർ ഒരുമിച്ചിരുന്നു പ്രാർഥിച്ചപ്പോൾ യേശുവിനോടൊത്ത് എന്ന പേര് കൂട്ടത്തിൽ വന്നു. പക്ഷേ, അതെല്ലാം തട്ടിമാറ്റിക്കൊണ്ട് പെട്ടന്നു കേട്ട സ്വരമാണ് 'ജീസസ്യൂത്ത്-85'.

അങ്ങനെ ഇന്നു ലോകത്തിൽ എല്ലായിടത്തും പടർന്നു പന്തലിച്ചു കിടക്കുന്ന യുവജന കൂട്ടായ്മയുടെ പേരിടൽ ചടങ്ങിൽ ഞാനും നിയോഗിക്കപ്പെട്ടു.

കരിക്കട്ടയായി മാറിക്കിടക്കാതെ അഗ്നിയുടെ ചൂടേറ്റു ജ്വലിക്കുന്ന തീക്കട്ടയായി ഈശോയുടെ കൂടെ സഞ്ചരിക്കുന്ന യുവജന കൂട്ടായ്മ ഇന്നും ആത്മാവിന്റെ ഐക്യത്തിൽ നവമായി നിലനിൽക്കുന്നതു കാണുമ്പോൾ സന്തോഷം. കുമ്പസാരിക്കാനും. ആത്മീയോപദേശത്തിനുമായി എന്നെ തേടി ഇടയ്ക്കിടെ എത്തുന്ന ജീസസ് യൂത്ത് അംഗങ്ങൾ എനിക്കും പുതിയ ഊർജം പ്രധാനം ചെയ്യുന്നു. ഇന്നു നമ്മൾ നിൽക്കുന്നുവെങ്കിൽ ഓർക്കുക ഇന്നുകളുടെ പ്രവർത്തന ശൈലിയും നാളെകളുടെ രൂപവത്കരണവും ഇന്നലകളെ ആശ്രയിച്ചിരിക്കുമെന്നു കൂടി ഓർത്തിരിക്കണം. അതിനാൽ നമുക്ക് നില്ക്കുന്നിടത്തു മാത്രം നില്ക്കാതെ ഓർമയിൽ പിന്നോട്ടു പോകാനും, പ്രത്യാശയിൽ മുന്നോട്ട് കുതിക്കാനും സാധിക്കണം. സെന്റ് പോൾ ഓർമിപ്പിച്ചു: "കരസ്ഥമാക്കിയതിനെ മുറുകെപ്പിടിച്ചുകൊണ്ടുതന്നെ നമുക്കു മുന്നോട്ടു പോകാം" (ഫിലി 3:16).



*CMI സഭാംഗമായ ഫാ. ജോസ് പാലാട്ടി, ജീസസ് യൂത്തിന്റെ രൂപീകരണത്തിലും വളർച്ചയിലും എല്ലാവിധ പ്രോത്സാഹനങ്ങളും പ്രാർഥനകളും നൽകി, ഇന്നും കൂടെ ആയിരിക്കുന്നു. നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവായ പാലാട്ടി അച്ചൻ കരിസ്മാറ്റിക് നവീകരണത്തിന്റെ കേരള സേവനസമിതിയുടേയും (KST) ദേശീയ സേവന സമിതിയുടേയും (NST) മുൻ ചെയർമാനാണ്. തന്നെ സമീപിക്കുന്നവരെ പുഞ്ചിരിയോടും പ്രാർഥനയോടും കൂടി സ്വീകരിക്കുകയും യാത്രയാക്കുകയും ചെയ്യുന്ന പാലാട്ടി അച്ചൻ ഈശോയുടെ കൂടെ എങ്ങനെ നമുക്ക് നടക്കാൻ സാധിക്കും എന്നതിന്റെ ഉത്തമ മാതൃകയും സാക്ഷ്യവുമാണ്*

JESUS YOUTH MONTHLY REFLECTION




*Prepared by: The Jesus Youth International Formation Team, Email: formation@jesusyouth.org*

### വിചിന്തനം

പന്തക്കുസ്തായുടെ ഈ മാസത്തിൽ സുകൃതങ്ങളെക്കുറിച്ചുള്ള വിചിന്തനത്തിന് താത്കാലിക വിരാമം കൊടുത്തുകൊണ്ട് യഥാർഥ ക്രിസ്തുശിഷ്യരാകാൻ നമ്മെ ശക്തീകരിക്കുന്ന പരിശുദ്ധാത്മാവിനെ ധ്യാനിക്കാം.

1. പന്തക്കുസ്താ നാളിൽ പരിശുദ്ധാത്മാവ് യേശുവിന്റെ ശിഷ്യന്മാരുടെമേൽ ഇറങ്ങി വന്നു. അവർ പവിത്രീകൃതരും അഭിഷിക്തരുമായി മാറി. ക്രിസ്തുവിന്റെ മൗതികശരീരമായ സഭയെ കെട്ടിപ്പടുക്കുകയെന്ന പ്രേഷിത ദൗത്യ നിർവഹണത്തിനായി അവർ പരിശുദ്ധാത്മ വരദാനങ്ങളാൽ ശക്തീകരിക്കപ്പെട്ടു.

2. ആദ്യ പന്തക്കുസ്താ നാളിലെ പരിശുദ്ധാത്മ വർഷം സഭയിൽ ഇന്നും തുടരുന്നു. രണ്ടാം വത്തിക്കാൻ സൂന്നഹദോസിന് ഒരുക്കമായുള്ള ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ പ്രാർഥന ഈ വസ്തുത ആവർത്തിച്ചുറപ്പിക്കുന്നു. "പരിശുദ്ധാത്മാവേ, അങ്ങയുടെ വരദാനങ്ങൾ സമൃദ്ധമായി വർഷിക്കണമേ. പുതിയ പന്തക്കുസ്തയിലെന്ന പോലെ അങ്ങയുടെ അത്ഭുതങ്ങൾ ഞങ്ങളുടെ ദിനങ്ങളിലും നവീകരിക്കണമെ." പന്തക്കുസ്താ തിരുനാൾ ഒരു അന്തിമ യാഥാർഥ്യമല്ല, പ്രത്യുത പരിശുദ്ധാത്മാവിന്റെ ആദ്യവെളിപ്പെടൽ ഇന്ന് നമ്മുടെ ജീവിത സാഹചര്യങ്ങളിൽ വ്യക്തിപരമായി വീണ്ടും ജീവിക്കാനുള്ള പുത്തൻക്ഷണമാണ്.

3. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിലെ (1:13–14) ആദ്യ പന്തക്കുസ്തായെക്കുറിച്ചുള്ള വിവരണം, പന്തക്കുസ്താനുഭവത്തിനായുള്ള ആദിമ സമൂഹത്തിന്റെ ആത്മീയ ഒരുക്കം സുവ്യക്തമായി പ്രതിപാദിക്കുന്നു. അവർ മാളിക മുറിയിൽ ഒരുമിച്ച് തീക്ഷ്ണതയോടെ പ്രാർഥനയിൽ മുഴുകിയിരുന്നു. പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ഇന്നും സ്വീകരിക്കുന്നതിന് തീക്ഷ്ണമായ പ്രാർഥനയോടെ നാം അർഥപൂർണമായ ആത്മീയ ഒരുക്കം നടത്തേണ്ടതുണ്ട്.

4. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ 'മാളികമുറി'യിലെ യേശുവിന്റെ മാതാവായ മറിയത്തിന്റെ സാന്നിധ്യം വ്യക്തമായി പ്രതിപാദിക്കുന്നു. മംഗളവാർത്തയോടു പ്രത്യുത്തരിക്കുന്ന മറിയം 'ഉന്നതത്തിൽ നിന്നുള്ളശക്തി'–പരിശുദ്ധാത്മാവിനെ–സ്വീകരിച്ചു. അതുമൂലം യേശുവിന്റെ ശരീരം അവളുടെ ഉദരത്തിൽ മാംസം ധരിച്ചു. പന്തക്കുസ്താ നാളിൽ അവൾ 'ഉന്നതത്തിൽ നിന്നുള്ള ഈ ശക്തി'– പരിശുദ്ധാത്മാവിനെ– പകർന്നു നല്കുന്ന ഉപകരണമായിത്തീർന്നു. അങ്ങനെ ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുടെ ജനനത്തിന് ഒരു കാരണമായി. പന്തക്കുസ്താ വീണ്ടും അനുഭവവേദ്യമാകുന്നതിന് ഇന്നും മറിയം നമ്മുടെ മാതൃകയും മധ്യസ്ഥയുമായി നിലകൊള്ളുന്നു.

5. പരിശുദ്ധാത്മാവിനാൽ പൂരിതരായ യേശുശിഷ്യന്മാർ 'മാളികമുറി'യുടെ അടച്ചിരുന്ന വാതിലുകൾ തുറന്നു; ക്രൂശിതനായ യേശു മരിച്ചവരിൽ നിന്ന് ഉയിർത്തു എന്നു പരസ്യമായി പ്രഘോഷിക്കാൻ ധീരതയോടെ പുറത്തുവന്നു. അവിടന്നു മാത്രമാണ് ഏക കർത്താവും ദൈവവും. അവിടന്നു മാത്രമാണ് രക്ഷകനും മാനവരാശിയെ വീണ്ടെടുക്കുന്നവനും (അപ്പ 2:14–36). പന്തക്കുസ്താഭിഷേകവും ആത്മീയാനുഭവവും യേശുവിന്റെ 'ശിഷ്യന്മാരെ' 'അപ്പസ്തോലന്മാരായി' രൂപാന്തരപ്പെടുത്തി. അവരുടെ പ്രസംഗം വിശ്വസിച്ചവരിൽ മാനസാന്തരത്തിനും ജ്ഞാനസ്നാനത്തിനും കാരണമായി. പന്തക്കുസ്താ ക്രിസ്തുവിന്റെ മൗതികശരീരമായ സഭയുടെ ഉദ്ഘാടനം കുറിച്ചു (അപ്പ 2:37–42).

6. പരിശുദ്ധാത്മാവിന്റെ ആത്മീയ വരദാനങ്ങൾ ഉപയോഗിച്ച് സഭയെ പടുത്തുയർത്തുകയെന്ന ദൗത്യമാണ് പന്തക്കുസ്താ ഉയർത്തുന്ന ആഹ്വാനമെന്ന് ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിക്കുന്നു. ജീസസ് യൂത്ത് സഭാ ശുശ്രൂഷയിലുള്ള ഒരു പ്രേഷിത മുന്നേറ്റമാണ്. നമ്മുടെ പുന:സമർപ്പണം അർഥപൂർണമാകുന്നത്, 'ഇന്ന്' നമ്മിലും നമുക്കു ചുറ്റും നമ്മുടെ സംരംഭങ്ങൾ സഭയെ പടുത്തുയർത്താൻ വേണ്ടി വിനിയോഗിക്കുമ്പോഴാണ്. നാം നമ്മെത്തന്നെ പുന:പ്രതിഷ്ഠിക്കണം–സുവിശേഷവത്ക്കരണത്തിന്, പുന:സുവിശേഷവത്കരണത്തിന്, നവസുവിശേഷവത്കരണത്തിന്.

7. സുവിശേഷത്തിന് അനുസൃതമായ വ്യക്തിപരമായ ജീവിതസാക്ഷ്യത്തിൽ നിന്നാണ് സുവിശേഷ പ്രഘോഷണം ആരംഭിക്കുന്നത്. ഓരോ ജീസസ് യൂത്തും തങ്ങളുടെ ജീവിത ചുറ്റുപാടുകളിൽ വ്യക്തിഗതമായ വിശുദ്ധിയിലൂടെ ക്രൈസ്തവ സാക്ഷ്യത്തിന്റെ പരിമളം പരത്തണം; നമ്മുടെ തൊഴിൽമേഖലകൾ വിശ്വാസം പ്രഘോഷിക്കുന്നതിനുള്ള സാധ്യതയായി മാറണം; ഓരോ ജീസസ് യൂത്ത് കുടുംബവും സമൂഹത്തിന്റെ ഉപ്പും അയൽപക്കങ്ങളിലെ ഇരുളിൽ പ്രകാശിക്കുന്ന വെളിച്ചവുമാകണം. ഓരോ ജീസസ് യൂത്ത് മിനിസ്ട്രിക്കും പുതിയസുവിശേഷവത്കരണ സംരംഭങ്ങൾ ഉണ്ടാകണം. അങ്ങനെ നാം സഭയുടെ സേവനത്തിനുള്ള പ്രേഷിതരായി മാറും. നമ്മുടെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെപോലെ സഭയെ ധീരതയോടെ പടുത്തുയർത്തുന്നതിന് നിരന്തരം പരിശ്രമിക്കുന്നതിനായി അത്യുന്നതന്റെ ശക്തി നമ്മിൽ ആവസിക്കട്ടെ എന്നു നമുക്കു പ്രാർഥിക്കാം.

യേശുവിൽ നിങ്ങളുടെ ദാസൻ,

**മാർ റാഫേൽ തട്ടിൽ**

### വിശുദ്ധയുടെ മൊഴി

പരിശുദ്ധാത്മാവേ, വരണമേ. അങ്ങിൽ വിലയം പ്രാപിക്കുന്നതിൽ നിന്ന് എന്നെ തടസ്സപ്പെടുത്തുന്നതെല്ലാം എന്നിൽ ഇല്ലായ്മ ചെയ്യണമേ...

**–വി. മേരി മഗ്ദെലൻ ഓഫ് പാസ്സി**

# കഥാചിത്രങ്ങൾ

*ജീവിതസൗന്ദര്യവും, പ്രകൃതിസൗന്ദര്യവും, അമൂർത്ത ആവിഷ്ക്കാരങ്ങളും കഥാചിത്രങ്ങളുടെ ഈ പേജിൽ പ്രസിദ്ധീകരിക്കും. ക്രിസ്തീയ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാകരുതെന്നുമാത്രം. 2 MP എങ്കിലും ഫയൽ സൈസുള്ള ക്യാമറ/മൊബൈൽ ഫോൺ ചിത്രങ്ങൾ ആശയപരമായും, കലാപരമായും, സാങ്കേതികമായും യോഗ്യതയുള്ളതാണെന്ന് ഡിസൈൻ എഡിറ്റിങ് ടീം തീരുമാനിച്ചാലാണ് പ്രസിദ്ധീകരിക്കുക. ഡിസംബർ ലക്കം പ്രസിദ്ധീകരിച്ചുകഴിഞ്ഞ് ഒരു വർഷത്തെ ചിത്രങ്ങൾ വിലയിരുത്തി 'കെയ്റോസ് ഫോട്ടോ ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോഗ്രാഫർക്ക് കെയ്റോസ് പ്രത്യേക സമ്മാനം നൽകുന്നതും പ്രസ്തുത ചിത്രം പുതുവർഷ ലക്കത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നതുമായിരിക്കും. ഒറ്റവാക്യത്തിലുള്ള അടിക്കുറിപ്പും, പേരും സഹിതം ഫോട്ടോ അയക്കുക:* myclick.kairos@gmail.com




**Chavittu Nadakam** | Photography by: Ramji Madambi, Ernakulam ✆ 98460 67238



**Statue of Jesus Christ on Good Friday in the cathedral of Amiens** | Photography by: Jorisvo, Belgium




വീട്ടുകാര്യം


# കൊച്ചു കൊച്ചു സന്തോഷങ്ങൾ

## വിശുദ്ധ കുർബാനയിലൂടെ ലഭിക്കുന്ന ഉൾബലവും കുടുംബത്തിൽ നിറയുന്ന ആനന്ദവും അനുഭവിക്കുകതന്നെ വേണം.

ദിവസേനയുള്ള ബലിയർപ്പണമാണ് ജീവിതത്തിൽ എന്നെ നയിക്കുന്നതും ബലപ്പെടുത്തുന്നതും. ദൈവത്തെ സ്വീകരിക്കാൻ ഒരു യോഗ്യതയുമില്ലാത്ത എന്നെ, ജീവിതത്തിൽ തകർന്നു പോകേണ്ട പല സാഹചര്യങ്ങളുണ്ടായിട്ടും ദൈവം കരുണയോടെ കാത്തു. ബലിയർപ്പണത്തിന്റെ അനുഭവത്തിൽ ജീവിക്കാൻ ഇടയാക്കിയത് ദൈവസ്നേഹത്തിന്റെ അടയാളമായി കാണുകയാണ്.

പരിശുദ്ധനും വലിയവനുമായ ദൈവം, തിരുവോസ്തി രൂപത്തിൽ നിസ്സാരയായ എന്നിലേക്കു വരുമ്പോൾ സന്തോഷം കൊണ്ട് പലപ്പോഴും എന്റെ കണ്ണുകൾ നിറയാറുണ്ട്. ഓരോ കുർബാനയിലും ഈയനുഭവമാണുള്ളത്. കുർബാനയ്ക്കിടെ എന്റെ നിറകണ്ണുകൾ വലിയ കരച്ചിലിലേക്ക് പോകുമോയെന്നു പോലും ഭയപ്പെട്ടിട്ടുണ്ട്. അന്നേരമെല്ലാം ആളുകൾ ശ്രദ്ധിക്കാതിരിക്കാൻ മുഖം മറച്ചു നിൽക്കാൻ പരിശ്രമിക്കുമായിരുന്നു.

എനിക്ക് രണ്ടു മക്കളുണ്ട്. മക്കളോടും ഈ കാര്യങ്ങൾ പറഞ്ഞുകൊടുക്കാറുണ്ട്. ജീവിതം ദൈവദാനമാണെന്നും മറന്നുപോകാതെ ഓർമയിൽ ഇതെന്നുമുണ്ടാകണമെന്നും. മക്കളുടെ പഠനവും ഭാവിയുമെല്ലാം കർതൃകരങ്ങളിൽ ഏൽപിച്ചിരിക്കുകയാണ്, കാരണം നമ്മൾ പ്ലാൻ ചെയ്യുന്നതു പോലെ ആകണമെന്നില്ലല്ലോ ദൈവമാഗ്രഹിക്കുന്നത്. കുടുംബത്തിനുവേണ്ടി മാത്രമല്ല, സമൂഹത്തിനും നന്മയുള്ള വരായി തീരണമെന്നാണ് കുട്ടികളെ പഠിപ്പിക്കുന്നത്. ദൈവാനുഗ്രഹത്താൽ മക്കളുടെ കാര്യത്തിൽ സന്തോഷവും അഭിമാനവും തോന്നാറുണ്ട്. ദൈവവചനത്തിലൂടെയുള്ള പ്രാർഥനയും വചനസന്ദേശങ്ങൾ ഉൾക്കൊണ്ടുള്ള അവരുടെ സംസാര രീതിയുമൊക്കെ മക്കളെ മാത്രമല്ല, മാതാപിതാക്കളായ ഞങ്ങളെയും ആത്മീയ ജീവിതത്തിൽ ആഴപ്പെടുത്താറുണ്ട്. കൊച്ചു കൊച്ചു കാര്യങ്ങളിലൂടെ ദൈവത്തെ സ്നേഹിക്കുമ്പോൾ വലിയ അനുഗ്രഹങ്ങളാണ് ദൈവം നൽകികൊണ്ടിരിക്കുന്നത്.



*മേരിക്കുട്ടി ജെയിംസ്, കലൂർ*

# പത്തുകന്യകമാർ പറഞ്ഞത്

## തലക്കിട്ട് ഒരു അടി കിട്ടിയപോലെ ഞാൻ കണ്ടു; എണ്ണ വറ്റി കെട്ടു പോകാറായ എന്റെ വിളക്ക്. “ദൈവമേ” അറിയാതെ ഒരു നിലവിളി ഹൃദയത്തിൽ ഉയർന്നു.

കുറച്ചു ദിവസങ്ങളായി പ്രെയർ ലൈഫ് താറുമാറായിട്ട്. അതൊന്ന് തിരിച്ചു പിടിക്കാനുള്ള ശ്രമത്തിലായിരുന്നു. (വളരെ ആത്മാർഥമായി ശ്രമിച്ചതുമില്ല). അതുകൊണ്ടുതന്നെ ഞാൻ നോക്കിയിരുന്ന് പ്രാർഥിക്കാറുള്ള കർത്താവിന്റെ രൂപത്തിലോട്ട് നോക്കാൻ ഒരു കുറ്റബോധം. ഒന്നും ശരിയാകുന്നില്ല. തൊട്ടതിനും പിടിച്ചതിനും ദേഷ്യം. കെട്ടിയോനോടും പിള്ളേരോടും ദ്വേഷ്യം. പാവങ്ങൾ, അവരെന്തു ചെയ്യാൻ. മൊത്തത്തിൽ ഒരു അസ്വസ്ഥത.

ഇതിങ്ങനെ വിട്ടാൽ പറ്റില്ലല്ലോ. തിങ്കളാഴ്ച രാവിലെ കുർബാനയ്ക്കു പോയി. മനോഭാവത്തിന് വലിയ വ്യത്യാസം ഒന്നുമില്ല. ‘നിനക്ക് വേണേൽ എന്നെ ശരിയാക്കുക’ ഇതാണ് ഭാവം.


സുവിശേഷ വായന തുടങ്ങി. പത്തു കന്യകമാരുടെ ഉപമ. എണ്ണ മേടിക്കാൻ പോയ കന്യകമാർ തിരികെ വന്നപ്പോൾ മണവാളൻ വന്നു; കതകടച്ചു. അച്ചൻ ബൈബിൾ അടച്ചു അൾത്താരയിലേക്ക് മടങ്ങി. തലക്കിട്ട് ഒരു അടി കിട്ടിയപോലെ ഞാൻ കണ്ടു; എണ്ണ വറ്റി കെട്ടു പോകാറായ എന്റെ വിളക്ക്. “ദൈവമേ” അറിയാതെ ഒരു നിലവിളി ഹൃദയത്തിൽ ഉയർന്നു. എന്റെ വിളക്കിലേക്ക് എണ്ണ ഒഴിച്ചു തരാൻ വേറെ ആർക്കും പറ്റില്ല. ഞാൻ തന്നെ നിറയ്ക്കണം. എന്റെ ആത്മാവിന്റെ രക്ഷ എന്റെ മാത്രം ഉത്തരവാദിത്തമാണ്.

കൈകൂപ്പി കണ്ണീരോടെ അവന്റെ സന്നിധിയിൽ നിന്നു. ഞാനൊന്നു കാലിടറിയപ്പോൾ, എന്നിലെ ‘ഞാൻ’ പൊങ്ങി വന്നപ്പോൾ എനിക്ക് മാത്രം മനസ്സിലാകുന്ന വിധത്തിൽ എന്നെ തിരുത്തിയ തമ്പുരാൻ.

പള്ളിയിൽ നിന്നും തിരികെ വരുമ്പോൾ മനസ്സിൽ സ്തുതികളായിരുന്നു. പ്രാർഥിച്ചിട്ടും കിട്ടാത്തതിന്റെ പേരിലുള്ള പരാതികളുടെ ഒരു ഭാണ്ഡവുമായിട്ടാണ് ഞാൻ അങ്ങോട്ടു പോയതെങ്കിൽ തിരികെ വരുമ്പോൾ ഞാൻ ചോദിക്കുകപോലും ചെയ്യാത്ത വലിയ അനുഗ്രഹങ്ങൾ ഒരു പെരുമഴയായി എന്റെ ജീവിതത്തിൽ കൃത്യസമയത്ത് തന്നു കൊണ്ടിരിക്കുന്നത് കാണാൻ എന്റെ കണ്ണുകൾ ദൈവം തുറന്നു.

വീടിനുള്ളിലേയ്ക്ക് കയറുമ്പോൾ ഒരു ബോധ്യം കൂടി കിട്ടി. ഞാൻ സ്തുതിക്കുന്നതും പ്രാർഥിക്കുന്നതും ദൈവത്തിന്റെ മഹത്വം കൂട്ടാനല്ല. എന്റെതന്നെ രക്ഷയ്ക്കാണ്. കർത്താവ് തന്ന ഈ ജീവിതം, അവിടത്തേയ്ക്ക് ഇഷ്ടമുള്ളത് പോലെ; സന്തോഷത്തോടെ ജീവിക്കാൻ.

സങ്കീർത്തകൻ പറയുന്നു: “തനിക്ക് പ്രീതികരമായി ചരിക്കുന്നവനെ അവിടന്ന് സുസ്ഥിരനാക്കും. അവൻ വീണേക്കാം. എന്നാൽ അത് മാരകമായിരിക്കുകയില്ല. കർത്താവ് അവന്റെ കൈയിൽ പിടിച്ചിട്ടുണ്ട്.” (സങ്കീ 37:23-24).



*റോസ്മേരി ടിറ്റോ, ചങ്ങനാശേരി*

മൈ സ്റ്റോറി

# വിശ്വാസം കുടുംബത്തിൽ

## പരിശുദ്ധമായ ആചരണത്തിലൂടെ പറഞ്ഞറിയിക്കാനാവാത്ത അനുഗ്രഹങ്ങൾ!!


'വിശ്വാസം അതല്ലേ എല്ലാം' എന്ന പരസ്യ വാചകം കാണാനും കേൾക്കാനും നല്ല രസമുണ്ടെങ്കിലും ജീവിതത്തിൽ അതു പ്രാവർത്തികമാക്കിയപ്പോൾ ഉണ്ടായ മനോഹരമായ ഒരു ദൈവാനുഭവമാണ് ഞങ്ങൾക്കുള്ളത്. ഭാര്യയുടെ പ്രസവാവധിയുടെ കാര്യത്തിൽ ഉണ്ടായ ദൈവിക ഇടപെടലാണ് ഞായറാഴ്ചയാചരണം ഞങ്ങൾക്ക് കുറേക്കൂടി വിശുദ്ധമാക്കാൻ ഞങ്ങളെ പ്രേരിപ്പിക്കുന്നത്.

കേന്ദ്ര ഗവൺമെന്റ് നിയമമനുസരിച്ച് പ്രസവാവധിക്ക് ആറ് മാസത്തെ ശമ്പളം ലഭിക്കുമെന്നാണ്. എന്നാൽ, എന്റെ ഭാര്യ അനുപം കേന്ദ്ര-സംസ്ഥാന വിഭാഗത്തിൽ രണ്ടു ഡിപ്പാർട്ട്മെന്റിലായി പ്രവർത്തിച്ചിരുന്നതുമൂലം ലീവ് സാലറി ലഭിക്കുകയില്ലാത്ത അവസ്ഥവന്നു. എന്നിരുന്നാലും കൂടെ ജോലി ചെയ്തിരുന്ന ചിലർക്ക് പ്രസവാവധി ശമ്പളം ലഭിച്ചു. അനുപമിന് മാത്രം കിട്ടിയില്ല. ശമ്പളം കിട്ടാൻ കേസിനുപോകണം എന്ന സ്ഥിതിവന്നു. കുറച്ചു പണം കേസിനായി നൽകുകയും ചെയ്തു. കേസ് ജയിക്കുമെന്ന കാര്യത്തിൽ ഒരുറപ്പുമില്ല.

കേസ് ഫയൽ ചെയ്ത് ഒരു മാസം കഴിഞ്ഞപ്പോൾ കൂടുതൽ തെളിവുകൾ സബ്മിറ്റ് ചെയ്യാൻ ഈ കേസിന്റെ ഹൈക്കോടതിയിലെ വക്കീൽ ഒരു ഞായറാഴ്ച ദിവസം ഞങ്ങളുടെ വീടിനടുത്തുള്ള തൃശൂർ ടൗണിലേയ്ക്ക് വിശദവിവരങ്ങൾ കൊണ്ടുചെല്ലാനായി വിളിപ്പിച്ചു. ഞങ്ങൾ വക്കീലിന്റെ എറണാകുളത്തുള്ള വീട്ടിലേക്ക് മറ്റൊരു ഇടദിവസം വരാമെന്ന് പറഞ്ഞു. അങ്ങനെ ശനിയാഴ്ച ഞങ്ങൾ, വക്കീലിന്റെ എറണാകുളത്തുള്ള വീട്ടിലെത്തി കാര്യങ്ങൾ അവതരിപ്പിക്കുകയും എല്ലാ രേഖകളും നൽകുകയും ചെയ്തു.

ദൈവത്തിനു മഹത്വം! കൃത്യം ഒരു മാസത്തിനുള്ളിൽ കേസ് ജയിക്കുകയും ഏകദേശം മൂന്നുമാസത്തെ ശമ്പളം ലഭിക്കുകയും ചെയ്തു. ഇതിനു മുമ്പും പല ഞായറാഴ്ചകളിലും ഞങ്ങൾ ദൈവിക കാര്യങ്ങൾക്കായി ചെലവാക്കിയസമയവും മറ്റും ദൈവം ഞങ്ങൾക്ക് കൂടുതൽ നേട്ടങ്ങളോടെ തിരിച്ചു നൽകിയിട്ടുണ്ട്.

പത്ത് കൽപനകളിൽ "കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം" എന്ന മൂന്നാമത്തെ കൽപനയനുസരിച്ച് നമ്മൾ ജീവിക്കുമ്പോൾ ദൈവം നമുക്കും നമ്മുടെ കുടുംബത്തിനും നൽകുന്ന അനുഗ്രഹങ്ങൾ നിരവധിയാണ്. വി.ബലിയർപ്പണം, കൂട്ടായ്മ പ്രാർഥനകൾ, ആത്മീയ പ്രവർത്തനങ്ങൾ, ഭവന സന്ദർശനം, കുടുംബ സമ്മേളനങ്ങൾ, തുടങ്ങി വൈവിധ്യമാർന്ന തലത്തിൽ ഞായറാഴ്ചയെ കൂടുതൽ പരിശുദ്ധമായി ആചരിക്കാൻ പരിശ്രമിക്കാം, ഒപ്പം സമാധാനത്തിന്റെയും ആനന്ദത്തിന്റെയും ദാതാവായ ദൈവത്തോടു ചേർന്നുനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാം




*പ്രിൻസ് ഡേവിസ്, ഇരിങ്ങാലക്കുട,*
*ഫ്രീലാൻസ് ക്രിയേറ്റീവ് കൺസൾട്ടന്റ്*



മൈസ്റ്റോറി

# കൃപയ്ക്കു കീഴിൽ കൃതജ്ഞതയോടെ

## കുഞ്ഞു കുഞ്ഞു കാര്യങ്ങളിലൂടെ പുണ്യത്തിൽ വളരാം. അനുദിന പരിശീലനത്തിലൂടെ ആഴത്തിൽ വളരാം



*റിജോ വിനീഷ്, കാഞ്ഞിരപ്പള്ളി*

"കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്, നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതി; നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി" (ജെറ 29:11). 1997-ലാണ് ഈശോ എന്നെ വ്യക്തിപരമായി സ്നേഹിക്കുന്നുവെന്നും എന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട് അത് നാശത്തിനല്ല, ക്ഷേമത്തിനാണ് എന്നുള്ള ഉറപ്പും എനിക്ക് ലഭിച്ചത്. ഈ ഒരു വചനമാണ് കഴിഞ്ഞ 22 വർഷമായി പ്രത്യാശ കൈവിടാതെ ജീവിക്കാൻ എന്നെ സഹായിക്കുന്നത് എന്നും രാവിലെ ഉണരുമ്പോൾ കുരിശു വരച്ച് തിരുഹൃദയ നാഥനോട് ഇന്നേ ദിവസം മനോഹരമാക്കാൻ വേണ്ട എല്ലാ കൃപയും തരണേ എന്നതാണ് ആദ്യ പ്രാർഥന. ഈ കൃപയുള്ളതു കൊണ്ടാണ് ഒമ്പതു പേരടങ്ങുന്ന ഞങ്ങളുടെ കുടുംബം സന്തോഷമായി പോകുന്നത്.

ഈ സന്തോഷത്തിൽ നിലനിൽക്കാനായി ഞങ്ങൾ ചെയ്യുന്നത്, ആറുമക്കളും അമ്മച്ചിയും കാര്യങ്ങളെല്ലാം ഒരുമിച്ച് ചെയ്യാൻ ശ്രമിക്കുന്നു എന്നതാണ്. ഞങ്ങൾക്കാവശ്യമുള്ള പച്ചക്കറികളെല്ലാം ഞങ്ങൾതന്നെ വീട്ടിൽ ഉണ്ടാക്കുന്നു. പാലിനായി ആടുകളെ വളർത്തുന്നു. മുട്ടകൾക്കും ഇറച്ചിക്കും കോഴിയും മുയലും, പിന്നെ മീൻവളർത്തലും. ഇതെല്ലാം സാധിക്കുന്നത് ദൈവകൃപ ഒന്നുകൊണ്ടു മാത്രമാണ്.

ചങ്ങനാശ്ശേരി എസ്.ബി കോളേജിൽ പഠിപ്പിക്കുകയാണ് വിനീഷ്. ഞാൻ Medical and psychiatric social worker ആയി ജോലി ചെയ്യുന്നു. ഇതോടൊപ്പം മറ്റുകാര്യങ്ങളെല്ലാം ചെയ്യാനാകുന്നത് ഈശോയ്ക്കു വേണ്ടി കുഞ്ഞു കുഞ്ഞു കാര്യങ്ങൾ ചെയ്യാൻ പരിശ്രമിക്കുന്നതുകൊണ്ടാണ്. ഇത്തരത്തിൽ നന്മയിൽ ജീവിക്കുമ്പോൾ നമ്മൾ പൂർണരാണെന്ന് നമ്മൾ തന്നെ കരുതാനിടയുണ്ട്. അങ്ങനെയായാൽ ആ നിമിഷം തന്നെ, നമ്മുടെ ശത്രുവായ പിശാച് മൂലപാപങ്ങളുമായി നമ്മുടെ മുമ്പിൽ ഓടിയെത്തും. പിന്നീട് അവനുമായി മല്ലിട്ട് ചെറുത്തു തോൽപിച്ച്, പുണ്യങ്ങളെ മുറുകെ പിടിച്ച് മുന്നേറണം. ഒരു വിധത്തിൽ പറഞ്ഞാൽ ഇങ്ങനെ ഒരാത്മീയ സമരത്തിലൂടെയാണ് നാം പിശാചിനെ തോല്പിച്ച് പുണ്യത്തിൽ വളരുന്നത്.

ഈ തിരിച്ചറിവും ഈ ദിവസങ്ങളിലെ ഇത്തരത്തിലുള്ള ആത്മീയ പരിശീലനവും എന്നിൽ വരുത്തിയ മാറ്റം വളരെ വലുതാണ്. ഈശോയുടെ ഈ കാരുണ്യത്തെ ഓർത്ത് ഒത്തിരി നന്ദി പറയുന്നു. ഉത്ഥിതനായ ഈശോയുടെ സ്നേഹം എല്ലാവർക്കും നേരുന്നു ✦

സാജൻ സി.എ



ഫാമിലി കഫേ

# ഒരു യമണ്ടൻ കുടുംബകഥ



***കുടുംബസ്ഥർക്കും കുടുംബ ജീവിതത്തിനായി ഒരുങ്ങുന്നവർക്കും കുടുംബത്തെക്കുറിച്ച് ഒരായിരം നിറങ്ങളുള്ള സ്വപ്നങ്ങളുണ്ടാകട്ടെ എന്നാശംസിക്കുന്നു.***

*കുടുംബത്തിന്റെ കെട്ടുറപ്പും നിലനിൽപും എന്നത് മാതാപിതാക്കളും മക്കളും ചെറുമക്കളുമൊക്കെ ഒരുമിച്ചുള്ള ജീവിതമാണ് എന്ന് നമുക്കെല്ലാവർക്കും അറിയാം. കൂടുമ്പോൾ ഇമ്പമുള്ളതും കുടുംബം തന്നെ.*

*കുടുംബത്തിന്റെ മാഹാത്മ്യം സുന്ദരമായി വർണിക്കുന്ന എത്രയെത്ര ചലച്ചിത്രങ്ങൾ. അച്ഛൻ, അമ്മ, മക്കൾ എന്നിങ്ങനെ നൈർമല്യത്തിന്റെ നനവുള്ള ബന്ധങ്ങളുടെ കഥകളും നമുക്കുചുറ്റും ഏറെയുണ്ട്. കവികളും എഴുത്തുകാരും സംസ്കാരിക നേതാക്കളുമൊക്കെ വാനോളം പുകഴ്ത്തുന്ന, കുടുംബമെന്ന ദേവാലയത്തിന്റെ പവിത്രതയെ അക്ഷരലോകം നമുക്ക് കാണിച്ചുതരുന്നുമുണ്ട്.*

*ഇങ്ങനെയൊക്കെ ആണെങ്കിലും സാംസ്കാരിക ലോകത്തിനു കളങ്കം ചാർത്തുന്ന രീതിയിൽ കുടുംബങ്ങളുടെയും കുടുംബത്തിൽ പിറന്നവരുടെയും ചങ്ക് തകർക്കുന്നതുമായ 'കൂടപ്പിറപ്പുകളുടെ' കഥകളാണ് ഓരോ പ്രഭാതത്തിലും നമുക്കു മുന്നിലേയ്ക്ക് എത്തുന്നത്. സാക്ഷര കേരളം രാക്ഷസകേരളമായി മാറുകയാണോ?*

*യു.എ.ഇ-യിലെ ജോലി രാജിവച്ച് നാട്ടിലെത്തിയ ഇരിങ്ങാലക്കുടക്കാരൻ നെൽസൻ പറയുന്നത് കേൾക്കാം, വലിയ സന്തോഷത്തിനും സാമാധാനത്തിനും കാരണമാകുന്ന കൊച്ചു കൊച്ചു തീരുമാനങ്ങളും അതിലൂടെയുണ്ടാകുന്ന ജീവിതാനുഭവങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്നുണ്ട്.*

94-ൽ ക്രിസ്റ്റീൻ ഓഡിയോവിഷ്വൽ മിനിസ്ട്രിയിൽ കൂടിയാണ് ഞാൻ ജീസസ് യൂത്തിൽ കടന്നുവരുന്നത്. പിന്നീട് ക്യാമ്പസിലെ തെറ്റായ കൂട്ടുകെട്ടും രാഷ്ട്രീയവും എന്നെ കുറച്ചുവർഷങ്ങൾ ഈശോയിൽ നിന്നും അകറ്റിയെങ്കിലും എന്നെ സ്നേഹിക്കുന്ന ദൈവം എന്നെ ഉള്ളംകൈയിൽ താങ്ങുന്നുണ്ട് എന്ന എന്റെ തിരിച്ചറിവ് എന്നെ ആ പിതാവിന്റെ സ്നേഹത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവന്നു. ധൂർത്തപുത്രന്റെ ഉപമയിൽ വായിച്ചറിഞ്ഞ ആ പിതാവി



നെയാണ് എനിക്ക് കാണാൻ കഴിഞ്ഞത്. വിവാഹശേഷം വീണ്ടും 2010-ൽ ജീസസ് യൂത്തിലേയ്ക്കു തിരിച്ചുവന്ന ഞങ്ങൾക്ക് ഈശോയുടെ സ്നേഹം അതിന്റെ പൂർണത യിൽ അനുഭവിക്കാൻ സാധിച്ചു.

ഭാര്യയും മൂന്നു മക്കളുമായി സസന്തോഷം യു.എ.ഇ-ൽ ജീവിക്കുമ്പോഴും അപ്പച്ചന്റെയും അമ്മച്ചിയുടെയും കൂടെ അവരുടെ വാർധ ക്യത്തിൽ ഒരുമിച്ചു ഉണ്ടാകണമെന്ന അതി യായ ആഗ്രഹവും ഞങ്ങളുടെ ഉള്ളിൽ ഉണ്ടായിരുന്നു. ദിവസവും രാവിലെ ഞങ്ങൾ അഞ്ചുപേരും കൈകോർത്തു പിടിച്ചു പ്രാർ ഥിച്ച് 91-ാം സങ്കീർത്തനം ചൊല്ലുന്ന പതിവ് ഉണ്ടായിരുന്നു. മൂന്നുവർഷത്തെ ശക്തമായ പ്രാർഥനയ്ക്കുശേഷം യു.എ.ഇ-യിലെ അർധസർക്കാർ ഏവിയേഷൻ കമ്പനിയിലെ ജോലി രാജി വെച്ച് നാട്ടിൽ മാതാപിതാക്ക ളുടെ കൂടെനിന്ന് ജോലി നോക്കാം എന്ന് തീരുമാനിച്ചു.

ഞങ്ങളെ ഉള്ളം കൈയിൽ താങ്ങി പരിപാലി ക്കുന്ന ഈശോ, ഞങ്ങൾ മാതാപിതാക്കൾക്ക് വേണ്ടി എടുത്ത ആ തീരുമാനത്തെ മാനി ച്ചത് ഞാൻ സ്വപ്നംപോലും കാണാത്ത ഒരു മാനേജ്മെന്റ് ഡിസിഷനിൽ കൂടിയായിരുന്നു. എന്റെ രാജിക്കത്ത് അവർ റിജക്റ്റ്ചെയ്ത് നാട്ടിൽ, വീട്ടിലിരുന്ന് ജോലി ചെയ്യുവാനുള്ള ഒരു Offshore Contract എനിക്കുതന്നു. മാനു ഷിക ബുദ്ധിയിൽ ഒരിക്കലും സംഭവിക്കില്ല എന്നു കരുതിയ ഒരു സംഭവം ആയിരുന്നു അത്. അതിൽ നിന്നും ഞങ്ങൾക്ക് ബോധ്യ മായ ഒരു കാര്യം മാതാപിതാക്കളുടെ കൂടെ യായിരിക്കാൻ ഞങ്ങൾ എടുത്ത തീരുമാനം ഞങ്ങളുടേതായിരു ന്നില്ല. പരിശുദ്ധാത്മാവി നാൽ പ്രചോദിതരായ ഞങ്ങൾ എടുത്ത ഒരു തീരുമാനം ആയിരുന്നു അത്; ഈശോയുടെ ഹിതം ആയിരുന്നു അത്. ഞങ്ങളുടെ അപ്പച്ചന്റെ അവസാന നാളുകളിൽ മക്കളുടെ കളിയും ചിരിയും ഒക്കെ കണ്ടു കൊണ്ട് സന്തോഷം നിറഞ്ഞ ഒരു മനസ്സോടു കൂടെയാണ് അപ്പ ച്ചൻ സ്വർഗീയ പിതാവിന്റെ അടുക്കലേയ്ക്ക് യാത്രയായത്.

നാട്ടിൽ വന്ന ഞങ്ങൾക്ക് ജീസസ് യൂത്ത് ഹൗസ് ഹോൾഡിലൂടെയും ഫാമിലി സ്ട്രീമിലൂടെയും ഈശോയോടുചേർന്നു നിൽക്കാനുള്ള കൃപ ഈശോ നൽകി. കഴിഞ്ഞ പത്തു വർഷത്തെ ജീസസ് യൂത്ത് എക്സ്പീരിയൻസിൽ നിന്നും ഞങ്ങൾക്ക് മനസ്സിലായ ഒരു കാര്യം ഈശോയ്ക്കു വേണ്ടി കൊടുക്കുന്ന സമയവും കഴിവു കളും മറ്റെന്തുമായിക്കൊള്ളട്ടെ അതൊന്നും നമ്മുടെ ജീവിതത്തിൽ ഒരു കുറവുകളും വരുത്തുകയില്ല എന്നതാണ്. അതെല്ലാം നിറച്ചു കുലുക്കി തിരിച്ചുതരുന്ന ഒരു ദൈവ മാണ് നമുക്കുള്ളത്. ഞങ്ങൾക്കിന്ന് ജീസസ് യൂത്ത് കൂട്ടായ്മ ഞങ്ങളുടെ ജീവശ്വാസ മാണ്. എല്ലാക്കാലത്തും കുടുംബം ഒരുമിച്ച് ഈശോയ്ക്കു സാക്ഷ്യം വഹിക്കാൻ ഇടയാ ക്കണമേ എന്നാണ് ഞങ്ങളുടെ പ്രാർഥന.

ഇതുപോലെ എത്രയെത്ര അനുഭവങ്ങൾ പലർക്കും പറയാനുണ്ടാകും. ജീവിതത്തിന്റെ കേന്ദ്രബിന്ദുവായി കുടുംബത്തെ കാണു കയും സ്വർഗത്തിന്റെയും വിശ്വാസ പരിശീല നത്തിന്റെയും പ്രഥമവേദിയായി കുടും ബത്തെ കണക്കാക്കുകയും വേണമെന്നു ള്ളത് നിസ്തർക്കമായ കാര്യമാണ്.

വാസ്തവം പറഞ്ഞാൽ എന്തുമാത്രം നന്മകളാണ് നമുക്ക് നഷ്ടമാകുന്നത്. അന്യ നാട്ടിൽ കഴിയുന്നവർക്ക് നാട്ടിലുള്ള അച്ഛൻ അമ്മ എന്നൊക്കെ പറയുന്നത് അവരുടെ


***മാനുഷിക ബുദ്ധിയിൽ ഒരിക്കലും സംഭവിക്കില്ല എന്നു കരുതിയ ഒരു സംഭവം ആയിരുന്നു അത്. അതിൽ നിന്നും ഞങ്ങൾക്ക് ബോധ്യമായ ഒരു കാര്യം, മാതാപിതാക്കളുടെ കൂടെയായിരിക്കാൻ ഞങ്ങൾ എടുത്ത തീരുമാനം ഞങ്ങളുടേതാ യിരുന്നില്ല.***

തന്നെ ജീവശ്വാസമാണ്. അതുകൊണ്ടുതന്നെ യാവണം നാട്ടിൽ പോകണം, അച്ഛനെയും അമ്മയെയും കാണണം എന്നൊക്കെ പറയു മ്പോൾ ജീവിതത്തിൽ, കൈവിട്ടു പോയ സൗഭാഗ്യം തിരികെ കിട്ടുന്ന പ്രതീതിയോടെ യാണ് അവർ നാട്ടിലേയ്ക്ക് യാത്രയാകുന്നത്.


എത്ര വളർന്നാലും അമ്മയുടെയും അച്ഛ ന്റെയും സ്നേഹത്തിന്റെ മൃദുലത ആവോളം ആസ്വദിക്കാത്ത ഏതു മക്കളാണുള്ളത്. നീണ്ട ജീവിത യാത്രയിൽ കൊടുംചൂടിൽ തളർന്നു പോകുമ്പോൾ ആശ്വാസമേകുവാൻ തണലൊരുക്കി ഇളംകാറ്റുമായി കാത്തു നിൽക്കുന്ന അമ്മമരങ്ങളും ഏതു കൊടുങ്കാ റ്റിലും പേമാരിയിലും ആടിയുലയാതെ അഭയകേന്ദ്രമാകുന്ന അപ്പന്റെ നിശ്ശബ്ദ സാന്നിധ്യവുമെല്ലാം ജീവിതത്തിന്റെ സൗഭാ ഗ്യങ്ങളല്ലാതെ മറ്റെന്താണ്?

ഈയിടെ കണ്ട ഒരു യമണ്ടൻ പ്രേമകഥ എന്ന സിനിമയിലെ ദുൽഖറിന്റെ കഥാപാത്ര ത്തെയാണ് ഇപ്പോൾ ഓർമ വരുന്നത്. വീടും നാടും നാട്ടിലെ തോടും ചേറിന്റെ മണവും പിന്നെ മൂവാണ്ടൻ മാങ്ങയും പള്ളിപ്പെരുന്നാ ളുകളും ഉത്സവങ്ങളും എന്നുവേണ്ട ഇത്തര ത്തിലുള്ള ഗൃഹാതുരുത്വം നിറഞ്ഞ ഹൃദയ ത്തുടിപ്പുകളാണ് ഇവന്റെയുള്ളിൽ നിറഞ്ഞു നിൽക്കുന്നത്. ഒടുവിൽ ജീവിതത്തിലൊരി ക്കലും നമുക്ക് നഷ്ടപ്പെടാൻ പാടില്ലാത്ത സർഗാത്മകതയിലേക്കും നിറഞ്ഞ സന്തോ ഷത്തിലേക്കുമൊക്കെ കണ്ണുതുറക്കുവാൻ ഇവനെ തള്ളിപ്പറഞ്ഞ മാതാപിതാക്കളടക്കം പലർക്കും പ്രചോദനമാകുന്നതും ഈ കഥാപാത്രത്തിലൂടെയാണ്.

കുടുംബസ്ഥർക്കും കുടുംബജീവിതത്തിനായി ഒരുങ്ങുന്നവർക്കും കുടുംബത്തെക്കുറിച്ച് ഒരായിരം നിറങ്ങളുള്ള സ്വപ്നങ്ങളുണ്ടാ കട്ടെ. ദൈവം നട്ടു നനച്ച് വളർത്തുന്ന കുടുംബം എന്ന ഈ മലർവാടിയിൽ ഇനിയും സ്നേഹത്തിന്റെ സുഗന്ധമുള്ള പുഷ്പങ്ങൾ വിരിഞ്ഞ് പൂത്തുലയട്ടെ ✦


TEEN Spirit
എല്ലാകൂട്ടുകാർക്കും
ടീൻസ് സ്പിരിറ്റ്
ഒരു കിടിലൻ
സ്കൂൾവർഷം നേരുന്നു.
SCHOOL..

ടോണി സി. തോമസ്




*തൊടുപുഴ സ്വദേശിയും എഞ്ചിനീയറിംഗ് കോളേജ് അധ്യാപകനുമാണ് ലേഖകൻ.*
*tonycthomas093@gmail.com*

RAINBOW

# സ്കൂൾ ബെൽ



പുത്തൻ സ്കൂൾ വർഷത്തിൽ ആവേശത്തോടെ വിദ്യാലയത്തിലേക്ക് കുതിക്കാൻ തയ്യാറായി നിൽക്കുന്ന എല്ലാം ടീൻസിനും ടീൻസ് സ്പിരിറ്റിന്റെ ആശംസകൾ. ഒരു ചെറിയകഥ പറയാം. പ്രശസ്തനായ ഒരു ചിത്രകാരന്റെ അടുത്ത് ഒരു വൃദ്ധനെത്തുന്നു. വൃദ്ധന്റെ കൈവശം ഒരു കെട്ട്, അതിൽ നിന്ന് ഒരു ചുരുളെടുത്ത് അയാൾ ചിത്രകാരനു നേരെ നീട്ടി. അത് ആ വൃദ്ധൻ വരച്ച ഒരു ചിത്രമായിരുന്നു. അതിനെപ്പറ്റി ഒരു അഭിപ്രായം പറയണമെന്ന് വൃദ്ധൻ ആവശ്യപ്പെട്ടു. “അത്ര പോരാ” ചിത്രകാരൻ തുറന്നു പറഞ്ഞു. വൃദ്ധൻ മറ്റൊരു ചിത്രം അയാൾക്കു നൽകി. സർഗാത്മകത നിറഞ്ഞുതുളുമ്പുന്ന ഒരു അനുപമ സൃഷ്ടിയായിരുന്നു അത്. ചിത്രകാരൻ അത്ഭുതംകൂറി ചോദിച്ചു: “പറയൂ ഇതാരാണ് വരച്ചത്? ഇത്ര മനോഹരമായ ഒരു സൃഷ്ടി അടുത്ത കാലത്തെങ്ങും ഞാൻ കണ്ടിട്ടില്ല.” വൃദ്ധൻ ഒന്നു



പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. സുഹൃത്തേ ഞാൻ തന്നെയാണ് ഇതു വരച്ചത്. പക്ഷേ, പത്തു മുപ്പതുകൊല്ലം മുമ്പാണെന്നു മാത്രം.

ഈ കഥയിലെ വൃദ്ധൻ തന്റെ ചെറുപ്പകാലത്ത് നന്നായി ചിത്രങ്ങൾ വരയ്ക്കുമായിരുന്നു. എന്നാൽ, തന്റെ ആ കഴിവ് വികസിപ്പിക്കാനോ പ്രയോജനപ്പെടുത്താനോ അയാൾക്കു കഴിഞ്ഞില്ല. വർഷങ്ങൾക്കു ശേഷം പിന്നെ ആ കഴിവ് തിരിച്ചു പിടിക്കാൻ നോക്കിയപ്പോഴാകട്ടെ അതിൽ വിജയിക്കാനും അയാൾക്കു കഴിഞ്ഞില്ല.

പ്രിയ ടീൻസ്, നമ്മുടെ കഴിവുകൾ പ്രയോജനപ്പെടുത്തുവാനും വളർത്താനുമുള്ള ഒരുപാട് അവസരങ്ങൾ നമ്മുടെ ചുറ്റിലുമില്ലേ. ഈ സ്കൂൾ വർഷത്തിൽ നമുക്ക് അതൊക്കെ പ്രയോജനപ്പെടുത്തിയാലോ?

നിങ്ങൾ കാർലോ അക്വിറ്റിസ് (Carlo Acutis) -നെപ്പറ്റി കേട്ടിട്ടില്ലേ? തന്റെ കമ്പ്യൂട്ടർ വൈദഗ്ധ്യം പ്രയോജനപ്പെടുത്തി ദിവ്യകാരുണ്യ അത്ഭുതങ്ങൾ പ്രചരിപ്പിച്ച ഒരു കൗമാരക്കാരൻ പുണ്യവാൻ. ധന്യനെന്ന് തിരുസഭ 2018 ജൂലൈ 5-ന് നാമകരണം ചെയ്ത ഒരു കൊച്ചുമിടുക്കൻ. ഇങ്ങനെ ഒരുപാട് ഉദാഹരണങ്ങൾ നമുക്കു ചുറ്റുമുണ്ട്.

ഒരു വിദ്യാലയത്തിലെ ആനിവേഴ്സറി നടക്കുകയാണ്. വിരമിക്കുന്ന ഒരധ്യാപികയ്ക്കു വേണ്ടി അതാ കുട്ടികൾ ഒരു ഗാനം ആലപിക്കുന്നു. മനോഹരമായ വരികൾ. അധ്യാപിക തന്റെ മറുപടി പ്രസംഗത്തിൽ മനം നിറഞ്ഞ് കുട്ടികളെ അഭിനന്ദിക്കുന്നു. അന്വേഷിച്ചപ്പോഴാണ് അറിയുന്നത് അത് എഴുതിയതും സംഗീതം ചെയ്തതും പത്താം ക്ലാസ്സിലെ ഒരു മിടുക്കിയാണ്.

മറ്റൊരു സ്കൂളിൽ, കുട്ടികൾ ചേർന്ന് ഒരു ഹോണസ്റ്റി ഷോപ്പ് തുടങ്ങി. വിൽപനക്കാരനില്ലാത്ത ഷോപ്പ്. പെൻസിൽ, പേന, ബുക്ക് അങ്ങനെയെല്ലാം അതിലുണ്ട്. ആവശ്യമുള്ളത് എടുക്കാം. തുക ബോക്സിൽ നിക്ഷേപിക്കാം. സംഗതി ക്ലിക്കായി. ഈയൊരു സംഭവം മറ്റുചില സ്കൂളുകൾ കൂടി അനുകരിച്ചുതുടങ്ങി.

ലഹരി ഉപയോഗം കുതിച്ചുയർന്ന കാലം. അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർഥികൾ ഒരു ബോധവത്ക്കരണ റാലിയും പോസ്റ്റർ പ്രചരണവും നടത്തുന്നു. പരിപാടിക്ക് നേതൃത്വം നൽകിയ അധ്യാപകൻ അഭിമാനത്തോടെ പറഞ്ഞു; മുദ്രാവാക്യങ്ങൾ തയ്യാറാക്കിയതും പോസ്റ്ററുകൾ വരച്ചതും ഇങ്ങനെയൊരു റാലി സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതുമെല്ലാം കുട്ടികളാണ്.

4 മിടുക്കന്മാർ ഒരവധിക്കാല ക്യാമ്പിൽ പങ്കെടുത്തു. ഒരു സാഹിത്യ ശില്പശാല, വായന പ്രോത്സാഹിപ്പിക്കണം എന്താണ് മാർഗമെന്ന് അവർ ആലോചിച്ചു. തിരിച്ച് സ്കൂളിലെത്തിയ അവർ ഒരു ബുക്ക് ചെയിൻ തുടങ്ങി. ഓരോരുത്തരും ഓരോ ബുക്ക് സംഭാവന ചെയ്യണം. ഓരോ മാസവും ബുക്കുകൾ അടുത്തയാൾക്ക് നൽകണം. അങ്ങനെ ചെയിൻ പൂർത്തിയാകുമ്പോൾ എല്ലാ ബുക്കുകളും എല്ലാവരും വായിച്ചു കഴിയും.


സ്കൂൾ സ്ഥിതിചെയ്യുന്ന നഗരത്തിലെ മാലിന്യ പ്രശ്നം രൂക്ഷമായി. ഒരു സംഘം പ്ലസ്ടു വിദ്യാർഥികൾ ചേർന്ന് ആർട്സ് ഫെസ്റ്റിന് അത് സംബന്ധിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കി മത്സരത്തിനയച്ചു. സംഗതി നന്നായി. ആനുവൽ ഡേയ്ക്ക് സ്കൂളിലെത്തിയ എം.എൽ.എ-യെ പ്രിൻസിപ്പൽ ആ ഡോക്യുമെന്ററി കാണിച്ചു. എം.എൽ.എ. കുട്ടികളെ അഭിനന്ദിച്ചു എന്നു മാത്രമല്ല, മാലിന്യ പ്രശ്നം പരിഹരിക്കാൻ ശക്തമായ ശ്രമങ്ങൾക്ക് തുടക്കമിടുകയും കൂടി ചെയ്തു.

പ്രിയകൂട്ടുകാരെ, ഇതുപോലെ നിങ്ങളുടെ സർഗശേഷിയും ക്രിയാത്മകതയും വിനിയോഗിക്കാൻ കിട്ടുന്ന ധാരാളം അവസരങ്ങളുണ്ടാകും. നിങ്ങൾ അവ തേടിപ്പിടിച്ച് സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കുക. നിങ്ങളുടെ കഴിവുകളെ ദൈവം ആഗ്രഹിക്കുന്നതുപോലെ വളർത്തുക. ഏവർക്കും ഒരു കിടിലൻ സ്കൂൾവർഷം നേരുന്നു.

*നിങ്ങൾക്കും ഇത്തരം പോസിറ്റീവ് സംഭവം പറയാനുണ്ടോ? എങ്കിൽ ടീൻസ് സ്പിരിറ്റുമായി പങ്കുവയ്ക്കാൻ മറക്കേണ്ട.*

*62828 82021 teenspirit.kairos@gmail.com*

നിതിൻ ബോബൻ



*2017 ബാച്ച് ഫുൾടൈമറാണ്. ഇപ്പോൾ ബാഗ്ലൂരിൽ എഞ്ചിനിയറായി ജോലിചെയ്യുന്നു.*

MY STORY

# ടീൻസും ഞാനും

**ടീൻസിനോട് സ്നേഹപൂർവം ഇടപെടുന്ന അനേകം ചേട്ടന്മാരെയും ചേച്ചിമാരെയും ഇന്നാവശ്യമുണ്ട്. നമുക്കും നമ്മുടെ സൗഹൃദ വലയത്തിൽ ടീൻസിനെ ഉൾക്കൊള്ളിക്കാം.**

ടീനേജേഴ്സും ഞാനുമായുമുള്ള ബന്ധം തുടങ്ങുന്നത് എന്റെ ഫുൾടൈമർഷിപ്പ് കാലഘട്ടത്തിലാണ്. അതുവരെ ഞാൻ ഇടപഴകിയിരുന്ന ടീൻസ് എന്റെ കസിൻ അനിയന്മാരും അനിയത്തിമാരും മാത്രമായിരുന്നു. വിദ്യാർഥിയായിരുന്ന കാലത്തും ടീൻസ് മിനിസ്ട്രി എനിക്ക് അജ്ഞാതമായിരുന്നു. ചില ടീനേജേഴ്സിനെ ഫോളോ അപ്പ് ചെയ്യാമോ എന്നു ചോദിച്ച് ടീൻസ് മിനിസ്ട്രിയിലെ ചിലർ എന്നെ സമീപിച്ചതോടെയാണ് തുടക്കം. എന്താണ് ചെയ്യേണ്ടത് എന്ന് വ്യക്തമായ ധാരണ എനിക്കുണ്ടായിരുന്നില്ല. ടീൻസിനായി പ്രാർഥനാ ഗ്രൂപ്പോ, മറ്റെന്തെങ്കിലുമോ തുടങ്ങേണ്ടതുണ്ടോ എന്നു ഞാൻ ചോദിച്ചപ്പോൾ അതുവേണ്ട സമയം കിട്ടുമ്പോൾ അവരുടെ കൂടെ നടന്നാൽ മതി എന്നായിരുന്നു എനിക്കു കിട്ടിയ മറുപടി.

ഓരോ ടീനേജറും അത്ഭുതങ്ങളാണ് എന്ന് ഞാൻ തിരിച്ചറിഞ്ഞു തുടങ്ങിയത് അപ്പോഴാണ്. ഓരോരുത്തരും വ്യത്യസ്ത കഴിവുകളുള്ളവർ, ഓരോരുത്തരുടെയും ചിന്തകളും അഭിരുചികളും പ്രശ്നങ്ങളും എല്ലാം വ്യത്യസ്തം. അവരെ അനുഗമിക്കുക എന്നത് വളരെ ബുദ്ധിമുട്ടേറിയ ഒരു കാര്യമാണെന്ന് എല്ലാവരും പറയുമെങ്കിലും ടീൻസിനൊപ്പമായിരിക്കാൻ ഞാൻ ഏറെ ഇഷ്ടപ്പെട്ടിരുന്നു.

പഠനവുമായി ബന്ധപ്പെട്ടും പെരുമാറ്റവുമായി ബന്ധപ്പെട്ടുമൊക്കെ ടീനേജേഴ്സ് വളരെയേറെ സമ്മർദങ്ങൾ നേരിടുന്നതായി എനിക്കു മനസ്സിലായി. കുട്ടികളായോ മുതിർന്നവരായോ സമൂഹം അവരെ കാണുന്നില്ല. എന്നാൽ, അവരിൽ നിന്ന് ഏറെ കാര്യങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു. അവരുടെ സങ്കടങ്ങൾ കേൾക്കാനും അവർക്ക് നിർദേശങ്ങൾ നൽകാനുമൊക്കെ എനിക്ക് ചില അവസരങ്ങൾ കിട്ടി. അങ്ങനെയിരിക്കെ ഒരിക്കൽ ഒരു സ്റ്റുഡന്റ് കൗൺസിലർ അവരോടൊപ്പം ഒരു ടീനേജറോട് സംസാരിക്കാൻ എന്നെയും ക്ഷണിച്ചു. ആ കുഞ്ഞിന് തന്റെ ഹൃദയം തുറക്കാൻ ദൈവം എന്നെ ഒരു ഉപകരണമാക്കിയത് എന്റെ ജീവിതത്തിലെ മറക്കാത്ത ഒരനുഭവമാണ്.

ടീനേജേഴ്സുമായുള്ള ഇടപെടലിൽ നിന്ന് എനിക്കു മനസ്സിലായ ഒരു കാര്യം അവരോട് ഈ വഴിയിലൂടെ പോകുക എന്നു പറയുന്നതിലല്ല, വഴി കണ്ടെത്താൻ അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് മുതിർന്നവരുടെ ജോലി. ഉപദേശങ്ങൾ ഇഷ്ടമല്ലാത്ത പ്രായമാണല്ലോ ടീനേജ്. ഉത്തരവുകൾ നൽകുന്ന അധികാരിയെപ്പോലെയല്ല കൂടെനടക്കുന്ന ഒരു സുഹൃത്തിനെപ്പോലെ വേണം ടീനേജേഴ്സിനോട് ഇടപെടാൻ.


ടീനേജേഴ്സിന് അതിജീവിക്കാൻ കഴിയാത്ത ഒരു വെല്ലുവിളിയും അവർ നേരിടുകയില്ല. ഉത്തരം കണ്ടെത്താൻ കഴിയാത്ത ഒരു ചോദ്യവും അവരുടെ മുന്നിലില്ല. നമ്മൾ അവരെ അനുധാവനം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും വേണമെന്നു മാത്രം.

ഞാനൊരു ഗെയിം ഡെവലപ്പറായാണ് ജോലി ചെയ്യുന്നത്. ഗെയിമുകളിൽ വിജയിക്കുന്നതിൽ മാത്രമല്ല അത് ആസ്വദിക്കാൻ കഴിയുന്നതിലുമാണ് കാര്യമിരിക്കുന്നത്. ഗെയിം കളിക്കുന്നവർക്ക് വെറുതെ ഒരു ഗൈഡ് ലൈൻ നൽകുന്ന രീതി അത് വികസിപ്പിക്കുമ്പോൾ ഞാൻ പിന്തുടരാറില്ല. അവർ സ്വന്തമായി ആസ്വദിച്ച് വഴി കണ്ടെത്തട്ടെ. ഇതുപോലെ തന്നെയാണ് ജീവിതത്തിലും. പഠനത്തിലാകട്ടെ മറ്റുമേഖലകളിലാകട്ടെ ടീൻസ് പരാജയപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താനല്ല, മറിച്ച് തോറ്റാലും അവർ വീണ്ടും എഴുന്നേറ്റ് പരിശ്രമിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനാകണം മുതിർന്നവർ ശ്രദ്ധിക്കേണ്ടത്.

ടീൻസിനോട് സ്നേഹപൂർവം ഇടപെടുന്ന അനേകം ചേട്ടന്മാരെയും ചേച്ചിമാരെയും ഇന്നാവശ്യമുണ്ട്. നമുക്കും നമ്മുടെ സൗഹൃദ വലയത്തിൽ ടീൻസിനെ ഉൾക്കൊള്ളിക്കാം✦



LOGOS






ഷൈന ഹിലാരി

SMILEY







സിയോൻ ജോസഫ്

FLY HIGH

# അപ്പം നൽകിയ പയ്യൻസ്

അന്ന് ഒരു ഒഴിവു ദിവസമായിരുന്നു. വീട്ടിൽ ബോറടിച്ചിരിക്കുമ്പോഴാണ് കൂട്ടുകാർ അവനെ വന്നു വിളിച്ചത്."എടാ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ആ ഗുരു മലഞ്ചെരുവിലുണ്ട്. ഞങ്ങളങ്ങോട് പോവുകയാണ്, നീവരുന്നോ?" ആ ഗുരുവിനെക്കുറിച്ച് അവൻ ഏറെ കേട്ടിരുന്നു; യേശു എന്നാണ് പേര്. നല്ല കഥകൾ പറഞ്ഞുതരും. കേട്ടിരുന്നാൽ സമയം പോകുന്നതറിയില്ല. "അമ്മേ ഞാൻ പോകുന്നു." അവൻ ഇറങ്ങാൻ ഭാവിച്ചു. "ഇതുകൂടി കൊണ്ടുപൊയ്ക്കോളൂ വിശക്കുമ്പോൾ കഴിക്കാം." രാവിലെ ഉണ്ടാക്കിയ അഞ്ച് ബാർലിയപ്പവും രണ്ടു മീനും അമ്മ അവനു പൊതിഞ്ഞു നൽകി.



ഗുരു സംസാരിക്കുന്നത് കേട്ടിരുന്ന് ഉച്ചയായി. അവനു വിശന്നുതുടങ്ങി. രാവിലേയും ഒന്നും കഴിച്ചിരുന്നില്ല. അപ്പോഴാണ് ഗുരുവിന്റെ ഒരു ശിഷ്യൻ ചോദിച്ചത് "ആരുടെയെങ്കിലും കൈയിൽ കഴിക്കാൻ എന്തെങ്കിലുമുണ്ടോ? ഗുരു ചോദിക്കുന്നു." പയ്യൻ ഒന്നാലോചിച്ചു. നല്ല വിശപ്പ്.എങ്കിലും ഗുരു ചോദിച്ചതല്ലേ, കൊടുത്തേക്കാം. തന്റെ അപ്പവുമായി അവൻ യേശുവിന്റെ അടുക്കലെത്തി. അവനത് ഗുരുവിനു നൽകി. ഗുരു സ്നേഹത്തോടെ അത് സ്വീകരിച്ചതിനു ശേഷം എല്ലാവരോടും പുൽത്തകിടിയിൽ ഇരിക്കുവാൻ പറഞ്ഞു. അപ്പമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്തു. എല്ലാവർക്കുമായി നൽകാൻ തുടങ്ങി പയ്യനു തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. താൻ നൽകിയ അഞ്ചപ്പം തീർന്നു പോകുന്നില്ല. അവിടെ കൂടിയ എല്ലാവർക്കും വേണ്ടുവോളം നൽകിയിട്ടും അത് അവശേഷിക്കുന്നു. അവനും കഴിച്ചു വയറുനിറയെമിച്ചം വന്നതിൽ ഒരു പങ്ക് അമ്മയ്ക്കു നൽകാനായി ശേഖരിച്ചാണ് അവനന്നു മടങ്ങിയത്.

പ്രിയ ടീൻസ്, നമ്മുടെ പഠനത്തേയും കൊച്ചു കൊച്ചു പ്രയത്നങ്ങളെയും സ്നേഹപൂർവം ഈശോയ്ക്ക് നൽകാം, അവിടന്ന് അത് നൂറിരട്ടിയായി വർധിപ്പിച്ച് നമുക്കു തരും.

JY NEWS

## സോണൽ കൗൺസിൽ, സെൻട്രൽ മിനിസ്ട്രി ട്രെയിനിംഗ്

കേരള ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ 2019-2021 കാലഘട്ടത്തിലേക്ക് തിരഞ്ഞെടുത്ത ടീമുകളുടെ പരിശീലനം മെയ് 10 മുതൽ 12 വരെ തൃക്കാക്കര ഭാരത് മാതാ കോളജിൽ വച്ചു നടന്നു. എല്ലാ സോണൽ, മിനിസ്ട്രി ടീമുകളിൽ നിന്നുമായി 250-ഓളം പേർ പങ്കെടുത്തു. റീച്ചൗട്ട്, ബിലോഗിംങ്നെസ്, ജീസസ് യൂത്ത് ഐഡന്റിറ്റി, മിഷൻ എന്നീ 4 മേഖലകളിലൂടെയായിരുന്നു ട്രെയിനിംഗ് പ്രധാനമായും നടന്നിരുന്നത്. ഇതിനിടയിൽ കെയ്റോസ് മാഗസിന്റെ ചീഫ് എഡിറ്ററായി 100 മാസം സേവനമനുഷ്ടിച്ച ഡോ.ചാക്കാച്ചൻ ഞാവള്ളിൽ സാറിനെ ജീസസ് യൂത്ത് കുടുംബാംഗങ്ങൾ ആദരിക്കുകയും പുതിയ ചീഫ് എഡിറ്ററായി ചുമതലയേറ്റ അഡ്വ. കെ.ജെ ജോൺസനെ പരിചയപ്പെടുത്തുകയും ചെയ്തു. ട്രെയിനിംഗിന്റെ അവസാന ദിവസം അഭിവന്ദ്യ. മാർ. റാഫേൽ തട്ടിൽ പിതാവ് പ്രോഗ്രാമിൽ വരുകയും പിതാവിന്റെ സാന്നിധ്യം ഏറെ ഹൃദ്യമായിത്തീരുകയും ചെയ്തു.



## ഡി.റ്റി.പി (Discipleship training Program)

കേരള കാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മെയ് 13 മുതൽ 21 വരെ ഡി.റ്റി.പി. നടന്നു. ആദ്യ 5 ദിവസം എറണാകുളത്ത് കളമശ്ശേരിയിലെ ജ്യോതിർ ഭവനിലും ബാക്കി 4 ദിവസം പുനലൂരിലെ അച്ചൻ കോവിലിലുമായിരുന്നു പ്രോഗ്രാം നടന്നത്. പരിശീനത്തിന്റെ ഭാഗമായി ഭവന സന്ദർശനങ്ങളും വിവിധ സ്ഥലങ്ങളിലായി നാട്ടുകാരുമായി ഒരുമിച്ചുള്ള കൂട്ടായ്മകളും സംഘടിപ്പിച്ചു. 18 സോണുകളിൽ നിന്നായി 19 പെൺകുട്ടികളും 16 ആൺകുട്ടികളും 2 സിസ്റ്റേഴ്സും ടീം ലീഡേഴ്സും ഉൾപ്പെടെ 45 പേർ പരിപാടിയിൽ പങ്കെടുത്തു.



*പത്താം ക്ലാസ്സ് പാസ്സായവർക്കു വേണ്ടി ആലുവ നിവേദിതയിൽ വച്ചു നടത്തിയ സോൾട്ട് & ലൈറ്റ് പ്രോഗ്രാമിൽ പങ്കെടുത്തവർ*

# ഹൈലൈറ്റ്സ്

*കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായ ചിലത് കെയ്റോസ് വായനക്കാർക്കായി ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.*

## പവിഴപ്പുറ്റുകൾ ഇല്ലാതായാൽ

പ്രിയ തൂവശ്ശേരിയുടെ കോറൽ വുമൺ എന്ന ചലച്ചിത്രം സമുദ്രത്തിനടിയിലെ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചാണ്. പവിഴപ്പുറ്റുകളുടെ നഷ്ടം മത്സ്യമേഖലയിൽ ഉണ്ടാക്കുന്ന നഷ്ടം നികത്താനാവാത്തതാണ്. തൂത്തുക്കുടി മേഖലയിലെയും മാന്നാർ കടലിടുക്കിലെയും അടിയന്തര പ്രാധാന്യമർഹിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെറ്റിയുള്ള ഈ സിനിമയുടെ വിവരണം സമകാലിക മലയാളം വാരിക (ഏപ്രിൽ 19) നൽകിയത് പുതിയ ബോധ്യങ്ങൾ നൽകുന്നു.

## സത്യത്തെ ചൂണ്ടിക്കാണിക്കാൻ ഭയപ്പെടുന്ന മാധ്യമങ്ങൾ

ഇന്ത്യൻ മാധ്യമരംഗത്ത് 'ദി ടെലഗ്രാഫ്' പോലെ വളരെ ചുരുക്കം മാധ്യമങ്ങൾ മാത്രമാണ് ശരിയായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നുള്ളൂ. സർക്കാരിനെ വിമർശിച്ചാൽ ദേശവിരുദ്ധരായി ചിത്രീകരിക്കുമെന്നതിനാൽ മുഖ്യധാരാ മാധ്യമങ്ങൾ വാർത്തകൾ തമസ്കരിക്കുകയോ എവിടെയും തൊടാതെ അവതരിപ്പിക്കുകയോ ചെയ്യുന്നു. അല്ലെങ്കിൽ എപ്പോഴും കേസും കൂട്ടവുമായി നടക്കേണ്ടി വരും. ടെലഗ്രാഫിന്റെ എഡിറ്റർ ആർ. രാജഗോപാലുമായുള്ള അഭിമുഖം മാധ്യമം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചത് (ഏപ്രിൽ 29) മാധ്യമരംഗത്തെ അപചയങ്ങളെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ സഹായകരമാണ്.

## ദളിത് പീഡനത്തിന്റെ അതിക്രൂര കഥകൾ

നൂറ്റാണ്ടു മുൻപ് കേരളത്തിൽ നിലനിന്നിരുന്ന അതിക്രൂരമായ ദളിത് പീഡനത്തിന്റെ അനുഭവ വിവരണങ്ങൾ മാതൃഭൂമി ആഴ്ചപ്പതിപ്പിലുണ്ട് (മേയ് 12) മുഖ്യധാരാ കേരള ചരിത്രത്തിലൊന്നും ഇതു രേഖപ്പെടുത്തിയിട്ടില്ല.

## പുറമേ രാജകീയമാണെങ്കിലും

പൊതുവേ ഉദ്യോഗത്തിലെ ഉന്നതകുലരായിട്ടാണ് ഐ.എ.എസ്-കാർ വിലയിരുത്തപ്പെടുന്നത്. എന്നാൽ പരിശീലന കാലത്തും ഉദ്യോഗ നിർവഹണ രംഗത്തും അവരനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പ്രത്യേകതകളും വ്യത്യസ്തമാണ്. അതിനെപ്പറ്റി മുൻ കേരള ചീഫ് സെക്രട്ടറി കെ. ജയകുമാർ മേയ് 13-ലെ സമകാലിക മലയാളം വാരികയിൽ എഴുതിയ ലേഖനം ശ്രദ്ധേയമാണ്.

## പ്രസിദ്ധീകരണം നടത്തുന്നവർക്ക് ഒരു പാഠപുസ്തകം

പ്രസിദ്ധ സാഹിത്യകാരനായ യു.വി.കുമാരൻ പത്രപ്രവർത്തനരംഗത്തെ തന്റെ അനുഭവങ്ങൾ 21 ലക്കങ്ങളിലായി സമകാലിക മലയാളം വാരികയിൽ എഴുതിയത് പ്രസിദ്ധീകരണ രംഗത്തുള്ളവർക്ക് ഒരു പാഠപുസ്തകമാണ്.

## ശ്രീലങ്കയ്ക്കു ശേഷം കേരളം...?

ശ്രീലങ്കയിലെ സ്ഫോടന പരമ്പരകളുടെ പാശ്ചാത്തലത്തിൽ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി (എൻ.ഐ.എ) നടത്തിയ അന്വേഷണത്തിൽ ഭീകരവാദികളുടെ ലിസ്റ്റിൽ 'കമിങ് സോൺ'ആയി രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലം കേരളമാണെന്നു കണ്ടെത്തിയിരിക്കുന്നു. എൻ.ഐ.എ അറസ്റ്റു ചെയ്ത മലയാളികളിൽ നിന്നാണ് ഈ വിവരം ലഭിച്ചിരിക്കുന്നത്. ശ്രീലങ്കൻ സ്ഫോടനവുമായി നേരിട്ടു ബന്ധപ്പെട്ട ചിലർ കേരളത്തിൽ പലപ്രാവശ്യം വന്നുപോയി എന്നത് ഭീതിദമായ വിവരമാണ്.

## ചരിത്ര പ്രാധാന്യമുള്ള നിയമം

ഗർഭാവസ്ഥയിലുള്ള കുഞ്ഞുങ്ങളെ കൊല്ലുന്നത് കൊടിയ കുറ്റകൃത്യമാക്കി അമേരിക്കയിലെ അലബാമ, മിസ്സോറി സർക്കാരുകൾ നിയമം പാസ്സാക്കി. അമ്മയുടെ ജീവനു ഹാനികരമായ സന്ദർഭത്തിൽ മാത്രമാണ് ഭ്രൂണഹത്യ ഇനി അവിടെ നടത്താൻ അനുവാദമുള്ളൂ. റിപ്പബ്ലിക്കുകളാണ് അലബാമയും മിസ്സോറിയും ഭരിക്കുന്നത്. ഭ്രൂണഹത്യയ്ക്കെതിരെയുള്ള പോരാട്ടത്തിൽ വലിയ ചുവടുവയ്പായി നമുക്കിതിനെ കാണാം.



ഷാർലറ്റ് ആൻസ് ടോം



*ഗാന്ധിയൻ പഠനത്തിൽ എം.എ. ബിരുദധാരിയായ ലേഖിക അതേ വിഷയത്തിൽ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ ഗവേഷണ പഠനമാരംഭിക്കുകയാണ്.*
sharletans@gmail.com

മിഷൻ

# താങ്കൾ വിളിക്കുന്ന സബ്സ്ക്രൈബർ പരിധിക്കു പുറത്താണ്

**എന്റെ മിഷൻ യാത്രയിൽ ഒരിക്കലും എനിക്ക് നാണംകെടേണ്ട അവസ്ഥ ഉണ്ടായിട്ടില്ല. എല്ലാ നിമിഷവും ദൈവം കൂടെയുള്ളതും വഴിനടത്തുന്നതുമായ അനുഭവമായിരുന്നു.**



2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയത്തിനു ശേഷം ജീസസ് യൂത്ത് 'നല്ല അയൽക്കാരൻ' പ്രോജക്റ്റിന്റെ ഭാഗമാവുകയും നിരവധി ക്യാമ്പുകളിലും പ്രളയ ബാധിത പ്രദേശങ്ങളിലും പോവുകയുംചെയ്തു. അങ്ങനെയാണ് ഒരു മിഷൻ യാത്ര പോകണമെന്ന ആഗ്രഹം ഉണ്ടായത്. പിന്നീട് പല വ്യക്തികളിൽ നിന്നുകേട്ട മിഷൻ അനുഭവങ്ങൾ ഉള്ളിലെ ആഗ്രഹത്തിന്റെ തീവ്രതയെ ആളിക്കത്തിച്ചു.

മിഷനു പോകണമെന്ന ആഗ്രഹം പാലാ സോണൽ കോ-ഓർഡിനേറ്ററുമായി പങ്കുവയ്ക്കുകയും എവിടെ മിഷനു പോകണമെന്നുള്ളത് തീരുമാനിച്ചോളാൻ അദ്ദേഹം എന്നോട് പറയുകയും ചെയ്തു. ഏത് സ്ഥലം തെരഞ്ഞെടുക്കണം എന്ന ചിന്തയും മനസ്സിലേറ്റി നടക്കുമ്പോഴാണ് ഡിസംബറിൽ, കേരളത്തിലെ ജീസസ് യൂത്ത് നേതൃസംഗമം- 'ജീസസ് യൂത്ത് കേരള കോൺഫറൻസ് 2018'-ന് പാലാ വേദിയാകുന്നത്. കോൺഫറൻസിന്റെ അവസാന ദിവസം നടന്ന ആരാധനയുടെ സമയത്ത് ഓരോ സോണിനും (കേരളത്തിൽ 23 സോണുകളാണ് ജീസസ് യൂത്തിനുള്ളത്) ഓരോ മിഷൻ സ്ഥലങ്ങൾ നൽകുകയും ആ പ്രദേശങ്ങൾക്കായി പ്രാർഥിക്കുകയും ചെയ്തു. പാലാ സോണിന് ലഭിച്ചത് ഒഡീഷയിലെ ഭുവനേശ്വർ രൂപതയാണ്. അതുകേട്ടതോടെഎന്റെ മിഷൻ സ്ഥലവും ഞാൻ ഉറപ്പിച്ചു; ഒഡീഷ.

അങ്ങനെ 2019 ഫെബ്രുവരി 1-ാം തീയതി മിഷനുപോകാൻ ഞാൻ തയ്യാറെടുത്തു തുടങ്ങി. മിഷനു പോയ പലരും പറഞ്ഞ അനുഭവം, എന്താണോ ആവശ്യം അത് കർത്താവ് അവിടെ ഒരുക്കിയിട്ടുണ്ടാകും എന്നാണ്. ചിലർക്ക് ചില കഴിവുകളായും, മറ്റു ചിലർക്ക് കൃപകളായും വേറെ ചിലർക്ക് തീരുമാനങ്ങൾ എടുക്കാനുള്ള അവസരങ്ങളായുമൊക്കെ മിഷൻ അനുഭവപ്പെടാറുണ്ട്.

**ക്ലിജോ ജെ.കണിയാംപടി,** പാലാ, ഭരണങ്ങാനം സ്വദേശി. കോട്ടയം, വടവാതൂർ എഫ്.പി. ഫിനാൻസ് സ്കൂളിൽ (CMI) ഫൈനൽ ഇയർ വിദ്യാർഥി
✉ clijojk555@gmail.com ✆ 94953 09452



മറ്റുള്ളവരുടെ മുന്നിൽ നിന്ന് സംസാരിക്കാനും ഒരു ഗ്രൂപ്പിനെ നയിക്കാനും എനിക്ക് മടിയായിരുന്നു. "എന്റെ കുറവുകളും ആവശ്യങ്ങളും അറിയുന്ന തമ്പുരാനേ എനിക്ക് ആവശ്യമായതെല്ലാം പ്രത്യേകിച്ച് എന്റെ ആത്മീയ ജീവിതത്തിനും നിലനിൽപിനും ആവശ്യമായവ ആവശ്യസമയത്ത് നൽകണമേ" എന്ന് ഞാൻ പ്രാർഥിച്ചുകൊണ്ടിരുന്നു.

ഫെബ്രുവരി 1-ന് ഞാൻ യാത്രതിരിച്ചു. പോകുന്ന സ്ഥലം ഏതാണന്നോ അവിടത്തെ സാഹചര്യം എന്താണന്നോ ഒന്നും അറിയില്ല. ആകെ അറിയാവുന്നത് ഭുവനേശ്വറിൽ പോയി ട്രെയിൻ ഇറങ്ങണം എന്നു മാത്രം. 3-ാം തീയതി ഞാൻ ഭുവനേശ്വറിൽ എത്തി. അവിടെ അടുത്തുള്ള ഒരു സഹോദരന്റെ വീട്ടിൽ അന്നേ ദിവസം താമസിച്ചു. പിറ്റേ ദിവസം രാവിലെ എന്റെ മിഷൻ സ്ഥലത്തേക്ക് പുറപ്പെട്ടു. കന്ധമാൽ ജില്ലയിലെ സുകൻന്ധാ ഇടവകയാണ് എനിക്കായി കർത്താവ് ഒരുക്കിയിരുന്ന സ്ഥലം. ഭുവനേശ്വറിൽ നിന്ന് ബസ്സിൽ 7 മണിക്കൂർ യാത്ര ചെയ്താൽ അവിടെയെത്താം. മലേറിയ പിടിപെടാൻ കൂടുതൽ സാധ്യതയുള്ളയിടമാണ്. പ്രതിരോധ മരുന്നുകൾ ഉണ്ടായിരുന്നെങ്കിലും കൈയിൽ കരുതുവാൻ സാധിച്ചില്ല. ആദ്യം ഒരുപാട് പേടി തോന്നിയിരുന്നുവെങ്കിലും കർത്താവിൽ ആശ്രയിക്കാനുള്ള സമയമായിരുന്നു അത്.

കന്ധമാൽ ജില്ലയിലേക്ക് ബസ്സ് കയറിയതോടെ ഫോണിന് റേഞ്ച് നഷ്ടപ്പെട്ടു. ഇറങ്ങാനുള്ള സ്ഥലം എത്താറായി. അവിടത്തെ വികാരിയച്ചനെ വിളിക്കാൻ യാതൊരു മാർഗവും ഇല്ലാതെയായി. എനിക്ക് ചെറിയ രീതിയിൽ പേടിതോന്നി. കൂടെയുള്ള യാത്രക്കാരോട് സംസാരിക്കാൻ ശ്രമിച്ചിട്ട് അവർക്ക് ഒന്നും മനസ്സിലാകുന്നുമില്ല. എനിക്കിറങ്ങേണ്ട സ്റ്റോപ്പ് എത്തി. അവിടെ അച്ചൻ എന്നെ കാത്തുനിന്നിരുന്നു.

നല്ല മനോഹരമായ മലയോര പ്രദേശമായിരുന്നു ആ ഇടവക. ആവശ്യത്തിന് നല്ല തണുപ്പ്. പ്രദേശവാസികൾക്ക് ഹിന്ദി അറിയാമെന്ന പ്രതീക്ഷ എന്നിലുണ്ടായിരുന്നു. എന്നാൽ, അവർക്ക് ഒറിയ മാത്രമേ പരിചയമുണ്ടായിരുന്നുള്ളൂ. കർത്താവ് എനിക്കായി ഒരു പരിഭാഷകനെ അവിടെ ഒരുക്കിയിരുന്നു. ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം ഞാൻ ഇംഗ്ലീഷിൽ സംസാരിക്കും. ആ സഹോദരൻ അത് ഒറിയയിലേക്ക് വിവർത്തനം ചെയ്യും.

വിദ്യഭ്യാസത്തിനു യാതൊരു പ്രാധാന്യവും ഇവിടത്തുകാർ നൽകുന്നില്ല. അതുകൊണ്ടു തന്നെ പഠിക്കാനും പഠിപ്പിക്കാനും ആരും ശ്രമിക്കാറുമില്ല. ഇടവകയോടുചേർന്നുള്ള ബോർഡിങ്ങിലെ കൊച്ചു കുട്ടികളെ പഠിപ്പിക്കുവാൻ ഞാൻ ശ്രമിച്ചിരുന്നു. രാവിലെയും വൈകിട്ടും അവർക്കായി ട്യൂഷൻ എടുക്കും. ഇടസമയങ്ങളിൽ കൂടുതലായി പ്രാർഥിക്കുവാനും വചനം വായിക്കുവാനുമായി ചെലവഴിച്ചു. പ്രാർഥനയിൽ കൂടുതൽ അടിസ്ഥാനമിട്ടുകൊണ്ടുള്ള ഒരു ജീവിതം എനിക്ക് അവിടെനിന്ന് ശീലിക്കുവാൻ സാധിച്ചു. ചില സമയങ്ങളിൽ പച്ചക്കറി തോട്ടത്തിൽ സഹായത്തിനായി പോയിരുന്നു. ഭവന സന്ദർശനത്തിനായും സമയം കണ്ടെത്തിയിരുന്നു. എല്ലാം കൊച്ചു കൊച്ചു വീടുകൾ. വീടുചെറുതാണെങ്കിലും അവർ നമ്മൾക്കു തരുന്ന സ്നേഹവും സ്വാഗതവും വലുതായിരുന്നു. കാലിൽ തൊട്ടുവന്ദിക്കുകയും സ്നേഹത്തോടെ സ്തുതിചൊല്ലുന്നതുമെല്ലാം എനിക്കൊരു പുതിയ അനുഭവമായിരുന്നു.


ഒരിക്കൽ അടുത്തുള്ള ഇടവകയിൽ നടന്ന കൺവെൻഷനിൽ പോകുവാൻ സാധിച്ചു. വീടുകളുടെ ഇടയിലുള്ള സ്ഥലത്ത് തുണി വലിച്ചു കെട്ടിയാണ് പന്തൽ ഒരുക്കുന്നത്. 100 പേരോളം പങ്കെടുത്തു. അവിടെവച്ച് 2 മണിക്കൂർ വരെയുള്ള പ്രാർഥനാ കൂട്ടായ്മയ്ക്ക് നേതൃത്വം കൊടുക്കേണ്ടിവന്നു. ആദ്യമായി ചെയ്യുന്നതിന്റെ പേടിയുള്ളതിനാൽ കൂടുതലായി ദൈവത്തിൽ ആശ്രയിക്കുവാനും അതിന്റെ അനുഗ്രഹങ്ങൾ അനുഭവിക്കാനും കഴിഞ്ഞു. അതുപോലെതന്നെ ഒരു ദിവസം യുവജനങ്ങളുടെ പ്രാർഥന കൂട്ടായ്മയ്ക്ക് നേതൃത്വം നൽകുവാനായി ഞാൻ പ്രാർഥിച്ച് ഒരുങ്ങി പോയി. പക്ഷേ, അവിടെ ചെന്നപ്പോൾ എല്ലാവരും മുതിർന്നവർ ആയിരുന്നു. യുവജനങ്ങൾ ആരുംതന്നെ ഉണ്ടായിരുന്നില്ല. പെട്ടെന്ന് ഒരാൾ മൈക്ക് എടുത്ത് എനിക്ക് നൽകിയെങ്കിലും ഭയം ഉള്ളിൽവന്ന് നിറയുകയും എനിക്ക് പ്രസംഗിക്കാൻ കഴിയില്ല എന്നു പറയുകയും ചെയ്തു. എങ്കിലും പരിശുദ്ധാത്മാവിന്റെ സഹായത്താൽ എനിക്ക് സംസാരിക്കാൻ കൃപ കിട്ടി.

എന്റെ മിഷൻ യാത്രയിലൊരിക്കലും എനിക്ക് നാണംകെടേണ്ട അവസ്ഥയുണ്ടായിട്ടില്ല. എല്ലാ നിമിഷവും ദൈവം കൂടെയുള്ളതും വഴി നടത്തുന്നതുമായ അനുഭവമായിരുന്നു.

എന്റെ പ്രാർഥനാ ജീവിതത്തിൽ വലിയൊരു മാറ്റമുണ്ടായി. മറ്റുള്ളവരുടെ മുമ്പിൽ അവസരം കിട്ടിയാലും സംസാരിക്കാതിരുന്ന എനിക്ക് അതിനുള്ള ധൈര്യം ലഭിച്ചു. കൂടുതൽ വിശുദ്ധിയിലും വിശ്വാസത്തിലും പ്രാർഥനയിലും ഉറച്ചു നിൽക്കുവാൻ സാധിക്കുന്ന പല ബോധ്യങ്ങളും എനിക്കുണ്ടായി. ഈ സമയങ്ങളിൽ മാതാവിനോടുള്ള ഭക്തി വർധിപ്പിക്കുവാനും, വചനത്തെ കൂടുതൽ സ്നേഹിക്കുവാനും, മരണത്തോടുള്ള ഭയം ഇല്ലാതാക്കുവാനും സാധിച്ചു. അതുപോലെ തന്നെ പലതരത്തിലുള്ള പ്രലോഭനങ്ങളോട് 'നോ' പറയാനുള്ള കൃപയും എനിക്ക് ലഭിച്ചു. ഒരു മാസക്കാലം മൊബൈലിന് റേഞ്ച് ഇല്ലാതിരുന്നതിനാൽ ഫോണിനോടുള്ള അമിത താത്പര്യം ഉപേക്ഷിക്കുവാനും, ഫോൺ ഉപയോഗം കുറയ്ക്കുവാനും കഴിഞ്ഞു. സിനിമ, ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് എന്നിവയില്ലാതെ കഴിയാനും അനുഗ്രഹം ലഭിച്ചു ✦

സിനി ടോക്സ്

ജോസഫ് അന്ത്രപ്പേർ



*കുടുംബസമേതം യു.കെ.യിലെ സൗത്താംപ്ടണിൽ വസിക്കുന്ന ലേഖകൻ കെയ്റോസ് ഗ്ലോബലിന്റെ എഡിറ്റോറിയൽ കൗൺസിൽ അംഗമാണ്*
*josephja@gmail.com*

# ഹ്യൂഗോ

“മനുഷ്യൻ ആരാകുന്നു?” “അവന്റെ ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം എന്താകുന്നു”? തന്റെ അസ്തിത്വത്തിന്റെ ആഴങ്ങളിലേയ്ക്ക് അൽപമെങ്കിലും കടന്നിട്ടുള്ള ഏതൊരു മനുഷ്യനെ സംബന്ധിച്ചും, ജീവിതത്തിന്റെ ലക്ഷ്യം നിർണയിക്കുന്നത് ഈ ചോദ്യങ്ങളുടെ ഉത്തരങ്ങളാണ്. ശരിതെറ്റുകളുടെയും നന്മതിന്മകളുടെയും ജീവിത തുലാസിൽ ചാഞ്ചാടുന്ന മനുഷ്യരെ സംബന്ധിച്ചാണ് ക്രിസ്തുമതം സദ്വാർത്തയായി മാറുന്നത് ദൈവം ആരെന്നും, ആ അറിവിന്റെ വെളിച്ചത്തിൽ ഞാൻ ആരെന്നും തിരിച്ചറിയുന്നവർ.

മനുഷ്യ രക്ഷയെ മതേതരമായ കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കുന്ന ചിത്രമാണ് മാർട്ടിൻ സ്കോർസേസിയുടെ ഹ്യൂഗോ (2011).

1930-കളിലെ ഫ്രാൻസിന്റെ പശ്ചാത്തലത്തിൽ ചിത്രീകരിച്ചിരിക്കുന്ന ഹ്യൂഗോ, പാരിസിലെ ഗ്യാർ മോപാനസ് ട്രെയിൻ സ്റ്റേഷനിലെ വലിയ ഘടികാരത്തിൽ ഒളിച്ചു താമസിക്കുന്ന ഹ്യൂഗോ എന്ന അനാഥബാലന്റെ കഥ പറയുന്നു. ഹ്യൂഗോയുടെ പിതാവ് വാച്ചുകൾ നന്നാക്കുന്നതോടൊപ്പം ഒരു മ്യൂസിയത്തിലും ജോലിചെയ്തിരുന്നു. അവിടെ വച്ച് അദ്ദേഹത്തിനു കേടായ ഒരു യന്ത്രമനുഷ്യനെ കണ്ടുകിട്ടുന്നു- പേനകൊണ്ട് എഴുതുവാൻ കഴിവുള്ളഒരു യന്ത്രമനുഷ്യൻ. ആ യന്ത്രമനുഷ്യനെ നന്നാക്കാനുള്ള പരിശ്രമങ്ങൾക്കിടയിൽ, അവിചാരിതമായി ഒരു അഗ്നിബാധയിൽ അദ്ദേഹം മരിക്കുന്നു. അനാഥനായ ഹ്യൂഗോയെ അമ്മാവൻ ക്ലോഡ് ഏറ്റെടുക്കുന്നു. റെയിൽവേ സ്റ്റേഷനിലെ ഘടികാരം നന്നാക്കുന്ന ജോലിയായിരുന്നു ക്ലോഡിന്. മദ്യപാനിയായ ക്ലോഡ് പലപ്പോഴും ജോലിക്കു പോകാറുണ്ടായിരുന്നില്ല. അനാഥനായ തന്നെ പിടികിട്ടിയാൽ പോലീസ് അനാഥാലയത്തിലാക്കും എന്ന് ഭയന്ന കുഞ്ഞു ഹ്യൂഗോ സ്വയം ഘടികാരം നന്നാക്കി തുടങ്ങുന്നു. തന്റെ പിതാവ് കൊണ്ടുവന്ന കേടായ ആ യന്ത്രമനുഷ്യൻ മാത്രമായി അവനു കൂട്ട്. യന്ത്രമനുഷ്യനെ നന്നാക്കിയാൽ ഒരുപക്ഷേ, തന്റെ പിതാവ് തനിക്കായികാത്തുവച്ചിരിക്കുന്ന എന്തെങ്കിലും രഹസ്യ സന്ദേശം ലഭിക്കുമെന്നുള്ള പ്രതീക്ഷയിൽ ജീവിക്കുമ്പോഴും അതിനെ പൂർത്തിയാക്കാനുള്ള ഹൃദയത്തിന്റെ ആകൃതിയിലുള്ള താക്കോൽ അവനു അപ്രാപ്യമായി നിന്നു.

ഒരു കളിപ്പാട്ടത്തെ മോഷ്ടിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഹ്യൂഗോയെ കളിപ്പാട്ടക്കടയുടെ ഉടമയായ ജോർജ്സ് കൈയോടെ പിടിക്കുകയും, യന്ത്രമനുഷ്യനെകുറിച്ച് അവന്റെ പിതാവെഴുതിയ പുസ്തകം വാങ്ങിച്ചെടുക്കുകയും ചെയ്യുന്നു. തന്റെ പുസ്തകം തിരികെവാങ്ങാനുള്ള ശ്രമങ്ങൾക്കിടയിൽ ജോർജ്സിന്റെ വളർത്തുമകളായ ഇസബെല്ലുമായി ഹ്യൂഗോ ചങ്ങാത്തം കൂടുകയും, ഒരിക്കലും ചലച്ചിത്രങ്ങൾ കണ്ടിട്ടില്ലാത്ത ഇസബെല്ലിനെ അതിനു സഹായിക്കുകയും ചെയ്യുന്നു. ഇസബെല്ലിന്റെ കഴുത്തിൽ കിടക്കുന്ന മാലയിൽ തന്റെ യന്ത്രമനുഷ്യന്റെ താക്കോൽ ഉണ്ടെന്നു തിരിച്ചറിയുന്ന ഹ്യൂഗോയും ഇസബെല്ലും, ആ വളർത്തച്ചനായ ജോർജ്സ് മിലിയെസിന്റെ ഒപ്പോടുകൂടിയാണ് യന്ത്രമനുഷ്യൻ തന്റെ ചിത്രരചന അവസാനിപ്പിച്ചത്. ഇതു തന്റെ പിതാവിന്റെ സന്ദേശമാണെന്ന ഉറച്ച ബോധ്യത്തിൽ ഹ്യൂഗോയും ഇസബെല്ലും ആ ചിത്രത്തിന്റെ രഹസ്യച്ചുരുളുകൾ അഴിക്കാൻ ശ്രമിക്കുന്നു. ജോർജ്സ് മിലിയെസ് എന്ന കഴിഞ്ഞകാല ചലച്ചിത്ര പ്രതിഭയെ ഒരിക്കൽക്കൂടി സമൂഹത്തിന്റെ മുൻപിൽ എത്തിക്കുവാനുള്ള ഹ്യൂഗോയുടെ അവിശ്രാന്ത പരിശ്രമങ്ങളും, അതിലൂടെ ലോകത്തിന്റെ കണ്ണുകളിൽ നിന്നും ഒളിച്ചു, നിരാശയിൽ കൂടുകൂട്ടി കഴിഞ്ഞിരുന്ന ജോർജ്സ് ജീവിതത്തിന്റെ പുതുവാതായനങ്ങളെ കണ്ടെത്തുന്നതുമാണ് പിന്നീടുള്ള ചലച്ചിത്രത്തിന്റെ ഇതിവൃത്തം.

വിവിധങ്ങളായ തലങ്ങളിൽ വായിച്ചെടുക്കാൻ പറ്റുന്ന ചലച്ചിത്രമാണ് ഹ്യൂഗോ. യന്ത്രങ്ങളെ സ്നേഹിക്കുന്ന, രക്ഷിക്കുന്ന ഹ്യൂഗോ, ഒരു തലത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപമാണ്- പാപ പങ്കിലമായ ലോകത്തെ സ്നേഹത്തിൽ വീണ്ടെടുത്ത ക്രിസ്തു. ക്രിസ്തുവിനെ





പോലെ ഹ്യൂഗോയും തന്റെ പിതാവിന്റെ സ്നേഹത്തിന്റെ നിറവിലാണ് നിൽക്കുന്നത്. ഹ്യൂഗോ ഇസബെല്ലിനോട് പറയുന്നത്, “യന്ത്രങ്ങളിലെ ഓരോ ചെറുഭാഗവും അതിനനിവാര്യമാണ്. ഈ ലോകം ഒരു വലിയ യന്ത്രത്തെപ്പോലെയെങ്കിൽ, ഇതിലെ ഓരോ മനുഷ്യനും ആ യന്ത്രത്തിലെ അത്യന്താപേക്ഷിത ഘടകങ്ങളാണ്; ഞാനും”- നാമോരോരുത്തരോടും ക്രിസ്തു പറയുന്നതും ഇതുതന്നെ. “നീ എനിക്ക് വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനുമാണ്”. ക്രിസ്തു നമുക്കായി വാങ്ങിയ രക്ഷയുടെ മനോഹരമായ ദൃശ്യാവിഷ്കാരമാണ് ഹ്യൂഗോ✦

അനിതാ ബാബു



*ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയാണ്.*
*anithajcyriac@gmail.com*





# A Child in search of God

"The greatest sin in the world is to go away and be separated from God. It is the wrong knowledge about God which causes man to commit such a sin"

ചോദ്യങ്ങൾ മനുഷ്യസഹജമാണ്. കുട്ടിക്കാലത്ത് നാം മാതാപിതാക്കളെയും അധ്യാപകരെയും ചോദ്യങ്ങൾകൊണ്ട് ബുദ്ധിമുട്ടിച്ചിട്ടുണ്ട്. മുതിർന്നപ്പോൾ എല്ലാം അറിയാം എന്ന വിശ്വാസം കൊണ്ടോ വരുന്നതെല്ലാം അപ്പടി സ്വീകരിക്കുന്ന മനോഭാവം കൊണ്ടോ ചോദ്യങ്ങളുടെ എണ്ണവും തീക്ഷ്ണതയും കുറയുന്നു. ബാല്യത്തിലുണ്ടായിരുന്ന ചോദ്യങ്ങൾ പലതും ഉത്തരം കിട്ടാതെ ഉള്ളിലുറങ്ങുന്നു.

ആദിമാതാപിതാക്കന്മാരുടെ കഥ മതപഠനവുമായി ബന്ധപ്പെട്ട് നമ്മൾ ആദ്യമായി കേൾക്കുന്ന കഥകളിലൊന്നാണ്. ആദവും ഹവ്വയും ആ വിലക്കപ്പെട്ട കനി ഭക്ഷിച്ചില്ലായിരുന്നെങ്കിൽ നമുക്ക് ഇപ്പോഴും ഏദൻ തോട്ടത്തിൽ തന്നെ കഴിയാമായിരുന്നു എന്ന് കുട്ടിക്കാലത്ത് ഒരിക്കലെങ്കിലും വിചാരിക്കാത്ത ആരും കാണില്ല. ഈ കഥ നമ്മുടെയൊക്കെ കുഞ്ഞുമനസ്സുകളിൽ ഒട്ടേറെ ചോദ്യങ്ങളുയർത്തിയിട്ടുണ്ട്. ദൈവം സ്നേഹധനനായ പിതാവല്ലേ. പിന്നെ എന്തുകൊണ്ട് അവിടന്ന് മനുഷ്യന്റെ വീഴ്ച അനുവദിച്ചു? ധൂർത്തപുത്രന്റെ ഉപമയിൽ നാം കാണുന്ന ക്ഷമാശീലനായ പിതാവ് എന്തുകൊണ്ട് ആദിമാതാപിതാക്കൾക്ക് ഒരവസരം കൂടി കൊടുത്തില്ല? എന്തുകൊണ്ട് പറുദീസായുടെ വാതിൽ അവർക്കു മുമ്പിൽ കൊട്ടിയടച്ച് ഭൂമിയിലെ യാതനകൾക്ക് അവരെ വിട്ടുകൊടുത്തു?




A Child in search of God എന്ന പുസ്തകത്തിൽ മൈക്കിൾ എന്ന കൊച്ചു കുട്ടിയുടെ ചോദ്യങ്ങൾക്ക് ഈശോ സ്വപ്നത്തിൽ മറുപടി നൽകുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ അന്തസത്ത ദൈവപിതാവിന്റെ സ്നേഹമാണ്. ഈ സ്നേഹം തിരിച്ചറിയാത്തതാണ് ആദിമാതാപിതാക്കളുടെ പരാജയം. പിശാച് നമ്മുടെ ചിന്തകളെയും അറിവിനെയും സ്വാധീനിക്കുമ്പോൾ ദൈവം നമുക്ക് അന്യനാകുന്നു. ദൈവസ്നേഹത്തിലുള്ള വിശ്വാസം നഷ്ടപ്പെടുന്നു. സഹനമെന്നത് ശിക്ഷയല്ല മറിച്ച് ദൈവാനുഭവത്തിലേക്ക് തിരിച്ചുവരുവാനുള്ള അവസരങ്ങളാണ്. ആദിമാതാപിതാക്കളുടെ പറുദീസ നഷ്ടത്തിന്റെ ദൈവശാസ്ത്രത്തെ ലളിതമായി വ്യാഖ്യാനിക്കുന്ന ഈ പുസ്തകം കുട്ടിക്കാലത്തെ നമ്മുടെ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടിയാണെന്ന് തോന്നി✦

സണ്ണി കോക്കാപ്പിള്ളിൽ



*കല, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം, മാധ്യമം... എന്നിങ്ങനെ എല്ലാം ഈ പംക്തിയ്ക്ക് വിഷയമാണ്. ആനുകാലികമായി പങ്കുവയ്ക്കപ്പെടുന്ന ഈ കാര്യങ്ങളെ കെയ്റോസ് എങ്ങനെ നോക്കിക്കാണുന്നുവെന്ന് ഈ കോളം വ്യക്തമാക്കുന്നു. പ്രഭാഷകനും, വിവിധ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ശ്രീ. സണ്ണി കോക്കാപ്പി ള്ളിലാണ് ഇതിന്റെ ലേഖകൻ*

*ബന്ധപ്പെടാൻ: sunnykokkappillil@gmail.com*



# ഭൂമി അതിന്റെ അവസാനത്തിലേക്ക്...?

പോട്സ്ഡം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ഇംപാക്ടി റിസർച്ചിലെ (ജർമനി) ശാസ്ത്രജ്ഞർ കംപ്യൂട്ടർ പുനരാവിഷ്കാര പഠനത്തിലൂടെ കണ്ടെത്തിയ റിപ്പോർട്ട് അതീവ ഗുരുതരമാണ്. ഭൗമാന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ അളവ് കഴിഞ്ഞ 30 ലക്ഷം വർഷങ്ങളിൽ വച്ച് ഏറ്റവും ഉയർന്നു എന്നാണ് വെളിപ്പെടുത്തൽ. 410 പി.പി.എം (പാർട്സ് പെർ മില്യൺ) എന്നതാണ് ഇപ്പോഴത്തെ കാർബൺ ഡയോക്സൈ ഡിന്റെ സാന്ദ്രതയെന്ന് പഠനം പറയുന്നു.

ഇങ്ങനെ തുടർന്നാൽ ഏതാനും ദശകങ്ങൾക്കുള്ളിൽ അന്തരീക്ഷ താപനില ചരിത്രത്തിലെ ഏറ്റവും ഉയർന്ന തോതിലാകും. തത്ഫലമായി സമുദ്രജലം ഉയരുകയും ഇന്ന് ലോകത്തുള്ള ധാരാളം നഗരങ്ങൾ വെള്ളത്തിനടിയിലാകുകയും ചെയ്യും. ഇതു ബോധ്യപ്പെട്ട കുട്ടികൾ നിര വധി പാശ്ചാത്യ രാജ്യങ്ങളിൽ സമരം തുടങ്ങിയിട്ടുണ്ട്; ഇനി ജീവിക്കാനുള്ളത് അവരാണല്ലോ. എന്നാൽ, ഇതൊന്നും മാധ്യമങ്ങൾ വാർത്തയാക്കുന്നില്ലായെന്നത് ഖേദകരമാണ്. സ്പോർട്സ് താരങ്ങളുടെയും സിനിമാതാരങ്ങളുടെയും സ്വകാര്യ വിശേഷങ്ങളുമായി മാധ്യമങ്ങൾ പേജ് നിറയ്ക്കുന്നു. അല്ലെങ്കിൽ രാഷ്ട്രീയക്കാരന്റെ വിടുവായത്തത്തിനു പ്രാധാന്യം നൽകുന്നു.

ഭൂമിയുടെ ഭാവി അപകടത്തിലായതിനാൽ കുട്ടികളുടെ ജനനം വേണ്ട എന്നു തീരുമാനമെടു ത്തവരുടെ എണ്ണം വർധിക്കുന്നുവെന്ന് 'ബർത്ത് സ്ട്രൈക്ക്' എന്ന ഫേസ് ബുക്ക് കൂട്ടായ്മ ശ്രദ്ധിച്ചാൽ മനസ്സിലാകും. ഇനിയും കുട്ടികളെ ജനിപ്പിച്ച് ഭൂമിയുടെ നാശത്തിലേക്ക് വിടേണ്ട തില്ല എന്നാണവരുടെ വാദം. ബ്ലൈത് പെപിനോ എന്ന യുവതിയാണിതിനു തുടക്കം കുറിച്ചത് (മാധ്യമം ആഴ്ചപതിപ്പ്, ഏപ്രിൽ 19)

ഇതെല്ലാം സൂചിപ്പിക്കുന്നത് പരിസ്ഥിതിയെ വളരെ ഗൗരവപൂർവം നാം ഗൗനിക്കണമെന്നാണ്. 2014–ൽ പരിസ്ഥിതി സംരക്ഷണ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 155 ആയിരുന്നു. ആകെ രാജ്യങ്ങൾ 188 ആണെന്നോർക്കണം. ഇപ്പോഴത് 177 ആണ്. കേന്ദ്ര ഗവൺമെന്റ് രാജ്യത്തിനു നൽകിയ ഏറ്റവും വലിയ 'സമ്മാന'ങ്ങളിലൊന്നായി ഇതിനെ വീക്ഷിക്കാം. പറയാനുള്ളതിതാണ്: നമ്മുടെ ശിരസ്സ് ആർക്കൊക്കെയോ പണയം വച്ചിരിക്കുന്നു. വേണ്ടാത്ത കാര്യങ്ങളിൽ നാം

വ്യാപൃതരായി നടക്കുന്നു. തലയ്ക്ക് മീതെ ആകാശവും താഴെ ഭൂമിയും ഏതാനും ദശകങ്ങൾക്കുള്ളിൽ നമ്മുടെ അനന്തര തലമുറകൾക്കു നഷ്ടമാകാതിരിക്കാൻ ഇപ്പോഴത്തെ നിസ്സംഗത വെടിഞ്ഞ് നാം ഏറെ പാടുപെടേണ്ടിവരും.

## ഉന്നത വിദ്യാഭ്യാസം ആൺകുട്ടികൾക്ക് അന്യമാകുമോ?


2018–19 വർഷത്തെ പ്ലസ്ടു ഫലപ്രഖ്യാപനം കഴിഞ്ഞു. അതിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർ 14,244 പേരാണ്. 10,637 പെൺകുട്ടികൾക്കും 3,607 ആൺകുട്ടികൾക്കുമാണ് ഇങ്ങനെ ലഭിച്ചത്. അതായത് ആകെ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവരിൽ 74.68 ശതമാനം പെൺകുട്ടികളും 25.32 ശതമാനം ആൺകുട്ടികളുമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് കടക്കുമ്പോൾ ഈ അനുപാതത്തിൽ വലിയ മാറ്റമൊന്നും വരാൻ സാധ്യതയില്ല. ഇതുവരെ ഈ വിഷയത്തെപ്പറ്റി ആരും ചിന്തിച്ചുകണ്ടില്ല. ചില രംഗങ്ങളെ മാറ്റി നിറുത്തിയാൽ സ്ത്രീപുരുഷ സമതുലനാവസ്ഥ നഷ്ടപ്പെടുന്നത് സമൂഹത്തിൽ എങ്ങനെ പ്രതിഫലിക്കുമെന്ന കാര്യം പഠന വിഷയമാക്കേണ്ടതുണ്ട്. ഈ നേട്ടം പെൺകുട്ടികൾ കരസ്ഥമാക്കിയത് കഷ്ടപ്പെട്ടു പഠിച്ചിട്ടാണ്. പുതുതലമുറയിൽ ആൺകുട്ടികൾ അലസരായി മാറിയിട്ടുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇന്ന് മെഡിക്കൽ രംഗത്ത് എത്തിപ്പെടുന്നവരിൽ കൂടുതൽ പെൺകുട്ടികളാണ്. അധ്യാപകമേഖലയിലും സ്ത്രീകളാണ് കൂടുതൽ. പി.എസ്.സി മുഖേന ഉദ്യോഗത്തിലേക്കു വരുന്നവരിലും സ്ത്രീകളാണു മുന്നിട്ട് നിൽക്കുന്നത്. ബാങ്കിങ് രംഗത്തും ജോലിക്കാർ സ്ത്രീകൾ തന്നെയാണ് മുന്നിൽ. വില പിടിച്ച മൊബൈൽ ഫോണിലും ബൈക്കിലും കുരുങ്ങിക്കിടക്കാനുള്ളതല്ല ആൺകുട്ടികളുടെ യൗവനമെന്ന് ആരാണ് അവരെ പറഞ്ഞു മനസ്സിലാക്കുക എന്നറിയില്ല. ഉന്നത വിദ്യാഭ്യാസം ലഭിച്ച ധാരാളം പെൺകുട്ടികൾ തങ്ങൾക്കൊപ്പം വിദ്യാഭ്യാസമുള്ള ആൺകുട്ടികളെ കിട്ടാത്തതിനാൽ വിവാഹത്തിനു വളരെയേറെ ബുദ്ധിമുട്ടുന്നതായി ഈ നാളുകളിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. അതിനാൽ വിവാഹ പ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത അനേകർ നമ്മുടെയിടയിലുണ്ട്. അവസാനം തങ്ങളേക്കാൾ വിദ്യാഭ്യാസത്തിൽ വലിയ അന്തരമുള്ളവരെ ചിലരെങ്കിലും വിവാഹം കഴിക്കേണ്ടി വരുന്നു. ഇക്കൊല്ലത്തെ പ്ലസ്ടു റിസൽട്ട് കാണുമ്പോൾ ഈ അന്തരം ഇനി എത്രയോ വർധിക്കാനിരിക്കുന്നു.

## മനുഷ്യന്റെ ദുരിതത്തിന്റെ അടിസ്ഥാനം...?

മുൻപ് ഉണ്ടായിട്ടില്ലാത്ത വിധം മനുഷ്യജീവിതം ദുരിതപൂർണമാകാൻ കാരണം കഴിഞ്ഞ നൂറ്റാണ്ടിലെ ലൈംഗിക വിപ്ലവമാണെന്ന് ഫീനിക്സ് ബിഷപ്പ് തോമസ് ഓൾസ്റ്റെഡ് വാഷിങ്ടണിൽ പ്രസ്താവിക്കുകയുണ്ടായി, വിവാഹം, ജീവിതം, ലിംഗം എന്നിവയുടെ യഥാർഥ സ്വഭാവം ചോദ്യം ചെയ്യപ്പെടാൻ ആരംഭിച്ചതുമുതൽ വിവാഹത്തോടും ഗർഭാവസ്ഥയിലുമുള്ള കുഞ്ഞുങ്ങളോടുമുള്ള നിഷേധാത്മക സമീപനം ഉടലെടുത്തു. വിശുദ്ധമായ വിവാഹമെന്ന കൂദാശ ഇന്ന് നിലകൊള്ളുന്നത് ലിംഗഭേദ പ്രത്യയശാസ്ത്രത്തിലൂന്നിയാണ് *(സൺഡേ ശാലോം മെയ് 19)*

വിവാഹത്തിനു മുൻപുള്ള കൂടിത്താമസവും ഗർഭഛിദ്രവുമൊക്കെ ലൈംഗികാധഃപതനത്തിന്റെ ബാക്കി പത്രമാണ്. ലൈംഗികത വിവാഹജീവിതത്തിനുള്ളിൽ നടക്കേണ്ടുന്ന ഒന്നായി സഭ പഠിപ്പിക്കുമ്പോൾ അതിനു വിരുദ്ധമായ സമീപനമാണ് പാശ്ചാത്യ ദേശത്ത് കഴിഞ്ഞ നൂറ്റാണ്ടിൽ സംഭവിച്ചത്. അതിന്റെ പരിണിതഫലം കുടുംബങ്ങളുടെ അപചയമായിരുന്നു. അതിന്റെ അലയൊലികൾ നമ്മുടെ നാട്ടിലും ഇപ്പോൾ എത്തിച്ചേർന്നു കഴിഞ്ഞു. ശരീരത്തിന്റെ പരിശുദ്ധിക്ക് തെല്ലും വില കല്പിക്കാത്ത ഒരു തലമുറ വളർന്നു വരുന്നുവെന്ന യാഥാർഥ്യം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നുറപ്പാണ്.





ചിത്രീകരണം: വെങ്കി


കഥ: ആൽഡ്രിൻ ജോസഫ്

## 1



മഞ്ഞുപെയ്യുന്ന ഒരു തണുത്ത വെളുപ്പാൻകാലം, ഫ്ളോറൻസിലെ മഞ്ഞ മൂടിയ തെരുവിലൂടെ മലയാളിയായ അച്ചൻ നടക്കുകയാണ്. ഈ തെരുവിലൂടെയുള്ള എല്ലാ യാത്രകളും അച്ചന് വളരെ പ്രിയമുള്ളതാണ്, അത്ര മനോഹരമാണ് ഫ്ളോറൻസ് എന്ന ഇറ്റാലിയൻ നഗരം. വാലൻറൈൻ ഹോസ്പിറ്റലിലെ ചാപ്പലിൽ അതിരാവിലെയുള്ള പതിവ് കുർബാന അർപ്പിക്കാനാണ് ഈ നടത്തം. ഹോസ്പിറ്റലിന്റെ പടിവാതിൽക്കൽ ഒരു 8 വയസ്സുകാരൻ തണുത്ത് മരവിച്ച് കിടക്കുന്നു. അച്ചൻ അവനേയും കൈയിലെടുത്ത് ഹോസ്പിറ്റലിനുള്ളിലേയ്ക്ക് കടന്നു. മെഡിക്കൽ പരിചരണങ്ങൾ ലഭിക്കുന്നതിനു മുമ്പ് തണുത്ത് മരവിച്ച അവന്റെ കാൽപാദങ്ങളും കൈകളും അച്ചൻ അമർത്തി തടവിക്കൊണ്ടിരുന്നു. ശക്തമായ തടവിലൂടെ ലഭിച്ച ചൂടിൽ അവനു ബോധം വന്നു. പാതിമയക്കത്തിൽ അർധ-ബോധാവസ്ഥയിൽ, മിഴിതുറക്കാതെ തന്നെ അവൻ ആരാഞ്ഞു: "ഹു ആർയു" അച്ചൻ മറുപടി പറഞ്ഞു: "ഐ ആം ഫാദർ..." അവൻ തിരുത്തി, "നോ യു ആർ മദർ" എന്നിട്ട് അവൻ കൂടുതൽ ചേർന്നു കിടന്നു. അതേ ഹോസ്പിറ്റലിന്റെ മോർച്ചറിയിൽ കിടക്കുന്ന അമ്മയുടെ, മരണം അൽപ സമയത്തേക്ക് അവൻ മറന്നുപോയി. താൻ അച്ചൻ മാത്രമല്ല അമ്മ കൂടിയായതിന്റെ തിരിച്ചറിവിൽ കണ്ണുകലങ്ങിയ കുർബാനയായിരുന്നു അച്ചൻ അന്നർപ്പിച്ചത്.

## 2

തെരുവിലെ കുഞ്ഞുങ്ങൾ അവളെ വിളിക്കും ദീദീമാ... രാജസ്ഥാൻ, ബീഹാർ, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നും തെരുവ് കച്ചവടത്തിനായി വരുന്ന നാടോടികൾ തമ്പടിക്കുന്ന, മൈതാനത്തിലെ കുഞ്ഞുങ്ങൾക്ക് ചേച്ചിയമ്മയാണവൾ. അവർക്ക് അന്നം നല്കുന്ന അമ്മ. എന്നും കോളേജിൽ നിന്നും വരുന്ന ലക്ഷ്മി അടുത്ത ഫ്ളാറ്റുകളിലെ ആന്റിമാരോട് പറയും നാളെ ഒരു പൊതിച്ചോറ് തരാമോ? പത്തു-പതിനഞ്ച് ചോറുപൊതികളുമായി കോളേജിനടുത്തുള്ള മൈതാനത്തിലേക്ക് അവൾ പോകും. കുഞ്ഞനിയന്മാർക്കും അനുജത്തിമാർക്കും വാരിക്കൊടുക്കാൻ. ലക്ഷ്മി പറയും: "ദൈവത്തിന്റെ കുഞ്ഞുങ്ങളാണിവർ. നമ്മൾ, ശീതീകരിച്ച മുറിയിൽ പട്ടുമെത്തയിൽ പോലും ഉറങ്ങാൻ കഴിയാതെ അസ്വസ്ഥപ്പെടുമ്പോഴും, ഈ കുഞ്ഞുങ്ങൾ ഫുട്പാത്തിൽ വിരിച്ച പുൽപായിൽ നിറഞ്ഞ ആകാശം കണ്ട് നിറമുള്ള സ്വപ്നങ്ങളിൽ ഉറങ്ങുന്നു."

"നന്മകൾ ചെയ്യാൻ നല്ലൊരു മനസ്സുണ്ടായാൽമതി. പണം വേണമെന്നില്ല!"



# പേരിടാത്ത മൂന്ന് കഥകൾ



## 3

അഴുക്കുചാലിൽ 3 ദിവസം കിടന്ന മരണാസന്നനായ ഒരു രോഗിയെ ഒരിക്കൽ നിർമൽ സദനിലെത്തിച്ചു, അന്ന് ഇത്ര സൗകര്യങ്ങളില്ല..! മറ്റുള്ളവർ അറച്ച് മാറിയപ്പോഴും പുഴുക്കൾ അരിച്ച ആ ശരീരം കഴുകിവൃത്തിയാക്കി നല്ല വസ്ത്രം ധരിപ്പിച്ച് മടിയിൽ കിടത്തി തലയിൽ തലോടി ശ്രദ്ധയോടെ അയാളുടെ വായിലേക്ക് ഒരു സ്പൂണിൽ വെള്ളം ഒഴിച്ച് കൊടുക്കുമ്പോൾ അവസാനമായി അയാൾ മിഴിതുറന്നു നോക്കി. തന്നെ വാത്സല്യപൂർവം നോക്കുന്ന ആ കണ്ണുകളിലേയ്ക്ക് നോക്കി അയാൾ അവസാനമായി മൊഴിഞ്ഞു: "അമ്മാ നിങ്ങളാണെന്റെ ദൈവം".

"അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ." (മത്താ 5:16).



*1. മൂന്നു കഥകളും വായിച്ച്, ഉൾക്കൊണ്ട്, ഓരോ കഥയ്ക്കും യോജിച്ച പേരുകൾ നിർദേശിക്കുക?*

*2. മൂന്നാമത്തെ കഥയിൽ പറയുന്ന അമ്മ ആരാണെന്നു പറയാമോ?*

*3. ചലഞ്ച്: രണ്ടാമത്തെ കഥയിലെ ലക്ഷ്മിയെ പോലെ പണം മുടക്കാതെ നന്മ ചെയ്യാനുള്ള വഴികൾ നിർദേശിക്കാമോ? നിങ്ങൾ പരീക്ഷിച്ചു നോക്കിയ ആശയങ്ങൾ ആണെങ്കിൽ ഉത്തമം. നല്ല ആശയങ്ങൾ എല്ലാ കൊച്ചു കൂട്ടുകാർക്കും ചെയ്യാനായി മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്.*

***വിലാസം:*** *Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India. Email: aldrin.joseph@kairos.global Ph: 62382 79115*

# ചിരിയും ചിന്തയും

കാർട്ടൂൺ: ജോയ്സ് കെ.ജോസ്
ആശയം: ജോസ് കുര്യൻ



# ഫ്രണ്ട്സ് ഓഫ് കെയ്റോസ്



യുവജനങ്ങളുടെ ഭാവിയിൽ പ്രത്യാശയുള്ളവർ, അവരുടെ തകർച്ചയിൽ ആശങ്കയുള്ളവർ, അവരുടെ സ്നേഹക്കൂട്ടായ്മയാണ് ഫ്രണ്ട്സ് ഓഫ് കെയ്റോസ്. കെയ്റോസ് വഴിയുള്ള സുവിശേഷ പ്രഘോഷണത്തെ അവർ തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇതിനോടു ചേർന്നു പ്രവർത്തിക്കാൻ നിങ്ങളും ആഗ്രഹിക്കുന്നുവെങ്കിൽ അറിയിക്കുക. മാസം തോറും 200/500/1000/2000 എന്നിങ്ങനെ മാറ്റി വയ്ക്കുന്ന സംഖ്യകൾ യുവജനങ്ങളുടെ രക്ഷയിൽ വലിയ പങ്കു വഹിക്കുന്നുണ്ട്.

*നിങ്ങളുടെ സംഭാവനകൾ ഓൺലൈനായി അയക്കാൻ:*
**www.kairos.global**
*കൂടുതൽ വിവരങ്ങൾക്ക്:*
**റാണി ജോർജ് +91 9446563335**
**finance@kairos.global**

**കെയ്റോസ് മിനിസ്ട്രിയും ഇന്റർസെഷൻ മിനിസ്ട്രിയും സംയുക്തമായി നടത്തുന്ന നൈറ്റ് വിജിൽ**

# കെയ്റോസ് ഗ്രേഷ്യാ നൈറ്റ്



മാസത്തിലെ രണ്ടാം വെള്ളിയാഴ്ചകളിൽ.

നിങ്ങളുടെ പ്രാർഥനാ ആവശ്യങ്ങൾ ഞങ്ങളെ അറിയിക്കൂ, ഞങ്ങളുണ്ട് നിങ്ങൾക്കായി പ്രാർഥിക്കാൻ.

സ്ഥലം: എമ്മാവൂസ്, കളമശേരി
സമയം: 7:30 PM - 1:00 AM

ദയവായി ബന്ധപ്പെടുക:
**ആഷിൽ ജോസഫ്:** 97 444 908 17
prayer@kairos.global

# യൂത്ത് റിട്രീറ്റ്

**SVD പ്രാർഥനാ നികേതൻ**
**കടുത്തുരുത്തി, കോട്ടയം**

റവ.ഡോ. കുര്യൻ മറ്റത്തിലിന്റെ നേതൃത്വത്തിൽ ജീസസ് യുത്ത് ഒരുക്കുന്ന യുവജന ധ്യാനം എല്ലാമാസവും കടുത്തുരുത്തി SVD ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുന്നു. രണ്ടാം ശനിയാഴ്ചക്ക് തൊട്ടുമുൻപുള്ള വെള്ളിയാഴ്ച വൈകുന്നേരം തുടങ്ങി ഞായറാഴ്ച തീരുന്ന വിധത്തിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.

വിവരങ്ങൾക്ക്:
**80866 85404, 98478 37474**

**2019 DATES:**
JUN **7-9** \ JUL **12-14** \ AUG **9-11** \ SEP **3-15** \
OCT **11-13** \ NOV **8-10** \ DEC **13-15**

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2019-21
Date of publication: 01/06/2019. ₹50.00




## Kairos Global available in

PRINT

ONLINE

APP

www.kairos.global

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662